# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)

SUCI [C]

സംസ്ഥാന കമ്മിറ്റി മുഖപത്രം

2020 ഫെബ്രുവരി | വാല്യം 46 ലക്കം 11 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


# എൻആർസി–സിഎഎ വിരുദ്ധ സമരങ്ങൾ അടിച്ചമർത്തലിനെ അതിജീവിച്ച് മുന്നേറുന്നു

**അധികാരം കൈയാളുന്നവർ നടത്തുന്ന സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക ആക്രമണങ്ങളിൽ സാധാരണക്കാർക്ക് അസംതൃപ്തിയും രോഷവുമുണ്ടായിരുന്നു. എങ്കിലും അസാധാരണമായ ഒരു ശാന്തത നിലനിന്നിരുന്നു. അജ്ഞതയിലും നിഷ്ക്രിയത്വത്തിലും ജനങ്ങളെ തളച്ചിട്ടുകൊണ്ടും മതാന്ധതയും കെട്ടുകഥകളുംകൊണ്ട് അവരെ ഉന്മത്തരാക്കിയും പ്രക്ഷോഭണങ്ങളിൽനിന്ന് അവരെ അകറ്റിനിർത്താനുള്ള കുടില തന്ത്രങ്ങളാണ് മുതലാളിവർഗ്ഗം പയറ്റിക്കൊണ്ടിരുന്നത്.**




**മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കുന്ന സിഎഎ-എൻആർസി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 13ന് രാജ്ഭവനിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച്**

സഹനത്തിന്റെയും കീഴടങ്ങലിന്റെയും അവസ്ഥയിൽ ജനങ്ങൾ ചിരകാലം കഴിയുമെന്നവർ കരുതി. പക്ഷെ, അത് വാസ്തവമായിരുന്നെങ്കിൽ ചരിത്രം മാറ്റിയെഴുതേണ്ടിവന്നേനെ എന്നവരറിയുന്നില്ല. ഭരണവർഗ്ഗവും അവരുടെ സേവകരും ഇപ്പോഴും കരുതുന്നത്, തങ്ങളുടെ കൗശലവും വഞ്ചനയും ക്രൂരതയും ആയുധബലവുംകൊണ്ട് ജനേച്ഛയെയും ജനമുന്നേറ്റത്തെയും അടിച്ചമർത്താമെന്നു തന്നെയാണ്. ചരിത്രത്തിന്റെ കർക്കശമായ നിയമങ്ങളെ വഴിതിരിച്ചുവിട്ട് തങ്ങളുടെ ആധിപത്യം തുടർന്നുകൊണ്ടുപോകാമെന്ന മൂഢവിശ്വാസത്തിലാണവർ. ഒരു അഗ്നിപർവ്വതത്തിന്റെ കവാടം മൂടി കൊണ്ടടയ്ക്കാൻ ശ്രമിക്കുന്നതുപോലെയാണ് തങ്ങളുടെ പ്രവൃത്തിയെന്നവർ മനസ്സിലാക്കുന്നില്ല. അമർത്തിവയ്ക്കപ്പെട്ട ജനരോഷത്തിന്റെ വിസ്ഫോടനത്തിൽ ഈ മൂടികളൊക്കെ ചിതറിത്തെറിക്കുമെന്നും അതിന്റെ പ്രവാഹത്താൽ ഈ ചൂഷകവാഴ്ചയുടെ ചങ്ങലക്കെട്ടുകൾ തകർത്തെറിയപ്പെടുമെന്നും അവർ അറിയുന്നില്ല.

ഭരണകൂടാധികാരത്തിനു മേൽ ചേക്കേറിയിരുന്ന ആർഎസ്എസ്-ബിജെപി പ്രഭൃതികളും അവരുടെ യജമാനന്മാരായ മുതലാളി വർഗ്ഗവും, ഇത്രകാലം നിദ്രാവസ്ഥയിലായിരുന്ന ആ അഗ്നിപർവ്വതത്തിന്റെ വിസ്ഫോടനത്തിന്റെ ചൂടറിയുകയാണ്. വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന സാമ്പത്തിക ആക്രമ

*(ശേഷം 2-ാം പേജിൽ)*

# കേന്ദ്ര ബജറ്റ് മുതലാളിത്താനുകൂലവും ജനവിരുദ്ധവും

**കേ**ന്ദ്ര ധനകാര്യമന്ത്രിയുടെ സുദീർഘമായ ബജറ്റവതരണം, സാധാരണ ജനങ്ങളുടെ എണ്ണമറ്റ ദുരിതങ്ങൾ പരിഗണിക്കാതെയും അവരുടെ ജീവിത പ്രശ്നങ്ങളിലൊന്നുപോലും അഭിമുഖീകരിക്കാതെയുമുള്ള ഒളിച്ചോട്ടമാണെന്ന് എസ്‌യുസിഐ (സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പ്രസ്താവിച്ചു. നെടുങ്കൻ ബജറ്റ് പ്രസംഗം നിറയെ തട്ടിപ്പ് പ്രഖ്യാപനങ്ങളും അപഹാസ്യമായ ശുഭപ്രതീക്ഷകളും മാത്രമാണുണ്ടായിരുന്നത്. എന്നുമാത്രമല്ല, ദുസ്സഹമായ വിലക്കയറ്റം, ഇന്ധനവിലയിലെ നിരന്തര വർദ്ധന, കുതിച്ചുയരുന്ന തൊഴിലില്ലായ്മ, ഭീമമായ തൊഴിൽ നഷ്ടം, വ്യവസായങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടൽ, സാധാരണക്കാരുടെ വരുമാനത്തിലുണ്ടാകുന്ന തുടർച്ചയായ ഇടിവ്, ഡിമാന്റ് കുറയൽ, ഉപഭോക്തൃ ചിലവിലുണ്ടാകുന്ന താഴ്ച, കർഷകർക്ക് ന്യായവില ലഭിക്കായ്ക, വർദ്ധിച്ചുവരുന്ന പണപ്പെരുപ്പവും മാന്ദ്യവും, കോർപ്പറേറ്റുകളോട് കാണിക്കുന്ന അതിരുകടന്ന ഔദാര്യവും നികുതിപിരിവ് സംവിധാനത്തിലെ അഴിമതിയും മൂലം റവന്യൂവരുമാനം അടിക്കടി കുറയുന്നത്, സുപ്രധാന മേഖലകളിലെ ഉല്പാദനക്ഷമമായ നിക്ഷേപത്തിന്റെ അഭാവം, വ്യവസായ കുടുംബങ്ങൾക്ക് തുടർച്ചയായി പലിശനിരക്ക് കുറച്ചുകൊടുത്തിട്ടും ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിൽ പ്രകടമാകുന്ന വൈമുഖ്യം, പൊതുക്കാര്യങ്ങൾക്ക് പണം ചെലവഴിക്കുന്നതിൽ ഗവൺമെന്റുകൾ കാണിക്കുന്ന അനാസ്ഥ തുടങ്ങി സാമ്പത്തികരംഗം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്കൊന്നും തന്റെ ഗവൺമെന്റിന് ഒരു പരിഹാരവും നിർദ്ദേശിക്കാനില്ല എന്ന് ധനകാര്യമന്ത്രി വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനമെന്ന സിദ്ധാന്തം ഉദ്ഘോഷിക്കുമ്പോൾത്തന്നെ, രാജ്യത്തെ 1% വരുന്ന അതിസമ്പന്നരുടെ കൈയിൽ രാജ്യത്തിന്റെ സമ്പത്ത് ഏതാണ്ട് മുഴുവനായിത്തന്നെ കുമിഞ്ഞുകൂടുകയും 70 % വരുന്ന തൊഴിലാളികളും കർഷകരും ഇടത്തരക്കാരുംവരെയുള്ള സാധാരണക്കാർ പാപ്പരാകുകയും ദാരിദ്ര്യത്തിൽ കഴിയേണ്ടിവരുകയും ചെയ്യുന്നതെന്തുകൊണ്ട് എന്നതിനും ധനകാര്യമന്ത്രിക്ക് വിശദീകരണമൊന്നുമില്ല. സ്ഥൂലതലത്തിലെ സാമ്പത്തിക സ്ഥിരത, ദാരിദ്ര്യ നിർമ്മാർജ്ജനം, വിവാദപരമായ കണക്കുകൾ എന്നിവയൊക്കെ അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി 10% സാമ്പത്തിക വളർച്ച അവകാശപ്പെടുമ്പോൾ, ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകളും മറ്റ് ലക്ഷണങ്ങളും ജീവിതത്തിന്റെ ദുസ്ഥിതിയും വെളിവാക്കുന്നത് ഇതിന് നേർവിപരീതമായ കാര്യങ്ങളാണ് എന്നതുകൊണ്ടുതന്നെ ധനകാര്യമന്ത്രി രാജ്യത്തെ ജനങ്ങളോട് കള്ളം പറയുകയായിരുന്നു എന്ന് വ്യക്തമാണ്. എൽഐസി അടക്കമുള്ള പൊതുമേഖലയുടെ വൻതോതിലുള്ള ഓഹരി വിറ്റഴിക്കലും റെയിൽവേയിലും മറ്റും പൊതു-സ്വകാര്യ പങ്കാളിത്തത്തിന് നൽകുന്ന ഊന്നലും സ്വകാര്യവൽക്കരണ പദ്ധതി ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകുന്നു എന്ന് വ്യക്തമാക്കുന്നതാണ്. വിദ്യാഭ്യാസംപോലെ സുപ്രധാനമായൊരു പൊതുജനക്ഷേമ രംഗം നേരിട്ടുള്ള വിദേശനിക്ഷേപത്തിന് തുറന്നുകൊടുത്തുകൊണ്ട് വാണിജ്യവൽക്കരണവും മുന്നോട്ടുകൊണ്ടുപോകുകയാണ്. സുഗമമായ ബിസിനസ് നടത്തിപ്പിന് എന്ന പേരിൽ കോർപ്പറേറ്റുകൾക്ക് വീണ്ടും കുറേയേറെ നികുതിയിളവുകൾ പ്രഖ്യാപിക്കുമ്പോൾ, വ്യക്തിഗത വരുമാന നികുതിയിൽ കുറവുവരുത്തിയെന്ന് പറയുന്നതാകട്ടെ, നികുതിയിളവിനുള്ള നിലവിലെ നിക്ഷേപ പദ്ധതികൾ നിരാകരിച്ചുകൊണ്ടുള്ളതുമാണ്. ആഗോളമാന്ദ്യത്തിന്റെ വേളയിലും ഇന്ത്യൻ സമ്പദ്ഘടന ശക്തമായ വളർച്ച കൈവരിക്കുമെന്ന് വീമ്പിളക്കിക്കൊണ്ടിരുന്ന സർക്കാർ വിലാസം സാമ്പത്തിക വിദഗ്ധരും കോളമെഴുത്തുകാരുമൊക്കെ ഇപ്പോൾ, നിരാശാജനകമായ ഇന്ത്യൻ സമ്പദ് രംഗത്തിന് ആഗോള തലത്തിലെ ദുർബലമായ സാമ്പത്തിക സ്ഥിതിയാണ് കാരണമെന്ന് ന്യായീകരണം കണ്ടെത്തുകയാണ്.

ചുരുക്കത്തിൽ, തെരഞ്ഞെടുപ്പിന് മുമ്പ് ജനങ്ങൾക്ക് ധാരാളം വാഗ്ദാനങ്ങൾ നൽകിയിരുന്നെങ്കിലും മുതലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയകാര്യസ്ഥന്മാരായ ബിജെപി ഗവൺമെന്റ് അവരുടെ യജമാനന്മാരെ സേവിക്കാനുദ്ദേശിച്ചുള്ള ഒരു ബജറ്റ് തന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങളെ അവർ പരിഗണിക്കുന്നതേയില്ല. അതുകൊണ്ടുതന്നെ ജീവിത ദുരിതങ്ങൾക്ക് യാതൊരറുതിയും ഉണ്ടാകാൻ പോകുന്നില്ല. ഈ വഞ്ചനയ്ക്കെതിരെ സംഘടിത സമരം പടുത്തുയർത്തുക മാത്രമേ ജനങ്ങളുടെ മുമ്പിൽ പോംവഴിയുള്ളൂ. ■


പേജ് 7 — വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

പേജ് 12 — മേധാ പട്കർ നയിച്ച മഹാറാലിയും പൗരസംഗമവും

പേജ് 15 — എഐഡിഎസ്ഒ: ജനാധിപത്യ-മതേതര സംരക്ഷണ വാരാചരണം

# എൻആർസി-സിഎഎ വിരുദ്ധ പ്രക്ഷോഭം മോദി ഭരണത്തിനെതിരെ രാജ്യമെമ്പാടും ഉരുണ്ടുകൂടിയ ജനരോഷത്തിന്റെ പ്രതിഫലനം

(1-ാം പേജിൽ നിന്ന്)




ണങ്ങൾ, നോട്ട് നിരോധനത്തിന്റെയും ജിഎസ്ടിയുടെയും വിനാശ ഫലങ്ങൾ, രൂക്ഷമായ വിലക്കയറ്റം, ഇന്ധന വിലവർദ്ധനവ്, ബാങ്ക്-ചെറുകിട നിക്ഷേപങ്ങളുടെ പലിശയിലെ വെട്ടിക്കുറവ്, കോർപ്പറേറ്റ് കുടുംബങ്ങൾക്കായുള്ള എണ്ണമറ്റ നികുതിയിളവുകളും സഹായ പദ്ധതികളും, വ്യവസായ ഭീമന്മാരുടെയും തട്ടിപ്പുകാരുടെയും വൻബാങ്ക് വായ്പകളുടെ എഴുതിത്തള്ളൽ, കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവിലപോലും ഉറപ്പാക്കാത്തത്, വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യകൾ, പെരുകി വരുന്ന തൊഴിലില്ലായ്മയും ജോലിനഷ്ടങ്ങളും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക കുറ്റകൃത്യങ്ങളിലെ പെരുപ്പം, പശുവിന്റെ പേരിലുള്ള ആൾക്കൂട്ട കൊലപാതകങ്ങൾ, വ്യാപകമാകുന്ന അഴിമതി എന്നുവേണ്ട ഇത്തരം നൂറുകൂട്ടം വിഷയങ്ങളുടെമേൽ ജനങ്ങളുടെ മനസ്സിൽ അസംതൃപ്തി പടർന്നുകൊണ്ടിരിക്കുകയായിരുന്നു. ഉരുണ്ടുകൂടിവരുന്ന ഈ അസംതൃപ്തിയെക്കുറിച്ച് ഭരണാധികാരികൾ ബോധവാന്മാരായിരുന്നു. നീറുന്ന ഈ ജീവിത പ്രശ്നങ്ങളിൽനിന്നും സാമ്പത്തിക രംഗത്തിന്റെ തകർച്ചയിൽനിന്നും ജനശ്രദ്ധതിരിച്ചുവിടാനും മുതലാളിമാർക്കുവേണ്ടി മാത്രമുള്ള അത്യന്തം ജനവിരുദ്ധമായ ബിജെപി-ആർഎസ്എസ് സംഘത്തിന്റെ ഭരണനയങ്ങൾക്കെതിരെയുള്ള യോജിച്ച ജനകീയ സമരങ്ങളെ തകർക്കാനും സംഘപരിവാർ നിരവധി കുത്സിത പ്രവൃത്തികൾ ആസൂത്രണം ചെയ്തുവരികയാണ്. പൊരുതുന്ന ജനങ്ങളുടെ ഐക്യത്തെ നെടുകെ പിളർത്താനായി സങ്കുചിത ജാതി-മത വൈരം വളർത്തിയെടുക്കാനും നല്ല നാളെയെക്കുറിച്ചുള്ള പൊള്ളയായ വാഗ്ദാനങ്ങൾ നൽകി ദേശീയഭ്രാന്ത് സൃഷ്ടിച്ചെടുക്കാനും ഭ്രാന്തവും വിജ്ഞാന വിരുദ്ധവുമായ ആശയങ്ങളുടെ വ്യാപനംവഴി ജനങ്ങളുടെ ചിന്തയുടെ മുനയൊടിക്കാനും ശാസ്ത്രീയ ചിന്താഗതിയെയും യുക്തിപരമായ വിശകലന രീതിയെയും തകർക്കാനും ആഭാസകരമായ വ്യക്തിവാദം വളർത്തിയെടുത്ത് സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്നതിൽനിന്ന് ജനങ്ങളെ അകറ്റാനുമൊക്കെ ലക്ഷ്യമിട്ടായിരുന്നു ഈ ഹീനപദ്ധതികൾ. ഈ കുടില നീക്കങ്ങൾ ഫലം കാണുന്നുണ്ടെന്നും അയൽരാജ്യത്തിന്റെ വ്യോമാതിർത്തി ലംഘിച്ച് നടത്തിയ 'സർജിക്കൽ സ്ട്രൈക്ക്' വഴി അഭിമാന വിജൃംഭിതരായ ജനങ്ങൾ, തങ്ങളുടെ പ്രാഥമികാവശ്യങ്ങൾ പോലും നിറവേറുന്നില്ലെന്നും സമ്പത്തു മുഴുവൻ ചെറിയൊരു ന്യൂനപക്ഷം അതിസമ്പന്നരിലേക്ക് മാത്രം പോകുകയാണെന്നുമുള്ള വസ്തുത വിസ്മരിക്കുന്നുവെന്നുമാണവർ കരുതുന്നത്. സഭയിലെ മൃഗീയ ഭൂരിപക്ഷം തങ്ങൾക്കിഷ്ടമുള്ളതെല്ലാം ചെയ്യാനുള്ള സമ്മതമാണെന്ന് കരുതിയ അവരുടെ അധികാര ഗർവ്വിന്റെയും മിഥ്യാസങ്കല്പങ്ങളുടെയും കുമിളകൾ പൊട്ടാൻ തുടങ്ങുകയാണ്. എൻആർസി പ്രക്രിയയുടെ ബീഭത്സവശം വെളിവാകുകയും സ്വന്തം രാഷ്ട്രത്തിൽ പൗരത്വം നഷ്ടപ്പെടുമോയെന്ന ആധി മുറുകുകയും ചെയ്തതോടെ ജനങ്ങളിൽ പ്രതിഷേധത്തിന്റെ തിരികൊളുത്തപ്പെടുകയും പെട്ടെന്നുതന്നെ അത് തീ പോലെ പടരുകയും ചെയ്തു. ഈ പ്രക്ഷോഭണങ്ങളെ ഒതുക്കുന്നതിനായി, തീർത്തും അനാവശ്യമായ സിഎഎ തിടുക്കത്തിൽ പാസ്സാക്കിയെടുക്കാനാണ് ബിജെപി സർക്കാർ ശ്രമിച്ചത്. അതാകട്ടെ, വർദ്ധിച്ച അളവിൽ പ്രക്ഷോഭണത്തിൽ പങ്കെടുത്തുകൊണ്ടിരുന്നവരുടെ ഇടയിൽ ഹിന്ദു-മുസ്ലീം എന്ന ഒരു വിള്ളൽ സൃഷ്ടിക്കാനും മുസ്ലീം ഇതരർക്ക് പൗരത്വം നൽകുന്നു എന്ന് ഭാവിച്ചുകൊണ്ട് ഹിന്ദുവികാരത്തെ സ്വാധീനിക്കാനുമായിരുന്നു.

പക്ഷെ, അവരുടെ ഈ കളി നടന്നില്ലെന്ന് മാത്രമല്ല എൻആർസിക്കെതിരായ പ്രക്ഷോഭം കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ട് രാജ്യമാസകലം വ്യാപിക്കുകയും സിഎഎ പിൻവലിക്കുക എന്ന മുദ്രാവാക്യം അതിലുൾപ്പെടുത്തപ്പെടുകയും ചെയ്തു. ഒരു രാഷ്ട്രീയ കക്ഷിയുടെയും ആഹ്വാനമില്ലാതെതന്നെ സ്വയമേവ പൊട്ടിപ്പുറപ്പെട്ട ഈ പ്രക്ഷോഭണങ്ങൾ പുതിയ ചരിത്രമെഴുതുകയാണ്. വിദ്യാർത്ഥികൾ ചോരചൊരിയുന്നു. കൊടുംതണുപ്പിനെപ്പോലും വകവയ്ക്കാതെ സ്ത്രീകൾ സമരരംഗത്തേക്കിരച്ചുവരുന്നു. 23 ദിവസം പ്രായമായ കൈക്കുഞ്ഞിനെയുമേന്തി ഡൽഹി ഷഹീൻബാഗ് സമരവേദിയിൽ അണിചേർന്ന ഇടത്തരം വീട്ടിൽനിന്നുള്ള ഒരു യുവതിയുടെ ചിത്രം എല്ലാവരുടെയും മനസ്സിൽ തറയ്ക്കുന്നതായിരുന്നു. എൺപത് കഴിഞ്ഞ ഒരു സ്ത്രീ സമരത്തിൽ പങ്കെടുത്തുകൊണ്ട്, സ്വന്തം പൗരത്വം തന്നിൽനിന്ന് എടുത്തുകളഞ്ഞാലും തന്റെ രക്തസാക്ഷിത്വം തന്നിൽനിന്ന് എടുത്തുകളയാനാവില്ല എന്ന് പറഞ്ഞു. പോണ്ടിച്ചേരി സർവ്വകലാശാലയുടെ ബിരുദദാനച്ചടങ്ങിൽ സ്വർണ്ണമെഡൽ നേടിയ വിദ്യാർത്ഥിനി എൻആർസി-സിഎഎ വിരുദ്ധ സമരത്തിന്റെ ഭാഗമായി അത് തിരസ്കരിച്ചുകൊണ്ട് വലിയ ചലനം സൃഷ്ടിച്ചു. ബിരുദ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിനിടെ ജാദവ്പൂർ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിനി സിഎഎയുടെ പകർപ്പിൽ നിന്നൊരു താൾ കീറിയെറിഞ്ഞുകൊണ്ട് തന്റെ പ്രതിഷേധം പ്രകടിപ്പിച്ചു. ഡൽഹി ഐഐടിയിൽനിന്നും റിട്ടയർ ചെയ്ത ഒരു പ്രൊഫസറും മകളും ചേർന്ന് എൻആർസിയെയും-സിഎഎയെയും വിശദീകരിക്കുന്ന ലഘുലേഖകൾ തെരുവിൽ വിതരണം ചെയ്യുന്നതും നാം കണ്ടു. അധികാരത്തിലുള്ളവരുടെ ഒത്താശയിൽ ഭുവനേശ്വറിൽ പുതുവത്സരാഘോഷം നടക്കുന്നതിനിടെ, നൂറുകണക്കിന് വിദ്യാർത്ഥികൾ സമരവേദിയിലണിനിരക്കുകയായിരുന്നു. 1970 കളിലെ ജയപ്രകാശ് നാരായണന്റെ പ്രക്ഷോഭണത്തിന് ശേഷം ഇത്രവ്യാപകമായ ജനകീയ ഉയിർത്തെഴുന്നേൽപ്പ് രാജ്യത്ത് ദൃശ്യമായിട്ടില്ല.

### സമരത്തെ മുന്നോട്ട് നയിച്ചത് യുവചേതന

ഈ സമരത്തിന്റെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകത, യുവജന സമൂഹത്തിന്റെ വമ്പിച്ച പങ്കാളിത്തമാണ്. ഊർജ്ജസ്വലരായ യുവാക്കളും യുവതികളും സമരത്തിന്റെ മുൻനിരയിലേക്കുവന്നു. വിദ്യാർത്ഥിനികൾ പ്രദർശിപ്പിച്ച ധൈര്യം സ്തുത്യർഹമായിരുന്നു. കൊടിയ മർദ്ദനം ഏൽക്കേണ്ടിവന്നിട്ടുപോലും സമരത്തെ മുന്നോട്ടു നയിക്കുന്നതിൽ അവർ അങ്ങേയറ്റത്തെ നിശ്ചയദാർഢ്യം പ്രകടിപ്പിച്ചു. ചോരയൊലിക്കുന്ന ശിരസ്സോടെയുള്ള അവരുടെ ചിത്രം നാടിന്റെ ജനാധിപത്യ മനസ്സിനെ പിടിച്ചുലച്ചു. പ്രക്ഷോഭ പാതയിലെ മഞ്ഞുരുക്കുന്നതിനായുള്ള ഇവരുടെ അന്യാദൃശ്യമായ മുൻകൈയെ ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു. അദ്ധ്യാപകരും ശാസ്ത്രജ്ഞരും ചരിത്രകാരന്മാരും ഡോക്ടർമാരും നിയമജ്ഞരും എഴുത്തുകാരും പത്രപ്രവർത്തകരും സാമൂഹിക-പൗരാവകാശ പ്രവർത്തകരും സിനിമാ പ്രവർത്തകരും നോബൽ സമ്മാനം വരെയുള്ള അന്താരാഷ്ട്ര പുരസ്കാരം നേടിയവരുമൊക്കെയടങ്ങുന്ന ബുദ്ധിജീവി സമൂഹം സാധാരണക്കാരോടും കർഷകരോടും തൊഴിലാളികളോടും ചേർന്നുനിന്നുകൊണ്ട് സർക്കാരിന്റെ കണ്ണുരുട്ടലുകളെ തെല്ലും വകവയ്ക്കാതെ പ്രക്ഷോഭണത്തെ മുന്നോട്ട് കൊണ്ടുപോയി.




**ജനുവരി 13ന് രാജ്ഭവനിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു**

വഞ്ചനയുടെയും തെറ്റിദ്ധരിപ്പിക്കലിന്റെയും നയങ്ങൾ കൊണ്ട് ഭാരത യുവത്വത്തെ ഇനി വഴിതെറ്റിക്കാനാവില്ലെന്നും അശാസ്ത്രീയവും യുക്തിഹീനവുമായ ചിന്താഗതികൾ പ്രചരിപ്പിച്ച് അവരെ സാമൂഹികോത്തരവാദിത്വത്തിൽ നിന്നകറ്റി നിർത്താനും കഴിയില്ലെന്ന വസ്തുത അങ്ങനെ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ബിജെപി-ആർഎസ്എസ് സംഘത്തിന്റെ പദ്ധതികളെ ചെറുപ്പക്കാരുടെ ഈ മുന്നേറ്റം തകിടംമറിച്ചിരിക്കുന്നു. ബിജെപി സർക്കാരും കാവിപ്പടയും തങ്ങളുടെ ഫാസിസ്റ്റ് സത്വത്തിന്റെ പല്ലും നഖങ്ങളും വെളിവാക്കിക്കൊണ്ട് ഈ പ്രക്ഷോഭണങ്ങളുടെമേൽ വന്യമായ ക്രൗര്യത്തോടെ ചാടിവീഴാൻ തെല്ലും അമാന്തിക്കുന്നില്ല.

### സർവ്വകലാശാല വിദ്യാർത്ഥികൾക്കുമേലുള്ള കടന്നാക്രമണം

പ്രക്ഷോഭരംഗത്തുള്ള വിദ്യാർത്ഥികളെ ആക്രമിക്കുന്നതിന്റെ ആദ്യ പടിയായി അവർ ഡൽഹിയിലെ ജാമിയ മിലിയ സർവ്വകലാശാല തെരഞ്ഞെടുത്തു. ഭയാനകമായിരുന്നു അതിന്റെ പരിണതി. അവിടുത്തെ വിദ്യാർത്ഥികൾ എൻആർസിക്കും സിഎഎയ്ക്കുമെതിരെ സമാധാനപരമായ നിരവധി പ്രതിഷേധങ്ങളും പ്രകടനങ്ങളും നടത്തിയിരുന്നു. അവരോട് കണക്കുതീർക്കാൻ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡൽഹി പോലീസ്, ഡിസംബർ 15ന്റെ രാത്രിയിൽ ജാമിയ മിലിയ സർവ്വകലാശാലയിൽ കടന്നുകയറുകയും ലൈബ്രറിക്കകത്ത് പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളെയടക്കം മൃഗീയമായി ആക്രമിക്കുകയും ചെയ്തു. ഹോസ്റ്റൽ അന്തേവാസികളെ മുറിക്ക് പുറത്തേക്ക് വലിച്ചിഴയ്ക്കുകയും ഗുരുതരമായ പരിക്കുണ്ടാകുന്ന വിധത്തിൽ മർദ്ദിക്കുകയും ചെയ്തു. വിദ്യാർത്ഥികളോട് പുറത്തിറങ്ങാൻ അലറിവിളിച്ച പോലീസ് വിദ്യാർത്ഥിനികളെയും വെറുതെ വിട്ടില്ല. സർവ്വകലാശാല വൈസ് ചാൻസലർ പിന്നീട് പത്രസമ്മേളനത്തിൽ പറഞ്ഞത് അനുമതിയില്ലാതെയാണ് പോലീസ് ക്യാമ്പസിൽ കയറിയതെന്നും വിദ്യാർത്ഥികളെ അങ്ങേയറ്റം ഭീകരമായാണ്

(ശേഷം 3-ാം പേജിൽ)

> **പൊരുതുന്ന ജനങ്ങളുടെ ഐക്യം തകർക്കാനായി സങ്കുചിത ജാതി-മത വൈരം വളർത്തിയെടുക്കാനും പൊള്ളയായ വാഗ്ദാനങ്ങൾ നൽകി ദേശീയഭ്രാന്ത് സൃഷ്ടിച്ചെടുക്കാനും ഭ്രാന്തവും വിജ്ഞാന വിരുദ്ധവുമായ ആശയങ്ങളുടെ വ്യാപനംവഴി ജനങ്ങളുടെ ചിന്തയുടെ മുനയൊടിക്കാനും ശാസ്ത്രീയ ചിന്താഗതിയെ തകർക്കാനും ആഭാസകരമായ വ്യക്തിവാദം വളർത്തിയെടുത്ത് സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്നതിൽനിന്ന് ജനങ്ങളെ അകറ്റാനുമൊക്കെ ലക്ഷ്യമിട്ട് ബിജെപി-ആർഎസ്എസ് ഭരണം പദ്ധതികൾ ആവിഷ്കരിക്കുന്നു**

ഫെബ്രുവരി
4

# ഷഹീൻ ബാഗ് ഐക്യദാർഢ്യദിനമായി എഐഎംഎസ്എസ് ആചരിച്ചു




ഐക്യദാർഢ്യ ദിനത്തോടനുബന്ധിച്ച് കർണ്ണാടകയിലെ ധർവാറിൽ നടന്ന പ്രകടനം

**പൗ**രത്വനിയമഭേദഗതിക്കെതിരെ സ്ത്രീകളുടെ മുൻകൈയിൽ നടന്നുവരുന്ന പ്രക്ഷോഭങ്ങളുടെ കേന്ദ്രസ്ഥാനമാണ് ഷഹീൻബാഗ്. രണ്ടുമാസമായി കൊടുംമഞ്ഞിനെ വകവയ്ക്കാതെ സ്ത്രീപുരുഷ-ജാതിമതഭേദമെന്യേ ജനങ്ങൾ ഒത്തുകൂടുന്നിടമായി ഷഹീൻബാഗ് മാറിയിരിക്കുന്നു. ഷഹീൻബാഗിൽനിന്ന് ആവേശമുൾക്കൊണ്ടുകൊണ്ട് ഇന്ന് ഇന്ത്യയിൽ നിരവധി ഇടങ്ങളിൽ സ്ത്രീകൾ അനിശ്ചിതകാല സമരത്തിലാണ്. കൽക്കത്തയിലെ പാർക് സർക്കസ്, ലക്നൗ, മുംബൈ, ബീഹാർ ഇവ ചില ഉദാഹരണങ്ങൾ മാത്രം. അടുക്കളകളിൽനിന്ന് സ്ത്രീകൾ ആയിരങ്ങളായി ലക്ഷങ്ങളായി തെരുവിലേയ്ക്കിറങ്ങിക്കൊണ്ടിരിക്കുന്ന ആവേശകരമായ കാഴ്ചയാണ് ഇന്ന് ഇന്ത്യയെമ്പാടും. ഈ പൊരുതുന്ന സ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ഷഹീൻബാഗിന്റെ അമ്പതാംദിവസം, ഫെബ്രുവരി 4ന് ഐക്യദാർഢ്യദിനമായി ആചരിച്ചു. അഖിലേന്ത്യ പ്രസിഡന്റ് കെയാ ഡേ, ജനറൽ സെക്രട്ടറി ഛബി റാണി മൊഹന്തി, മഹുവ നന്ദ എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം ഷഹീൻബാഗിലെത്തി പിന്തുണ അറിയിച്ചു. എഐഎംഎസ്എസ് നേതാക്കൾ കൽക്കത്തയിലെ പാർക്സർക്കസ് സമരത്തിലും സഹകരിക്കുന്നു. ഐക്യദാർഢ്യ ദിനം ആചരിച്ചുകൊണ്ട് എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം തുടങ്ങി വിവിധ ജില്ലകളിൽ പരിപാടികളും സംഘടിപ്പിച്ചു. ■




ഐക്യദാർഢ്യ ദിനത്തോടനുബന്ധിച്ച് എറണാകുളത്ത് നടന്ന വാഹന പ്രചാരണ ജാഥയിൽ സഖാവ് കെ.കെ.ശോഭ പ്രസംഗിക്കുന്നു

(2-ാം പേജിൽ നിന്ന്)

അവർ മർദ്ദിച്ചതെന്നുമാണ്. വിദ്യാർത്ഥി പ്രക്ഷോഭം സമാധാനപരമായിരുന്നു എന്നും ഉന്നതതല അന്വേഷണം ഇതിലാവശ്യമാണെന്നും അവർ വിദ്യാർത്ഥികളോടൊപ്പം നിന്നുകൊണ്ട് പ്രസ്താവിച്ചു.




മാദ്ധ്യമങ്ങളും പോലീസ് അതിക്രമത്തിന്റെ വ്യാപ്തിയെന്തെന്ന് കാണിച്ചു. ഒടിവുകളും പൊളിഞ്ഞ ശിരസ്സുകളുമായി നൂറുകണക്കിന് വിദ്യാർത്ഥികളെ സമീപ പ്രദേശത്തെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ആഴത്തിൽ മുറിവേൽക്കുകയും തല പിളരുകയും ചെയ്ത വിദ്യാർത്ഥികളുൾപ്പെടെ നൂറ്റമ്പതോളം പേരെ കള്ളക്കേസ് ചുമത്തി പോലീസ് കസ്റ്റഡിയിൽ വച്ചു. മണിക്കൂറുകൾക്ക് ശേഷവും അവരെ മെഡിക്കോ-ലീഗൽ കേസ് പരിശോധനയ്ക്കായി കൊണ്ടുപോയില്ല. ആശുപത്രിയിലാക്കിയവരെ ചികിത്സ കഴിയുന്നതിന് മുമ്പുതന്നെ കസ്റ്റഡിയിലെടുത്തു. ലൈബ്രറിയിൽവച്ച് ലാത്തിയടിയേറ്റ ഒരു വിദ്യാർത്ഥിയുടെ തല പിളർന്നിട്ടും ആശുപത്രിയിലാക്കാതെ കസ്റ്റഡിയിൽ വക്കുകയും ആവർത്തിച്ചുള്ള അഭ്യർത്ഥനകൾക്കുശേഷവും രക്തമൊഴുകുന്ന തലയോടെതന്നെ സ്റ്റേഷനിലെത്തിക്കുകയും ചെയ്തു. ബോധരഹിതനാകുമെന്ന ഘട്ടത്തിൽ മാത്രമാണ് പോലീസ് ആ വിദ്യാർത്ഥിയെ ഒരു സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയത്.

വിദ്യാർത്ഥികൾക്കുനേരെയുള്ള നിയന്ത്രണാതീതമായ ഈ അതിക്രമവും ചികിത്സപോലും നിഷേധിച്ചുകൊണ്ടുള്ള കസ്റ്റഡിയും നിരവധി നൈതിക-നിയമ പ്രശ്നങ്ങളുയർത്തി. ജീവനുമേലുള്ള അവകാശം പരമവും നിരുപാധികവുമാണെന്ന് ഏവർക്കുമറിയാം. വൈദ്യശുശ്രൂഷാരംഗത്തുള്ളവരുടെയും പോലീസിന്റെയും ഭരണഘടനാപരമായ ഉത്തരവാദിത്തമാണ് ജീവരക്ഷ ഉറപ്പാക്കുക എന്നത്. കസ്റ്റഡിയിലുള്ളവരുടെ സുരക്ഷ ഉറപ്പാക്കേണ്ടത് പോലീസിന്റെ ചുമതലയാണ്. സുപ്രീം കോടതിതന്നെ അർത്ഥ ശങ്കക്കിടയില്ലാത്തവിധം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര മനുഷ്യാവകാശ മാനദണ്ഡങ്ങളും പോലീസിന്റെ ഈ ധാർമ്മിക-നിയമ ബാധ്യതകളെ അടിവരയിട്ട് സൂചിപ്പിക്കുന്നുണ്ട്. പക്ഷെ, ബിജെപി ഭരണത്തിൻ കീഴിലുള്ള പോലീസിന് നാട്ടിലെ നിയമങ്ങൾക്കും അന്തർദ്ദേശീയ നിയമങ്ങൾക്കും പുല്ലുവിലയാണുള്ളത്.

അതേ രാത്രിതന്നെ യുപി പോലീസ് അലീഗഡ് മുസ്ലീം യൂണിവേഴ്സിറ്റി റെയ്ഡ് ചെയ്യുകയും അതേ കാടത്തം ആവർത്തിക്കുകയും ചെയ്തു. മാദ്ധ്യമങ്ങൾ പറയുന്നതനുസരിച്ച് ഡിസംബർ 15ന് രാത്രി 7.30 ഓടുകൂടി വിദ്യാർത്ഥികൾ എൻആർസിക്കും സിഎഎയ്ക്കും എതിരായ ഒരുസമാധാനപരമായ പ്രതിഷേധ സമരത്തിനായി യൂണിവേഴ്സിറ്റി ക്യാന്റീനിന്റെ പരിസരത്ത് അണിചേർന്നിരുന്നു. പ്രകടനം പ്രധാന കവാടത്തിലേക്കെത്തുന്ന ഘട്ടത്തിൽ ഗേറ്റിന് പുറത്ത് നിലയുറപ്പിച്ചിരുന്ന പോലീസും ആർഎഎഫ് ട്രൂപ്പുകളും ഇരുമ്പ് ഗേറ്റിനടുത്തേയ്ക്ക് ഇരച്ചെത്തി. വിദ്യാർത്ഥികളെ പ്രകോപിപ്പിക്കും വിധം സെക്യൂരിറ്റി സ്റ്റാഫ് അവരെ ഉപദ്രവിക്കാനും തുടങ്ങി. നൊടിയിടയ്ക്കുള്ളിൽ പോലീസ് വിദ്യാർത്ഥികൾക്കുനേരെ ഗ്യാസ് ഷെല്ലുകളും റബ്ബർ ബുള്ളറ്റുകളും ഗ്രനേഡുകളും മറ്റ് സ്ഫോടക വസ്തുക്കളും പ്രയോഗിക്കാൻ തുടങ്ങി. ഹോസ്റ്റലിനുള്ളിൽക്കടന്ന് ആൺ-പെൺ ഭേദമെന്യേ വിദ്യാർത്ഥികളെ മർദ്ദിക്കാനും തുടങ്ങി. ത്തീച്ചാർജ്ജ് ചെയ്ത് തുരത്തിയോടിക്കുകയും അവർക്കുനേരെ ടിയർഗ്യാസ് ഷെല്ലുകളും ഗ്രനേഡുകളും റബർ ബുള്ളറ്റുകളും വർഷിക്കുകയും ചെയ്തിരുന്നു. പോലീസ് വിദ്യാർത്ഥികൾക്ക് വൈദ്യസഹായം നിഷേധിക്കുകയും ആംബുലൻസ് ഡ്രൈവറെ ആക്രമിക്കുകയും ചെയ്തു. 60 വിദ്യാർത്ഥികൾക്ക് വിവിധ തരത്തിലുള്ള പരിക്കുകളേൽക്കുകയും അവരെ ക്യാമ്പസ് മെഡിക്കൽ കോളേജിലെ അത്യഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കേണ്ടി വരികയും ചെയ്തു. മൂന്ന് പേരെ ഐസിയുവിലും പ്രവേശിപ്പിക്കേണ്ടിവന്നു. ആശുപത്രി അധികൃതരാകട്ടെ അന്വേഷണ സംഘത്തിനോട് വിവരങ്ങളൊന്നും പങ്കുവയ്ക്കുവാൻ തയ്യാറായതുമില്ല. ചല ഡോക്ടർമാർ സൂചിപ്പിച്ചത് തലച്ചോറിനേറ്റ ക്ഷതം റബ്ബർ ബുള്ളറ്റുകൊണ്ടുള്ളതാകാമെന്നാണ്. ഗ്രനേഡ് പതിച്ചതുമൂലമുണ്ടായ പരിക്കുകാരണം ഒരു ഗവേഷക വിദ്യാർത്ഥിയുടെ കൈക്കുഴയ്ക്കു താഴെവച്ച് മുറിച്ചുമാറ്റേണ്ടി വന്നു. യുപി പോലീസിലെ നിലവിലുള്ള ഒരു ഉദ്യോഗസ്ഥനാണ് സർവ്വകലാശാല രജിസ്ട്രാറായിരിക്കുന്നതെന്ന വസ്തുത ഞെട്ടലുളവാക്കിയെന്നും അന്വേഷണസംഘം പറഞ്ഞു. വിദ്യാർത്ഥികളുടെ രക്ഷാധികാരിയുടേതല്ല മറിച്ച് കാഞ്ചിവലിക്കുന്നതിൽ ആനന്ദംകൊള്ളുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മാനസിക നിലയാണയാളിൽ ദൃശ്യമായതെന്നും ഒരു മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ കൂടിയായ അന്വേഷണ സംഘം തലവൻ ഹർഷ് മന്ദർ പറഞ്ഞു.

അവസാനം, ഇന്ത്യയിലെ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ജനുവരി അഞ്ചിന് ബിജെപി നേതൃത്വം അയച്ച മുഖംമൂടിയണിഞ്ഞ ഗുണ്ടാസംഘം വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും നേർക്ക് കിരാതമായ ആക്രമണമഴിച്ചുവിട്ടപ്പോൾ ഒന്നും ചെയ്യാതെ നോക്കിനിന്ന ഡൽഹി പോലീസ് തങ്ങൾക്ക് എത്രത്തോളം അധഃപതിക്കാമെന്ന് ലോകത്തിന് കാട്ടിക്കൊടുത്തു. അന്ന് വൈകിട്ട് 5 മണിയോടെ, ജെഎൻയു ടീച്ചേഴ്സ് അസോസിയേഷന്റെ സമാധാന മാർച്ച് അവസാനിക്കാറായ ഘട്ടത്തിലാണ് മുഖംമൂടിയണിഞ്ഞ ഒരു സംഘം ക്രിമിനലുകൾ ഹോസ്റ്റലുകൾ കയറിയിറങ്ങി വിദ്യാർത്ഥികളെ മർദ്ദിച്ചുകൊണ്ടിരിക്കുന്നു എന്ന വിവരം അവർക്കുകിട്ടിയത്. ആ സംഘം താമസിയാതെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ആക്രമിച്ചുകൊണ്ട് ഹോസ്റ്റലുകളിൽ താണ്ഡവമാടുന്നത് എല്ലാവരും കണ്ടു. കുറഞ്ഞത് 22 പേർക്കെങ്കിലും ഗുരുതരമായി പരിക്കേറ്റു എന്നാണറിഞ്ഞത്. സംഭവം റിപ്പോർട്ട് ചെയ്യാനെത്തിയ മാദ്ധ്യമ പ്രവർത്തകരെയും സംഘം വെറുതെ വിട്ടില്ല. അവരുടെ ക്യാമറകളും മറ്റ് ഉപകരണങ്ങളും ന

**എൻആർസിക്കെതിരായ പ്രക്ഷോഭം കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ട് രാജ്യമാസകലം വ്യാപിക്കുകയും സിഎഎ പിൻവലിക്കുക എന്ന മുദ്രാവാക്യം അതിലുൾപ്പെടുത്തപ്പെടുകയും ചെയ്തു. ഒരു രാഷ്ട്രീയ കക്ഷിയുടെയും ആഹ്വാനമില്ലാതെതന്നെ സ്വയമേവ പൊട്ടിപ്പുറപ്പെട്ട ഈ പ്രക്ഷോഭണങ്ങൾ പുതിയ ചരിത്രമെഴുതുകയാണ്. വിദ്യാർത്ഥികൾ ചോര ചൊരിയുന്നു. കൊടുംതണുപ്പിനെപ്പോലും വകവയ്ക്കാതെ സ്ത്രീകൾ സമരരംഗത്തേക്കിരച്ചുവരുന്നു.**

(ശേഷം 4-ാം പേജിൽ)

# പെൺകുട്ടികളും അമ്മമാരും പ്രദർശിപ്പിച്ച പോരാട്ടവീര്യം പ്രത്യാശയുണർത്തുന്നത്

(3-ാം പേജിൽ നിന്ന്)

ശിപ്പിച്ചു. ഒരു വനിതാ പ്രൊഫസർക്ക് തലക്കടിയേറ്റു, മറ്റൊരാൾക്ക് കല്ലേറും കിട്ടി. ഒരോ ഹോസ്റ്റലിലേയ്ക്കും ഈ സംഘം കടന്നുചെന്നു. “ഭാരത് മാതാ കീ ജയ്'', ''ജയ് ശ്രീറാം”,“ദേശദ്രോഹികളെ വെടിവെച്ചിടൂ” തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടാണീ തേർവാഴ്ച്ച അവർ നടത്തിയതെന്നാണ് ദൃക്സാക്ഷികൾ പറഞ്ഞത്. സ്ഥലത്തുണ്ടായിരുന്നിട്ടും വൈസ് ചാൻസലർ അക്രമത്തെ തടയാൻ സെക്യൂരിറ്റി സ്റ്റാഫിന് നിർദ്ദേശം നൽകിയില്ല. അക്രമികളുടെ ഹിതാനുവർത്തിയായ കാഴ്ച്ചക്കാരെപ്പോലെയാണ് ക്യാമ്പസിൽ നിലയുറപ്പിച്ചിരുന്ന പോലീസ് പെരുമാറിയത്. കാവിപ്പടയുടെ അക്രമിസംഘമെന്ന് വ്യക്തമാക്കപ്പെട്ട മുഖംമൂടിയണിഞ്ഞ ഈ ഗുണ്ടാസംഘം ഡൽഹി പോലീസിന്റെ ഒത്താശയോടെയാണ് ക്യാമ്പസിനുള്ളിൽ കടന്നതും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും തല്ലിച്ചതച്ചതും. അക്രമിസംഘത്തെ തടസ്സമേതുമില്ലാതെ പുറത്തെത്തിച്ച് രക്ഷപ്പെടുത്തിയതും പോലീസ് സഹായത്തോടെതന്നെ. ഡൽഹി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് ജെഎൻയുവിന്റെ മൂക്കിന് താഴെയായിട്ടും അക്രമികളിൽ ഒരാളെപ്പോലും പിടിച്ചില്ല. അധികാരത്തിലുള്ള പാർട്ടിയുടെ രാഷ്ട്രീയമെന്തെന്ന് ഇത് വെളിവാക്കിത്തന്നു. പ്രധാനമന്ത്രിയുടെയും ആഭ്യന്തര മന്ത്രിയുടെയും മനുഷ്യവിഭവ വികസനമന്ത്രിയുടെയുമൊക്കെ ഭീതിദമായ മൗനം ഹിന്ദുത്വക്യാമ്പിന്റെ കാലാൾപ്പടയുടെ പങ്കാണ് വ്യക്തമാക്കുന്നത്. ഒരു എബിവിപി നേതാവിന്റെ പങ്ക് പിന്നീട് സ്ഥിരീകരിക്കപ്പെട്ടു. അക്രമിസംഘത്തിലൊരാളെപ്പോലും പിടിക്കുന്നതിനോ തിരിച്ചറിയുന്നതിനോ മുമ്പുതന്നെ മർദ്ദനമേറ്റ വിദ്യാർത്ഥി നേതാക്കളെ പ്രതികളാക്കി പോലീസ് എഫ്ഐആർ തയ്യാറാക്കുകയും ചെയ്തു. അവിശ്വസനീയം!

### യുപിയിലെ അഭൂതപൂർവ്വമായ കാടത്തം

മുമ്പ് സൂചിപ്പിച്ചതുപോലെ എൻആർസി-സിഎഎ വിരുദ്ധ സമരം ചുരുങ്ങിയ സമയംകൊണ്ട് രാജ്യമാസകലം ഒരു വമ്പിച്ച പ്രക്ഷോഭണമായി വളർന്നുവന്നു. മുമ്പൈ, ചെന്നൈ, ഡൽഹി, ബംഗളൂരു, ലഖ്നൗ, അഹമ്മദാബാദ് തുടങ്ങിയയിടത്തെല്ലാം റാലികൾ നടക്കുകയും ആയിരക്കണക്കിനാളുകൾ തടവിലാകുകയും ചെയ്തു. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് യുപി, ഗുജറാത്ത്, കർണ്ണാടക എന്നിവിടങ്ങളിൽ സമരത്തെ അടിച്ചമർത്തുന്നതിനായി, പോലീസും മറ്റ് സൈനിക വിഭാഗങ്ങളും കടുത്ത ഹിന്ദു വർഗ്ഗീയ സംഘങ്ങളും അഴിച്ചുവിട്ട മൃഗീയാക്രമണങ്ങൾ എല്ലാ റെക്കോർഡുകളും ഭേദിക്കുന്നതായിരുന്നു. പ്രക്ഷോഭകർക്കുനേരെ യുപി പോലീസിന്റെ കിരാതാക്രമണം ഭരണകൂടം ആസൂത്രണം ചെയ്ത ഹിംസയോ, ഹീനമായ ഭരണകൂടഭീകരതയോ തന്നെയായിരുന്നു.

**ഈ സമരത്തിന്റെ പ്രത്യേകത, യുവജന സമൂഹത്തിന്റെ വമ്പിച്ച പങ്കാളിത്തമാണ്. ഊർജ്ജസ്വലരായ യുവാക്കളും യുവതികളും സമരത്തിന്റെ മുൻനിരയിലേക്കുവന്നു. വിദ്യാർത്ഥിനികൾ പ്രദർശിപ്പിച്ച ധൈര്യം സ്തുത്യർഹമായിരുന്നു. കൊടിയ മർദ്ദനം ഏൽക്കേണ്ടിവന്നിട്ടുപോലും സമരത്തെ മുന്നോട്ടു നയിക്കുന്നതിൽ അവർ നിശ്ചയദാർഢ്യം പ്രകടിപ്പിച്ചു. ചോരയൊലിക്കുന്ന ശിരസ്സോടെയുള്ള അവരുടെ ചിത്രം നാടിന്റെ ജനാധിപത്യ മനസ്സിനെ പിടിച്ചുലച്ചു.**

നൂറുകണക്കിന് നിഷ്ക്കളങ്ക യുവതീയുവാക്കൾ മാത്രമല്ല പ്രായമായ സ്ത്രീകൾവരെ പോലീസിന്റെ കിരാതമർദ്ദനമേറ്റവരിൽപ്പെടുന്നു. സ്കൂൾ വിദ്യാർത്ഥികളുൾപ്പെടെയുള്ള ചെറുപ്രായക്കാർപോലും മർദ്ദനവും വെടിയുണ്ടയും ഏൽക്കുകയും അറസ്റ്റ് ചെയ്യപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തു. അറസ്റ്റിൽ നിന്ന് രക്ഷപ്പെട്ടവരെ പിന്തുടർന്നോടിച്ച് അവരുടെ വീടുകളും സ്ഥാപനങ്ങളും തകർക്കുകയും ചെയ്തു. ന്യൂനപക്ഷ സമുദായാംഗങ്ങൾ പ്രത്യേകമായി ഉന്നംവയ്ക്കപ്പെട്ടതിലൂടെ യുപി സർക്കാരിന്റെയും പോലീസിന്റെയും വർഗ്ഗീയ ചായ്‌വും പുറത്തുവന്നു. രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട 24 മരണങ്ങളിൽ 19 എണ്ണവും യുപിയിലാണ്. അംഗഭംഗം വന്നവരുൾപ്പെടെ ഗുരുതരമായി പരിക്കേറ്റവർ നൂറുകണക്കിനാണ്.

ബിജ്നോറിലെ 20 വയസ്സുകാരനായ യുവാവിന്റെ കുടുംബം പറയുന്നത്, വെള്ളിയാഴ്ച്ചത്തെ ഉച്ചകഴിഞ്ഞുള്ള നമസ്കാരത്തിനായി പള്ളിയിലേക്ക് പോകുമ്പോഴാണ് അവനെ പോലീസ് പിടികൂടിയത് എന്നാണ്. മുന്നിൽനിന്ന് വെടിയുണ്ടയേറ്റ നിലയിൽ പിന്നീട് അവന്റെ മൃതദേഹം മറ്റൊരു പ്രദേശത്തുനിന്ന് കണ്ടെടുക്കുകയായിരുന്നു. പോസ്റ്റ്മോർട്ടത്തിന് കുടുംബാംഗങ്ങളെ മൃതദേഹത്തോടൊപ്പം പോകാൻ പോലീസ് അനുവദിച്ചില്ല. ആദ്യം പോലീസ് സമ്മതിച്ചില്ലെങ്കിലും, പിന്നീട് ഒരു പോലീസുകാരൻ ‘ആത്മരക്ഷാർത്ഥം’ വെടിയുതിർത്തപ്പോഴാണ് അവൻ മരിച്ചതെന്ന് പറഞ്ഞു. വാരണാസിയിൽ ഒരു പ്രകടനത്തിന് നേരെ നടന്ന അതിക്രമത്തെത്തുടർന്നുണ്ടായ തിക്കിലും തിരക്കിലുംപെട്ട് ഒരു പതിനൊന്നുകാരൻ ചതഞ്ഞുമരിച്ചു. പ്രകടനത്തിൽ പങ്കെടുത്ത ഒരാളായിരുന്നില്ല ആ കുഞ്ഞ്. ആ കുട്ടിയുടെ മരണത്തിന്ശേഷം ദയാശൂന്യനായ ഒരു മാടമ്പിക്കുചേർന്ന വിധത്തിൽ വാരണാസി ജില്ലാ മജിസ്ട്രേറ്റ് ധാർഷ്ട്യത്തോടെ പറഞ്ഞത് ഇത്തരം കാര്യങ്ങളൊക്കെ നടന്നുകൊണ്ടേയിരിക്കും എന്നാണ്. റാംപൂർ ജില്ലയിൽ 23കാരനായ ഒരു ഡ്രൈവർക്ക് അടിവയറ്റിൽ വെടിയേറ്റു. അയാളുടെ ബന്ധുക്കളെ ഓരോ ആശുപത്രികളിലേക്കും ഓടിച്ചുവെങ്കിലും മതിയായ ചികിത്സ കിട്ടാതെ അയാളും മരണത്തിന് കീഴടങ്ങി.




ഫിറോസാബാദ് ഹൈവേയിൽ നടന്ന പ്രകടനത്തിൽ പങ്കെടുക്കവേ കഴുത്തിന് വെടിയേറ്റ ഒരു ബിസിനസ്സുകാരൻ ആറ് ദിവസം ഡൽഹി എഐഐഎംഎസ് ട്രോമ സെന്ററിൽ കിടന്നതിനുശേഷം മരിച്ചു. നട്ടെല്ലിന് വെടിയേറ്റ് ചലനശേഷി നഷ്ടപ്പെട്ട മീററ്റിലെ 17 കാരന്റെ അവസ്ഥ ഹൃദയഭേദകമാണ്. ജോലിസ്ഥലത്തുനിന്നും മടങ്ങുന്ന വഴിക്കാണ് മകന് വെടിയേറ്റതെന്ന് ആ കുട്ടിയുടെ മാതാവ് പറഞ്ഞു. എങ്ങനെയോ വീട്ടിലെത്തിയ അവന്റെ ചലനശേഷി രാത്രിയോടെ നഷ്ടപ്പെട്ടു. തെരുവുകളെല്ലാം അടഞ്ഞുകിടന്നതിനാൽ അവനെ ആശുപത്രിയിൽ കൊണ്ടുപോകാനുമവർക്ക് കഴിഞ്ഞില്ല. വളരെക്കഴിഞ്ഞ് എങ്ങനെയോ ആശുപത്രിയിലെത്തിച്ച അവൻ ഐസിയുവിൽ ജീവനുവേണ്ടി മല്ലിടുന്നു.

ഒരു ഭരണകക്ഷി എംഎൽഎയുടെ നേതൃത്വത്തിൽ വർഗ്ഗീയ ലഹള നടന്ന മുസാഫർപൂരിൽ, 26കാരനായ ഒരു തെരുവുകച്ചവടക്കാരൻ പ്രതിഷേധ സമരത്തിന് നേരെ നടന്ന വെടിവെയ്പ്പിൽ കൊല്ലപ്പെട്ടു. പോലീസ് സ്റ്റേഷനിൽ എത്തിയ അയാളുടെ കുടുംബാംഗങ്ങളുടെ പരാതി പോലീസ് സ്വീകരിച്ചില്ല. പ്രക്ഷോഭകരുടെ വെടിയേറ്റാണയാൾ മരണമടഞ്ഞതെന്നാണ് പോലീസ് അവരോട് പറഞ്ഞത്. മുസാഫർപൂരിൽത്തന്നെ 66 കാരനായ ഒരു അനാഥാലയ അദ്ധ്യാപകൻ രണ്ടുകാലും രണ്ടുകൈയും ബാൻഡേജിട്ട് കിടക്കുന്ന അവസ്ഥയിൽപോലും ഉറക്കത്തിൽ തേങ്ങുകയും സന്ദർശകരെ നേരിടാൻ വിമുഖത കാണിക്കുകയും ചെയ്തു. കാരണം പോലീസ് കസ്റ്റഡിയിൽ വച്ച് അദ്ദേഹത്തെ നഗ്നനാക്കി മർദ്ദിച്ചതിന്റെ അപമാനബോധമായിരുന്നു. ചെറുപ്രായക്കാരും അനാഥരുമായ അദ്ദേഹത്തിന്റെ നൂറോളം വിദ്യാർത്ഥികളെ പോലീസ് തടവിലാക്കുകയും കൈയേറ്റം ചെയ്യുകയും ചെയ്തു. ശൗചാലയത്തിൽ പോകാൻപോലും പോലീസ് അവരെ അനുവദിച്ചില്ല. പലർക്കും മർദ്ദനം മൂലം ആന്തര രക്തശ്രാവവും ഉണ്ടായി. പോലീസ് പ്രതിഷേധക്കാരെ കൈകാര്യം ചെയ്യുമ്പോൾ, സ്വന്തം മുത്തച്ഛന്റെ സംസ്കാരച്ചടങ്ങിന് പോകുന്നതിനിടയിൽ വഴിയിൽ വീണുപോയ ഒരു 20 കാരനെ പോലീസ് കസ്റ്റഡിയിലെടുത്തു. പൊതുമുതൽ നശിപ്പിച്ചുവെന്ന് പറഞ്ഞ് അധികാരികൾ ഇപ്പോളയാൾക്ക് നോട്ടീസ് നൽകിയിരിക്കുകയാണ്. എല്ലൊടിയുകയും തലപിളരുകയുമൊക്കെയായുള്ള പരിക്കുകളോടെ നൂറുകണക്കിനാളുകൾ വിവിധ ആശുപത്രിയിൽ കഴിയുകയാണിപ്പോഴും.

### യുപി മുഖ്യമന്ത്രിയുടെ ധാർഷ്ട്യം

ഇത്ര മൃഗീയമായും മനുഷ്യത്വരഹിതമായും ഒരു പ്രക്ഷോഭണത്തെ അടിച്ചമർത്തുന്നത് യുപിയിലല്ലാതെ വേറെയെവിടെയും കണ്ടിട്ടില്ല. പ്രതിഷേധിക്കുന്ന നാട്ടുകാരുടെ നേർക്ക് ഭീരുക്കളെപ്പോലെ നടത്തിയ അതിക്രമങ്ങൾ പൈശാചികമായ ഒരു പദ്ധതിയുടെ ഭാഗമായിരുന്നു. സംസ്ഥാനത്തും കേന്ദ്രത്തിലും പരിഷ്കൃതമായ ഒരു സർക്കാരാണ് നിലവിലുള്ളതെന്ന് സുബോധമുള്ള ആരും പറയില്ല. എൻആർസി-സിഎഎ പ്രക്ഷോഭണങ്ങൾക്കുനേരെ നടക്കുന്ന മൃഗീയാക്രമണങ്ങൾക്കെതിരെ പ്രതിഷേധം കനക്കുമ്പോഴും, കാവിയണിഞ്ഞ സ്വയം പ്രഖ്യാപിത സന്യാസിയായ യുപി മുഖ്യമന്ത്രിക്ക് അക്രമങ്ങളെ ന്യായീകരിക്കുന്നതിൽ ഒരു മനസ്താപവുമുണ്ടായില്ല. അദ്ദേഹത്തിന്റെയും ഓഫീസിന്റെയും ട്വിറ്റർ അക്കൗണ്ടുകളിൽ നിന്ന് ട്വീറ്റ് ചെയ്ത നൂറുകണക്കിന് സന്ദേശങ്ങൾ, ഈ നടപടികൾ എല്ലാ പ്രക്ഷോഭകരെയും നിശ്ശബ്ദരാക്കി എന്നാണ് വമ്പുപറയുന്നത്. യഥാർത്ഥത്തിൽ പ്രക്ഷോഭം തുടങ്ങിയപ്പോൾത്തന്നെ പ്രക്ഷോഭകർക്കുനേരെ ‘പ്രതികാരം’ ചെയ്യുമെന്നാണ് യോഗി ആദിത്യനാഥ് പ്രതിജ്ഞ ചെയ്തത്. എല്ലാ ജനാധിപത്യ നിയമങ്ങളെയും ചവിട്ടിമെതിച്ചുകൊണ്ടും മനുഷ്യത്വരാഹിത്യത്തിന്റെ എല്ലാ സീമകളെയും ലംഘിച്ചുകൊണ്ടും യുപി പോലീസിന് പ്രക്ഷോഭകർക്കുനേരെ അമിതമായ ബലപ്രയോഗത്തിനുള്ള അനുമതിയാകും അതെന്ന പൂർണ്ണ ബോധ്യത്തോടെയാണദ്ദേഹം അത് പറഞ്ഞതും ചെയ്തതും.

### പുറമേനിന്നും കടത്തിവിട്ട തെമ്മാടികളാണ് അക്രമത്തിന് തിരികൊളുത്തിയത്

ആർഎസ്എസ്-ബിജെപി അനുയായികളാണ് സംഘർഷത്തിന് തുടക്കമിട്ടതും വളർത്തിയെടുത്തതുമെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. മുസാഫർപൂരിലെ സംഘർഷസ്ഥലത്തുണ്ടായിരുന്ന ഒരാൾ പറയുന്നത് പ്രതിഷേധക്കാർ ഒരു മദ്രസയിൽനിന്ന് ഏതാണ്ട് 500 മീറ്റർ അകലെ ഒരു സ്ഥലത്ത് പോലീസുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ പ്രകടനം തുടങ്ങാനായി ഒരുക്കം കൂട്ടുമ്പോൾ എങ്ങുനിന്നോ പോലീസിനുനേരെ കല്ലേറുണ്ടായി എന്നാണ്. ഒരു പോലീസ് വാൻ അഗ്നിക്കിരയായി. വിറളിപൂണ്ട പ്രതിഷേധക്കാർ അങ്ങുമിങ്ങും ഓടുന്നതിനിടെ പോലീസ് കലിതുള്ളിക്കൊണ്ട് അവരുടെമേൽ ചാടിവീണു. ന്യൂനപക്ഷങ്ങളുടെ കടയും സ്ഥാപനങ്ങളും അടിച്ചുതകർത്തു. ആരാണ് പോലീസിന് നേരെ കല്ലെറിഞ്ഞതെന്നോ പോലീസ് വാനിന് തീയിട്ടതെന്നോ ഉള്ളത് നിഗൂഢമായിത്തന്നെയിരിക്കുന്നു. യാതൊരു അന്വേഷണവും നടത്താതെതന്നെ പ്രതിഷേധ സമരത്തിന് വന്ന 498 ആളുകളുടെ പേരിൽ പൊതുമുതൽ നശിപ്പിച്ചതിന് കേസെടുത്തിരിക്കുകയാണ് പോലീസ്. സാമൂഹികവിരുദ്ധ

(ശേഷം 5-ാം പേജിൽ)

# പൗരത്വ ഭേദഗതി നിയമം ജനാധിപത്യ സമൂഹത്തിന്റെ അടിത്തറ തകർക്കാൻ ലക്ഷ്യംവച്ചുള്ളത്

(4-ാം പേജിൽ നിന്ന്)

രെന്ന് മുദ്രചാർത്തി അവരുടെ സ്വത്ത് കണ്ടുകെട്ടാനും ഒരുങ്ങുകയാണ് പോലീസ്. ആറ് വർഷം മുമ്പ് മരിച്ച ഒരാളിന്റെയും 90 വയസ്സായ മറ്റൊരാളുടെയും പേര് ഈ ലിസ്റ്റിൽപ്പെടുന്നു എന്നതുതന്നെ ഇത് കെട്ടിച്ചമച്ച കേസാണെന്നതിനു തെളിവാണ്. ഭരിക്കുന്ന കാവിപ്പടയോടൊട്ടിനിൽക്കുന്ന തെമ്മാടികളാണ് സംഘർഷം ഉണ്ടാക്കിയെടുത്തത് എന്നത് ജെഎൻയു, എഎംയു എന്നിവിടങ്ങളിലെ സംഭവങ്ങൾതന്നെ തെളിയിക്കുന്നുണ്ട്.

### പ്രക്ഷോഭങ്ങൾക്ക് വർഗ്ഗീയ നിറം കൊടുക്കുവാനുള്ള വിഫലശ്രമം

യുപി, ഡൽഹി, കർണാടക സംസ്ഥാനങ്ങളിലേയും മറ്റിടങ്ങളിലെയും സർക്കാരുകൾ ന്യൂനപക്ഷ മുസ്ലീ സമുദായത്തെയാണ് ഉന്നം വച്ചതെന്ന് എടുത്തുപറയേണ്ടതില്ല പ്രക്ഷോഭകരോട് പാക്കിസ്ഥാനിലേക്ക് പോയ്ക്കൊള്ളാൻ പറയുന്ന ഒരു ഉന്നത പോലീസുദ്യോഗസ്ഥന്റെ വാക്കിൽനിന്നും തന്നെ യുപി പോലീസിന്റെ വർഗ്ഗീയ ചായ്വ് വ്യക്തമാകും. പ്രക്ഷോഭണത്തിന്റെ ന്യായയുക്തതയെ അട്ടിമറിക്കാനും അതിനൊരു വർഗ്ഗീയ നിറം ചാർത്താനുമായി ബിജെപി നേതാക്കൾ ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ആവർത്തിക്കുകമാത്രമാണ് അയാൾ ചെയ്തത്. എഎംയു സംഭവങ്ങളുടെ അന്വേഷണ സംഘം പുറത്തുവിട്ട റിപ്പോർട്ട് പറയുന്നത് പോലീസും ആർഎഎഫും ഇസ്ലാം വിരുദ്ധ നിന്ദനങ്ങൾ ഉരുവിടുകയും ജയ് ശ്രീറാം വിളിക്കുകയും ചെയ്തുകൊണ്ടാണ് വിദ്യർത്ഥികളെ പിന്തുടർന്നാക്രമിച്ചതെന്നാണ്. അലിഗഡ് വിദ്യാർത്ഥികളെ ഹിന്ദുവിരുദ്ധരായി ചിത്രീകരിക്കാൻ ബിജെപി നേതാക്കൾ ഒരു വ്യാജ വീഡിയോയും പങ്കുവയ്ക്കുകയുണ്ടായി. വിദ്യാർത്ഥികൾ ഹിന്ദുത്വത്തിനും സവർക്കറിനും ജാതീയതയ്ക്കുമെതിരെ മുദ്രാവാക്യം മുഴക്കുന്നത് ചിത്രീകരിച്ചതിൽ നിന്ന് ഒരു ഭാഗമെടുത്ത് ഹിന്ദുത്വത്തിനെതിരെയുള്ള ശബ്ദം, ഹിന്ദുക്കൾക്കെതിരെയെന്ന് വരത്തക്കവിധത്തിൽ എഡിറ്റ് ചെയ്യുകയായിരുന്നു. സമരം ചെയ്യുകയും അക്രമം നടത്തുകയും ചെയ്യുന്നവരെ അവരുടെ വസ്ത്രംകൊണ്ടുതന്നെ തിരിച്ചറിയാമെന്ന് പറഞ്ഞത് പ്രധാനമന്ത്രി തന്നെയാണ്. പ്രധാന മന്ത്രിയുടേത് വർഗ്ഗീയ ദുസ്സൂചനയാണെന്നും ആർഎസ്എസ്-ബിജെപി സംഘങ്ങൾ അക്രമം വളർത്തിയെടുക്കാൻ പ്രയത്നിക്കുകയാണെന്നും രാജ്യത്തെ പ്രക്ഷോഭണത്തിന് കാരണം മുസ്ലീങ്ങൾ മാത്രമാണെന്ന തരത്തിലുള്ള വർഗ്ഗീയ വൽക്കരണത്തിനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്നുമെല്ലാമുള്ളതിന് തെളിവായി പശ്ചിമബംഗാളിലെ മൂർഷിദാബാദ് ജില്ലയിൽ നടന്ന ഒരു സംഭവത്തെ എടുത്തുകാണിക്കാം. മുസ്ലീങ്ങൾ ഉപയോഗിക്കുന്നതുപോലെയുള്ള ലുങ്കിയും വട്ടത്തൊപ്പിയും ധരിച്ചുകൊണ്ട് ട്രെയിനിനുനേരെ കല്ലെറിയുകയായിരുന്നവരെ ആ പ്രദേശത്തെ ആളുകൾ പിടികൂടി അന്വേഷിച്ചപ്പോൾ ഒരു ബിജെപി പ്രവർത്തകനും അഞ്ച് കൂട്ടാളികളുമാണെന്നാണ് തെളിഞ്ഞത്. അവരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുമുണ്ട്. ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ഇത്തരം തീക്കളിയിലാണ് ബിജെപിയുടെ ശക്തരായ മന്ത്രിമാരും അവരുടെ താളത്തിന് തുള്ളുന്ന പോലീസും കഴിവുതെളിയിച്ചിരിക്കുന്നത് എന്നത് പ്രത്യേകിച്ച് സൂചിപ്പിക്കേണ്ടതില്ല. പ്രക്ഷോഭകർക്കെതിരെയുള്ള ആക്രമണം വർഗ്ഗീയമാണെന്നും കിരാതവും ശത്രുതാപരവുമായ ഇവയ്ക്കുപിന്നിൽ സർക്കാരിന്റെയും ഭരണകക്ഷികളുടെയും പിന്തുണയുണ്ടെന്നുള്ളതിനും സംശയമേതുമില്ല. വർഗ്ഗീയ വിടവ് സൃഷ്ടിക്കാനും പ്രക്ഷോഭത്തെ ഉള്ളിൽ നിന്ന് തകർക്കാനും ആർഎസ്എസ്-ബിജെപി സംഘത്തിന്റെയും സർക്കാരിന്റെയും ഭാഗത്തു നിന്നുണ്ടാകുന്ന എല്ലാ ശ്രമങ്ങൾക്കുശേഷവും ഹിന്ദുക്കളും മുസ്ലീംങ്ങളും അതുപോലെ കഷ്ടപ്പെടുന്ന മറ്റ് വിഭാഗങ്ങളും തമ്മിലുള്ള ഐക്യത്തിന് ഒരു പോറൽ പോലുമേറ്റിട്ടില്ല എന്നതാണ് ഹൃദയവർജ്ജകമായ കാര്യം.




വിദ്യർത്ഥികളും യുവാക്കളും മുന്നിൽനിന്ന് നയിച്ചുകൊണ്ട് അവരുടെ സമരം മുന്നോട്ട് കുതിക്കുകയാണ്. കാരണം, പൊതുവായ ഡിമാന്റുയർത്തി സാധാരണക്കാരായ ജനങ്ങൾ ജനാധിപത്യ സമരത്തിലണിനിരക്കുമ്പോൾ അവരുടെ ഐക്യവും സാഹോദര്യവും ഉരുക്കുപോലെ ഉറച്ചതാകുന്നു. പിന്തിരിപ്പിൻ ശക്തികൾ വമിപ്പിക്കുന്ന വർഗ്ഗീയ-ജാതീയ-സങ്കുചിത ദേശീയവാദ വിഷം മനസ്സിൽ നിന്ന് കഴുകിക്കളയാനും സഹകരണത്തിന്റെയും ഒത്തൊരുമയുടെയും പോരാട്ട കൂട്ടായ്മയുടെയും ഊർജ്ജം പകരാനും ഇത്തരം സമരങ്ങളുടെ സാംസ്കാരിക സാഹചര്യങ്ങൾ വഴിയൊരുക്കുകയും ചെയ്യും.

### നടന്നുകൊണ്ടിരിക്കുന്ന സമരത്തിന്റെ ബൃഹത്തായ സാധ്യതകൾ

ജീവിതം ദുസ്സഹമാക്കുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിച്ച് ഒരു വിഭാഗത്തെ മറ്റൊന്നിനെതിരെ തിരിച്ചുവിട്ടുകൊണ്ട്, യോജിച്ച പ്രക്ഷോഭണങ്ങളിലൊന്നും പങ്കെടുക്കാൻ ശേഷിയില്ലാത്ത തരത്തിൽ ജനങ്ങളെ ചേതസ്സറ്റവരാക്കി മാറ്റാനുള്ള ഗൂഢാലോചനയിലാണ് ഭരണകർത്താക്കൾ. ഇതിനെ തകർക്കാനും ജനങ്ങൾക്കുനേരെയുള്ള ആക്രമണങ്ങളെ ചെറുക്കാനും, ഈ നീറുന്ന ജീവിത പ്രശ്നങ്ങളെ അധികരിച്ചുള്ള ന്യായമായ ജനാധിപത്യ സമരങ്ങൾ വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്.

അതുകൊണ്ട് ശരിതെറ്റുകളെയും ചെയ്യേണ്ട കാര്യങ്ങളെയും വ്യവച്ഛേദിച്ചറിയുവാനും മറഞ്ഞിരിക്കുന്ന ശത്രുക്കളെ തിരിച്ചറിയുവാനും വിജയം കൈവരിക്കും വിധം സമരങ്ങളെ ശരിയായ പാതയിൽ മുന്നോട്ടു കൊണ്ടുപോകുവാനും കഴിയുന്നതരത്തിൽ, ജനങ്ങളെ രാഷ്ട്രീയ ബോധമുള്ളവരാക്കുകയും ശാക്തീകരിക്കുകയും വേണ്ടതാണ്. അതിനാൽ, ലക്ഷ്യം നേടാൻ മാത്രമല്ല, പോരാടുന്ന ജനങ്ങൾക്ക് അവശ്യംവേണ്ടുന്ന രാഷ്ട്രീയ ധാരണ പകർന്നുകൊടുക്കാനും ശരിയായ നേതൃത്വത്തിൻ കീഴിൽ സുഘടിതമായ ജനകീയ സമരങ്ങൾ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. ഈ കാഴ്ചപ്പാടിൽ, എൻആർസിക്കും സിഎഎയ്ക്കുമെതിരായി ഇപ്പോൾ നടക്കുന്ന സമരം ജനങ്ങളുടെ ഡിമാന്റുകൾ നേടിയെടുക്കാനും അവരിൽ ഉയർന്ന രാഷ്ട്രീയ ധാരണകൾ സൃഷ്ടിച്ചെടുക്കാനും കഴിയുന്ന തരത്തിൽ നീണ്ടുനിൽക്കുന്നതും ഇളകിമറിയുന്നതുമായ ഒരു സംഘടിത ബഹുജന സമരമാക്കി മാറ്റിയെടുക്കാനുള്ള വിശാലമായ സാധ്യതകളുള്ള ഒന്നാണ്.

പക്ഷെ, ഇപ്പോഴത്തെ സമരം ഇതുവരെ അമരക്കാരനില്ലാത്തതാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സമരം ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും മുൻകൈയിലല്ലാതെ സ്വയമേവ ആരംഭിച്ച ഒന്നാണ്. പക്ഷേ, സമരം മുന്നേറി ഭരണാധികാരികളുടെ ഉറക്കം കെടുത്താൻ തുടങ്ങിയതോടെ വോട്ടുലാക്കാക്കി പ്രവർത്തിക്കുന്ന പാർട്ടികളെല്ലാംതന്നെ തെരഞ്ഞെടുപ്പു നേട്ടം കൊയ്യാമെന്ന കണക്കുകൂട്ടലിൽ അണിനിരക്കാൻ തുടങ്ങി. ഇക്കാലമത്രയും ഭരണകുത്തകകളുടെ വിശ്വസ്ത സേവകരും അവരുടെ എല്ലാ നിഷ്ഠൂര പദ്ധതികളുടെയും നടത്തിപ്പുകാരുമായിരുന്ന കോൺഗ്രസിനെ നോക്കൂ. ഭരണത്തിലിരുന്നപ്പോൾ അവർ ജനവിരുദ്ധനയങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുകയും വർഗ്ഗ-ബഹുജന സമരങ്ങളെ അടിച്ചമർത്തുകയും നൂറുകണക്കിന് പ്രക്ഷോഭകരെ കൊലപ്പെടുത്തുകയും മൃദുഹിന്ദുത്വ സമീപനം കൈക്കൊള്ളുകയും ഈയടുത്തകാലംവരെ നിരവധി വർഗ്ഗീയ ലഹളകൾ ആസൂത്രണം ചെയ്തവരുമാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ജനാധിപത്യത്തെ കശാപ്പുചെയ്തതും ജനാധിപത്യാവകാശങ്ങളെ ചിട്ടയോടെ ഇല്ലായ്മ ചെയ്തതും ഭരണകൂടത്തിന് കീഴടങ്ങുന്ന ജുഡീഷ്യറി സൃഷ്ടിച്ചെടുത്തതും എണ്ണമറ്റ കരിനിയമങ്ങൾ ആവിഷ്കരിച്ചതും അവരാണ്. കോൺഗ്രസ് ഭരണകാലത്താണ് ഒന്നിനുപുറകെ മറ്റൊന്നായി അഴിമതിയും കുംഭകോണങ്ങളും നടന്നത്. അതുകൊണ്ടുതന്നെ അവർക്കെതിരെ ജനാധിപത്യ സമരങ്ങളുടെ കുത്തൊഴുക്കുണ്ടായി. ഇപ്പോൾ അതേ കോൺഗ്രസ് തന്നെയാണ്, ജനാധിപത്യത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചും സംസാരിക്കുന്നതും വികസിച്ചുവരുന്ന ജനസമരത്തോട് അനുഭാവമുള്ളവരാണ് തങ്ങളെന്ന് ഭാവിക്കുന്നതും. ചൂഷക മുതലാളിത്തത്തിന്റെ താല്പര്യാർത്ഥം ഇന്ത്യയിൽ ഫാസിസം അവതരിപ്പിച്ചവരാണ് കോൺഗ്രസ്സും ബിജെപിയുമെന്നത് നാം വിസ്മരിച്ചുകൂടാ. മുതലാളിത്ത താല്പര്യം സംരക്ഷിക്കാൻ ഒരുമ്പെടുന്ന ഏതു പാർട്ടിക്കും ഇക്കാലത്ത് ഫാസിസ്റ്റ് ലക്ഷണങ്ങൾ പ്രകടിപ്പിക്കാതിരിക്കാനാവില്ല എന്നതാണ് വാസ്തവം. 1940കളുടെ ഒടുവിൽ, ഫാസിസം ഇന്ത്യയിൽനടപ്പിൽ വരില്ല എന്ന് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുൾപ്പെടെയുള്ളവർ ചിന്തിച്ചപ്പോൾ നമ്മുടെ പാർട്ടിയുടെ സ്ഥാപക നേതാവും ഗുരുവും ഈ യുഗത്തിലെ പ്രമുഖ മാർക്സിസ്റ്റ് ദാർശനികരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ മുന്നറിയിപ്പ് ഇവിടെ സ്മരണീയമാണ്. മാർക്സിസ്റ്റ് വിശകലന രീതിയനുസരിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചു; എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലും ഒരു പൊതു പ്രതിഭാസം എന്ന നിലയിൽ ഫാസിസം പ്രത്യക്ഷമായിരിക്കുന്നു എന്ന്. ഇത് കൂടുതൽ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. യുക്തിചിന്തയ്ക്കുപകരം വിശ്വാസത്തെ മഹത്വവൽക്കരിക്കുന്നതിന്റെ സിദ്ധാന്തം ഇന്ത്യയിൽ ഫാസിസത്തിന് ഒരു താങ്ങായി മാറിയിട്ടുണ്ട്. അത് ജനങ്ങളുടെ മാനസിക വ്യാപാരങ്ങളെ കാര്യകാരണ ബന്ധത്തിന്റെ ശാസ്ത്രീയ പാതയ്ക്കുപകരം അന്ധവിശ്വാസത്തിന്റെയും മുൻവിധികളുടെയും നിഗൂഢവാദത്തിന്റെയുമൊക്കെയുള്ള ഒരു സവിശേഷ ലയനമാക്കി മാറ്റിയെടുക്കുന്നു. ജനമനസ്സിനെ വിഷലിപ്തമാക്കാൻ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയ്ക്കും വർഗ്ഗ സമരത്തിനുമെതിരെ ദേശീയഭ്രാന്തിന്റെ മുദ്രാവാക്യമുയർത്തുകയും മർദ്ദനത്തിന്റെയും പ്രീണനത്തിന്റേതുമായ ദ്വിമുഖ തന്ത്രം ആവിഷ്കരിക്കുകയും ചെയ്യുന്നു. ഫാസിസത്തെ നിർവ്വചിക്കുമ്പോൾ അദ്ദേഹം വിശദീകരിച്ചു, ചുരുക്കം ചില കുത്തകകളിൽ കൂടുതൽ കൂടുതൽ മൂലധനം കേന്ദ്രീകരിക്കുകയെന്നതാണ് ഫാസിസത്തിന്റെ സവിശേഷലക്ഷണം. ഭരണനിർവ്വഹണ സംവിധാനങ്ങളിലും ഉദ്യോഗസ്ഥ വൃന്ദത്തിലും അധികാരം കേന്ദ്രീകരിക്കുക എന്ന

(ശേഷം 6-ാം പേജിൽ)

**ചുരുങ്ങിയ സമയംകൊണ്ട് എൻആർസി-സിഎഎ വിരുദ്ധ സമരം ഒരു വമ്പിച്ച പ്രക്ഷോഭണമായി വളർന്നു. മുമ്പൈ, ചെന്നൈ, ഡൽഹി, ബംഗളുരു, ലഖ്നൗ, അഹമ്മദാബാദ് എന്നിവിടങ്ങളിലെല്ലാം റാലികൾ നടക്കുകയും ആയിരക്കണക്കിനാളുകൾ തടവിലാകുകയും ചെയ്തു. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് യുപി, ഗുജറാത്ത്, കർണ്ണാടക എന്നിവിടങ്ങളിൽ സമരത്തെ അടിച്ചമർത്തുന്നതിനായി, പോലീസും മറ്റ് സൈനിക വിഭാഗങ്ങളും കടുത്ത ഹിന്ദു വർഗ്ഗീയ സംഘങ്ങളും അഴിച്ചുവിട്ട മൃഗീയാക്രമണങ്ങൾ എല്ലാ റെക്കോർഡുകളും ഭേദിച്ചു.**

# ബഹുജന സമരങ്ങളെ ശരിയായ ദിശയിൽ സാമൂഹ്യ മാറ്റത്തിനായുള്ള സമരങ്ങളുമായി കണ്ണിചേർക്കുക

*(5-ാം പേജിൽ നിന്ന്)*

ത് അതിന്റെ രാഷ്ട്രീയ സവിശേഷതയുമാണ്. ഫാസിസത്തിന്റെ സാംസ്കാരിക, പ്രത്യയശാസ്ത്ര അടിത്തറ ശാസ്ത്രത്തിന്റെ സാങ്കേതിക വശത്തിന്റെയും ആത്മീയതയുടെയും സവിശേഷമായ ഒരു ലയനമാണ് എന്ന അദ്ദേഹത്തിന്റെ വിശകലനം ഒരു പ്രവചനം പോലെ ശരിയായി വന്നിരിക്കുന്നു.

സമരത്തിന്റെ കാര്യത്തിലേക്ക് വന്നാൽ, കോൺഗ്രസ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ട്വീറ്ററിൽ ചില ട്വീറ്റുകളിടുകയും ചിലറാലികളിൽ പങ്കെടുക്കുകയും പരിക്കേറ്റവരെ മാധ്യമങ്ങൾക്കുമുമ്പിൽകൊണ്ടു നിർത്തുകയും ചെയ്തുകൊണ്ട് പ്രതിഷേധത്തിന്റെ കെട്ടുകാഴ്ച അഭിനയിക്കുകയുമല്ലാതെ മറ്റെന്താണവർ ചെയ്യുന്നത്? ഇതുപോലെ തന്നെ പ്രാദേശിക പാർട്ടികളായ തൃണമൂൽ കോൺഗ്രസും ഡിഎംകെയുമെല്ലാം ചില യോഗങ്ങളും റാലികളും നടത്തി നെടുങ്കൻ ഭാഷണങ്ങൾ അവതരിപ്പിക്കുകയും സമരത്തിന്റെ ചാമ്പ്യന്മാരെന്ന് നടിച്ചുകൊണ്ട് കുത്തകകളുടെ നിയന്ത്രണത്തിലുള്ള മാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുകയും മാത്രമാണ് ചെയ്യുന്നത്. ഈ പാർട്ടികളെല്ലാം അധികാരത്തിലിരിക്കുമ്പോൾ മുതലാളിത്ത നയങ്ങൾ നടപ്പിലാക്കി ജനങ്ങളെ ചവിട്ടിത്താഴ്ത്തുകയും ജനാധിപത്യ പ്രക്ഷോഭങ്ങളെ അടിച്ചമർത്തുകയും തന്നെയാണ് ചെയ്തിട്ടുള്ളത്. അവരിലാർക്കെങ്കിലും സമരശക്തിയാകാൻ കഴിയുമോ? ജനങ്ങളെ രാഷ്ട്രീയ പ്രബുദ്ധരാക്കാൻ ഇതിലേതെങ്കിലും പാർട്ടിക്ക് കഴിയുമോ? സമരത്തിലുണ്ടെന്ന് വരുത്തിത്തീർത്ത് വരുന്ന തെരഞ്ഞെടുപ്പിൽ നേട്ടം കൊയ്യാമെന്ന് മാത്രമല്ലേ ഇവരുടെ ഉള്ളിലിരുപ്പ്? ബാലറ്റ് പെട്ടിയിലല്ലാതെ എവിടെ സമരമവസാനിപ്പിക്കണമെന്നാണ് ഇവരുടെ ആവശ്യം? യഥാർത്ഥത്തിൽ വിദ്യാർത്ഥികളും യുവാക്കളും സാധാരണ ജനങ്ങളുമൊക്കെ ചോരചൊരിയുകയും വെടിയുണ്ടയേൽക്കുകയും മൃത്യുപുൽകുകയുമൊക്കെ ചെയ്യുമ്പോൾ, വോട്ട് ലക്ഷ്യമാക്കുന്ന പാർട്ടികൾ ഈ ത്യാഗങ്ങളും സഹനങ്ങളുമെല്ലാം അടുത്ത തെരഞ്ഞെടുപ്പിൽ എങ്ങനെ വോട്ടാക്കിമാറ്റാം എന്നാണ് കണക്കുകൂട്ടുന്നത്.

**ബൂർഷ്വാ വോട്ട് രാഷ്ട്രീയത്തിന് പകരം ഇടത്-ജനാധിപത്യ ബദൽ സ്ഥാപിച്ചെടുക്കുകയാണ് ആവശ്യകത**

സ്ഥിതിഗതികൾ അങ്ങേയറ്റം രൂക്ഷമാണ്. അധ്വാനിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി, ശരിയായ ഇടതുപക്ഷ ലൈനിൽ ശരിയായ നേതൃത്വത്തിന് കീഴിൽ, നീറുന്ന ജനകീയപ്രശ്നങ്ങളെ അധികരിച്ച് നടക്കേണ്ടുന്ന ശക്തമായതും നീണ്ടുനിൽക്കുന്നതുമായ ഒരു സംഘടിത സമരത്തിന്റെ അഭാവത്തിൽ ഫാസിസ്റ്റ് ശക്തികൾ അവരുടെ വൃത്തികെട്ട ശിരസ്സുയർത്തുകയാണ്. അതിനാൽ വിശാലാടിത്തറയിലുള്ള യോജിച്ച ഒരു ഇടത്-ജനാധിപത്യ പ്രക്ഷോഭണത്തിന്റെ മഹാപ്രവാഹം തുറന്നുവിടുക എന്നതാണ് ഉടൻ വേണ്ടത്. ഇക്കാരണം കൊണ്ടാണ് മാർക്സിസം-ലെനിനിസം -ശിബ്ദാസ്ഘോഷ് ചിന്തകളാൽ നയിക്കപ്പെടുന്ന നമ്മുടെ പാർട്ടി, സിപിഐ-സിപിഐ(എം) പാർട്ടികളോട് ഇടത് ശക്തികളുടെ സമരൈക്യം സൃഷ്ടിച്ചെടുത്ത്, വോട്ട് ലക്ഷ്യമാക്കുന്ന ബൂർഷ്വാ രാഷ്ട്രീയത്തിന് പകരം ജനങ്ങൾക്ക് മുമ്പിൽ ഒരു ഇടത് ബദൽ സമരശക്തി സ്ഥാപിച്ചെടുക്കാനായി മുന്നോട്ട് വരണമെന്ന് നിരന്തരമായി ആവശ്യപ്പെടുന്നത്. ബൂർഷ്വാ പാർലമെന്ററി രാഷ്ട്രീയപാർട്ടികളെ ഒറ്റപ്പെടുത്തി ഒരു ഇടതുപക്ഷ-ജനാധിപത്യ ഐക്യം വളർത്തിയെടുത്ത്, ഉണർന്നുവരുന്ന ജനകീയ പ്രക്ഷോഭണങ്ങൾക്ക് ഒരു ഇടതുപക്ഷ വീക്ഷണം നൽകാൻ തയ്യാറാകണമെന്ന് ഇത്തവണയും നമ്മളവരോട് ആവശ്യപ്പെട്ടു.

**അധ്വാനിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി, ശരിയായ ഇടതുപക്ഷ ലൈനിൽ ശരിയായ നേതൃത്വത്തിന് കീഴിൽ, നീറുന്ന ജനകീയപ്രശ്നങ്ങളെ അധികരിച്ച് നടക്കേണ്ടുന്ന ശക്തമായതും നീണ്ടുനിൽക്കുന്നതുമായ ഒരു സംഘടിത സമരത്തിന്റെ അഭാവത്തിൽ ഫാസിസ്റ്റ് ശക്തികൾ ശിരസ്സുയർത്തുകയാണ്. അതിനാൽ വിശാലാടിത്തറയിലുള്ള യോജിച്ച ഒരു ഇടത്-ജനാധിപത്യ പ്രക്ഷോഭണത്തിന്റെ മഹാപ്രവാഹം തുറന്നുവിടുകയാണ് ഉടൻ വേണ്ടത്.**

ജനജീവിതത്തിലെ രൂക്ഷമായ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ഡിമാന്റുയർത്തി നടത്തേണ്ടുന്ന, നീണ്ടുനിൽക്കുന്നതും ചിട്ടയോടെയുള്ളതും ഉയർന്ന ഇടതുപക്ഷ ധാർമ്മികതയുടെയും സാംസ്കാരത്തിന്റെയും അടിത്തറയിലുള്ളതുമായ സംഘടിത പ്രക്ഷോഭണം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ, ഇപ്പോൾ നടന്നുവരുന്ന എൻആർസി-സിഎഎ വിരുദ്ധ സമരത്തിന്റെ ഡിമാന്റുകളോടൊപ്പം ഏഴ് പുതിയ ഡിമാന്റുകൾകൂടി നമ്മൾ ചേർത്തിട്ടുണ്ട്.

**ബൂർഷ്വ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തോടുള്ള സിപിഐ(എം)ന്റെ അവസരവാദപരമായ ചായ്‌വ് ജന സമരത്തെ ദുർബ്ബലമാക്കുന്നു**

അവർ പ്രതികരിച്ചില്ലെന്ന് മാത്രമല്ല ഇത്തവണ നമ്മളെ അവഗണിക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ സിപിഐ, സിപിഐ(എം), നക്സലൈറ്റുകൾ എന്നിവരൊക്കെ ഉൾപ്പെട്ടിരുന്ന അവിഭക്ത സിപിഐ ഒരു യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടിയല്ലായിരുന്നുവെങ്കിൽക്കൂടി, കേരളം, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും മറ്റുചിലയിടങ്ങളിലും 1960കളുടെ പകുതിവരെ ചിട്ടയോടെയുള്ള സമരങ്ങളുടെ ഭാഗത്തുണ്ടായിരുന്നു. എന്നാൽ കേരളത്തിലും ബംഗാളിലും അധികാരത്തിലേറിയതോടെ അവർ സാമരപാത വെടിഞ്ഞെന്നു മാത്രമല്ല, മറ്റേതൊരു ബൂർഷ്വ പാർട്ടിയെയുംപോലെ ജനസമരങ്ങളെ അടിച്ചമർത്തുന്ന രീതി സ്വീകരിക്കുകയും ചെയ്തു. നിർണ്ണായകമായ ഒരു സമരവും അവർ വളർത്തിയെടുക്കുന്നില്ല എന്ന് മാത്രമല്ല, ജനങ്ങളുടെ ഭാഗത്തുനിന്ന് സ്വമേധയാ ഉയർന്നുവരുന്ന സമരങ്ങളിൽ പങ്കെടുക്കുന്നതിൽപോലും വൈമുഖ്യം കാണിക്കുകയും ചെയ്യുന്നു. മാത്രമല്ല കോൺഗ്രസും മറ്റ് ബൂർഷ്വ പാർട്ടികളുമായി ചേർന്ന് തെരഞ്ഞെടുപ്പിൽ നേട്ടം കൊയ്യാനാണവർ ശ്രമിക്കുന്നത്. ഇടതുപക്ഷീയതയുടെ പേരിൽ ഇന്നവർ കൈക്കൊള്ളുന്ന രാഷ്ട്രീയം, ഇടത് ജനാധിപത്യ സമരങ്ങൾ വളർത്തിയെടുക്കുന്നതിൽ നിന്നകന്ന് നിൽക്കുന്നതും, പകരം, തെരഞ്ഞെടുപ്പിൽ ചില സീറ്റുകൾ കൊടുക്കാൻ തയ്യാറാകുന്ന ബൂർഷ്വ പാർട്ടികളുമായി ചങ്ങാത്തത്തിലാകാൻ ശ്രമിക്കുന്നതു കൂടിയാണ്. അതുകൊണ്ടാണവർ നമ്മോട് ബന്ധം വിച്ഛേദിക്കുന്നത്.




തൊഴിലില്ലായ്മയ്ക്കും അഴിമതിക്കും വിലക്കയറ്റത്തിനും കോൺഗ്രസിന്റെ ഏകാധിപത്യ വാഴ്ചയ്ക്കുമെതിരെ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന സമരവും തുടക്കത്തിൽ വിദ്യാർത്ഥികളുടെ മുൻകൈയിലാണ് ആരംഭിച്ചത്. അന്നും നമ്മൾ സിപിഐയോടും സിപിഐ(എം)നോടും സമരത്തിൽ പങ്കെടുത്തുകൊണ്ട് അതിന് ഇടതുപക്ഷ ദിശ നൽകുവാനും അതുവഴി വലതുപക്ഷ ശക്തികളെ ഒറ്റപ്പെടുത്തുവാനും മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിച്ചിരുന്നു. അതും വ്യർത്ഥമായി. സിപിഐ നേരിട്ട് കോൺഗ്രസുമായി ചേർന്നപ്പോൾ സിപിഐ(എം) ഇന്ദിരാ ഗാന്ധി സർക്കാരുമായി ചില രഹസ്യ ധാരണകളിലായിരുന്നു. തീവ്ര വലതുപക്ഷ ശക്തിയായ ജനസംഘം സമരത്തിലുള്ളതുകൊണ്ട് തങ്ങൾ ജനങ്ങളുടെ ന്യായമായ സമരത്തിനില്ല എന്നവർ പറഞ്ഞു. ഈ അവസരം മുതലെടുത്ത വലതുപക്ഷ വർഗ്ഗീയ ശക്തികൾ സമരനേതൃത്വത്തിലെത്തുകയും അതിന്റെ നേട്ടങ്ങൾ കൊയ്ത് 1977ൽ അധികാരത്തിലെത്തുകയും ചെയ്തു. ജനസംഘവുമായി ചേർന്ന് പുതുതായി രൂപം കൊണ്ട ജനതാ പാർട്ടി സഖ്യത്തിന് സർക്കാർ രൂപീകരിക്കാൻ സാദ്ധ്യതയുണ്ടെന്നറിഞ്ഞപ്പോൾ സിപിഐ(എം) കരണംമറിയുകയും കോൺഗ്രസിനെതിരെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് ജനതാ പാർട്ടിയോട് ചങ്ങാത്തത്തിലാകുകയും ചെയ്തു. അവസരവാദത്തിന്റെ ഈ രാഷ്ട്രീയമാണ് ബിജെപിക്ക് മുൻനിരയിലേക്ക് വരാനും ബൂർഷ്വ രാഷ്ട്രീയരംഗത്ത് നിർണ്ണായക ശക്തിയായി മാറാനും വഴിയൊരുക്കിയത്. പോരാട്ടത്തിന്റേതായ ഒരു ഇടത് ബദൽ രൂപീകരിക്കുന്നതിനുള്ള സുവർണ്ണാവസരം അങ്ങനെ നഷ്ടപ്പെടുത്തി.

**ഉയരുന്ന പ്രക്ഷോഭങ്ങളെ യുക്തിപരമായ പരിസമാപ്തിയിലെത്തിക്കണം**

എൻആർസി-സിഎഎ സമരത്തിന്റെ കാര്യത്തിലും രാജ്യവ്യാപകമായ യോജിച്ച ഇടതു നേതൃത്വം ഉയർന്നുവരാനുള്ള സാധ്യത നിലനിൽക്കുന്നു. ജനങ്ങളുടെ ഈ സമരാവേശം സാക്ഷ്യപ്പെടുത്തുന്നത് അവർ ഒരു സമരത്തിന് ആഗ്രഹിക്കുന്നു എന്നതാണ്. ഈ സമരത്തെ കേന്ദ്രീകരിച്ച് ഒരു ഇടത് ജനാധിപത്യ ഐക്യം സ്ഥാപിച്ചെടുക്കാനും തീക്ഷ്ണമാകുന്ന വർഗ്ഗബഹുജന സമരങ്ങളുടെ പ്രക്ഷുബ്ധതയിലേക്ക് രാജ്യത്തെ പരിവർത്തനപ്പെടുത്താനും കഴിയും. പക്ഷെ, ഇപ്പോഴും ചിട്ടയായ ഇടതുപക്ഷ സമരത്തിന്റെ പാതയിലേക്ക് വരാൻ സിപിഐ(എം) യാതൊരു താല്പര്യവും കാണിക്കുന്നില്ല. മറിച്ച് അവർ വെറുക്കപ്പെട്ട കോൺഗ്രസിന്റെയും മറ്റ് ബൂർഷ്വ പാർട്ടികളുടെയും വാലായി എവ്വിധവും കുറച്ച് സീറ്റുകൾ നേടിയെടുക്കാനും അധികാര രാഷ്ട്രീയത്തിന്റെ ഇടനാഴികളിൽ നിലകൊള്ളാനുമാണ് ശ്രമിക്കുന്നത്. സാന്ദർഭികമായി പറയട്ടെ, സിപിഐ(എം) അസ്സമിലെ എൻആർസിയെ പിന്തുണച്ചിരുന്നു. അതുകൊണ്ട്, പാതവെട്ടിത്തെളിക്കുന്ന ഒരു ബഹുജന മുന്നേറ്റത്തിന്റെ ഭാവി അനിശ്ചിതത്വത്തിലാണ്.

സിപിഐ, സിപിഐ(എം) കക്ഷികളുടെ ഒത്തുതീർപ്പ് നയത്തിൽനിന്ന് വ്യത്യസ്തമായി നമ്മുടെ പാർട്ടി മുഴുവൻ ശക്തിയോടെയും സമരത്തോടൊപ്പം നിൽക്കുകയും ചിട്ടയായ ഇടത് മുന്നേറ്റമായി അതിനെ മാറ്റിയെടുക്കാനും ജനങ്ങളുടെ സമരകമ്മിറ്റികൾ താഴേത്തലംവരെ രൂപീകരിച്ച് ജനകീയ രാഷ്ട്രീയാധികാരം സ്ഥാപിച്ചെടുക്കാനും നിർഭയരായ യുവാക്കളെക്കൊണ്ട് ഒരു വോളണ്ടിയർസേന ഉണ്ടാക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാദ്ധ്യമ ശ്രദ്ധ നമുക്ക് കിട്ടുന്നില്ലെങ്കിലും എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങൾ നമ്മുടെ പങ്കിനെക്കുറിച്ച് ബോധ്യമുള്ളവരാകുന്നു.

വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. അവസരവാദ-വോട്ട് രാഷ്ട്രീയം ഉപേക്ഷിക്കാനും കാലഘട്ടത്തിന്റെ വിളികേട്ടുകൊണ്ട് യോജിച്ച ഇടതുബദൽ രൂപീകരിക്കാനും ഇപ്പോഴത്തെ എൻആർസി-സിഎഎ സമരത്തിൽ ആ നേതൃത്വത്തെ സ്ഥാപിച്ചെടുത്തുകൊണ്ട് അതിന്റെ യുക്തിപരമായ പരിസമാപ്തിയിലേക്കതിനെ നയിക്കാനും മുന്നോട്ട് വരണമെന്ന് ഞങ്ങൾ സിപിഐ(എം) നേതൃത്വത്തോടും അണികളോടും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്. ■

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

കഴിഞ്ഞ ലക്കം തുടർച്ച

**നിഷേധത്തിന്റെ നിഷേധം**

ഇനി നിഷേധത്തിന്റെ നിഷേധം എന്ന തത്വം നോക്കാം. ഒരു വസ്തുവിനോ പ്രതിഭാസത്തിനോ സാമൂഹ്യ വ്യവസ്ഥയ്ക്കോ വികാസമുണ്ടാകുമ്പോൾ, വികാസം പ്രാപിക്കുന്ന വസ്തുവിന് വികാസത്തിന് മുമ്പുണ്ടായിരുന്ന സ്വഭാവ വിശേഷങ്ങൾ അതേപടി തുടരുന്ന സ്ഥിതി അഥവാ, അതേ സ്വഭാവവിശേഷങ്ങളുമായി ഭാവിയിലും നിലനിൽക്കുന്ന സ്ഥിതി ഒരിക്കലുമുണ്ടാകില്ല. അങ്ങനെയൊരു പ്രശ്നമേ ഉദിക്കുന്നില്ല. നിഷേധത്തിന്റെ നിഷേധം എന്നതിന്റെ പ്രാധാന്യമെന്താണ്? മുമ്പുണ്ടായിരുന്ന സ്വഭാവവിശേഷങ്ങൾ നിഷേധിച്ചുകൊണ്ട് സംഭവിക്കുന്ന വികാസമെന്നത് വളരെ ലളിതമായ ഒരു നിഷേധത്തിന്റെ ഫലമല്ല. നമ്മൾ വികാസ നിയമത്തെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. നമ്മളിതിനെ ലളിതമായ നിഷേധം അഥവാ കേവലമായ നിഷേധം എന്ന് വിളിക്കുകയാണെങ്കിൽ അത് സമ്പൂർണമായ നിഷേധം അഥവാ ഉന്മൂലനം മാത്രമാണ്. എന്നാലിവിടെ ഉന്മൂലനം ചെയ്യുക മാത്രമല്ല സംഭവിക്കുന്നത്; പഴയതിനെ നശിപ്പിച്ചുകൊണ്ട് പുതിയത് ഉദയംചെയ്യുന്നുമുണ്ട്.

ഇനി വേറൊരുകാര്യം പരിശോധിക്കാം: ഓരോ വ്യക്തിക്കും അനുനിമിഷം മാറ്റം സംഭവിക്കുന്നുണ്ട്. എന്നാൽ ഒറ്റ ദിവസംകൊണ്ട് ഒരു കുട്ടി വളർന്ന് കൗമാരത്തിലെത്തില്ല. അതുപോലെതന്നെ കൗമാരത്തിൽനിന്ന് യൗവനത്തിലേയ്ക്കും തുടർന്ന് വാർദ്ധക്യത്തിലേയ്ക്കും പൊടുന്നനെ വളർച്ച പ്രാപിക്കുന്നില്ല. ഈ മാറ്റങ്ങൾ പൊടുന്നനെയുള്ള കുതിച്ചുചാട്ടങ്ങളല്ല. ഓരോ വ്യക്തിയിലും അനുനിമിഷം ശാരീരികവും മാനസികവുമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നകാര്യമാണ് മനസ്സിലാക്കേണ്ടത്. എന്നാൽ ഈ മാറ്റം ഒരാളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് അയാൾ അനുനിമിഷം അടിസ്ഥാനപരമായി മാറിക്കൊണ്ടിരിക്കുന്നു എന്നർത്ഥമില്ല. ഇക്കാര്യങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽ പ്രശ്നമാകും.

ഇക്കാര്യത്തിൽ നിഷേധത്തിന്റെ നിഷേധം എന്ന തത്വം നമ്മൾ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ഇവിടെ ബാല്യത്തെ നിഷേധിക്കുകമാത്രമല്ല അതോടൊപ്പം തുടർച്ചയായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയും ബാല്യത്തിൽനിന്ന് കൗമാരത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെടുകയുമാണ്. എളുപ്പം മനസ്സിലാക്കുന്നതിനായി ലളിതമായ ഭാഷയിൽ ഇങ്ങനെ പറയാം: വികാസ പ്രക്രിയയിലൂടെ ഒന്ന് ഇല്ലാതാക്കപ്പെടുക, ആ നിരാകരണത്തിലൂടെ വികാസം നേടുക. ഈ ഇല്ലാതാക്കലും വികാസവും നിഷേധത്തിന്റെ നിഷേധത്തിൽ ഉൾച്ചേർന്നിരിക്കുന്നു. നിരാകരണത്തിൽ മാത്രം ഊന്നൽ കൊടുത്താൽ വികാസം ഒഴിവാക്കപ്പെടും. നിഷേധമെന്നാൽ ഒന്നിനെ ഇല്ലാതാക്കലാണ് എന്ന് മാത്രം പറഞ്ഞാൽ നമുക്ക് മാറ്റത്തെ പൂർണമായി മനസ്സിലാക്കാനാവില്ല. നിരാകരിക്കുന്നതുതന്നെ വീണ്ടും നിഷേധിക്കപ്പെടുന്നില്ലെങ്കിൽ പുതിയതിന് ഉയർന്നുവരാനും നമുക്ക് വികാസപ്രക്രിയയിൽ മുന്നേറാനുമാവില്ല. ഒരു പ്രതിഭാസം അതിന്റെ വികാസഗതിയിൽ നിരാകരിക്കപ്പെടുമ്പോഴും ആ പ്രക്രിയ അവിടെ അവസാനിക്കുന്നില്ല. ഒരു പ്രത്യേക ഘട്ടത്തിന് അവസാനമാകുമ്പോൾ, അതിനെ പൂർണമായി ഉപയോഗിച്ചതിനുശേഷം, ആ അന്ത്യത്തിൽനിന്ന് നിഷേധത്തിലൂടെ അതിന്റെ വികാസം തുടരുകയാണ്. ഇതാണ് നിഷേധത്തിന്റെ നിഷേധം.

ക്ലാസിക്കൽ മാർക്സിസം ഏതൊരാൾക്കും മനസ്സിലാകുന്ന രീതിയിൽ ലളിതമായി വിശദീകരിക്കാനാണ് ഞാൻ ശ്രമിച്ചത്. ഒരു വസ്തു അല്ലെങ്കിൽ പ്രതിഭാസം, പഴയതിനെ പൂർണമായി ഉപയോഗിച്ചതിനുശേഷം, അതിന്റെ തുടർച്ച എന്ന നിലയിലും എന്നാൽ അതിൽനിന്ന് വേർപെട്ടുകൊണ്ടും വികാസം പ്രാപിക്കുകയും പൂർണതയിലെത്തുകയും ചെയ്യുന്നു എന്നതാണ് നിഷേധത്തിന്റെ നിഷേധം എന്നതിന്റെ പ്രാധാന്യം. ഇങ്ങനെ പഴയതിനെ പൂർണമായും ഉപയോഗപ്പെടുത്തുന്ന പ്രക്രിയ നിരന്തരം നടക്കുന്നതിനാൽ നിഷേധത്തിന്റെ നിഷേധം എന്ന തത്വം ഓരോ ഘട്ടത്തിലും പ്രവർത്തനനിരതമായിരിക്കുകയും തൽഫലമായി വികാസം സംഭവിക്കുകയും ചെയ്യുന്നു. പഴയതിനെ നിരാകരിക്കാതെ പുതിയത് സൃഷ്ടിക്കുക എന്നത് ഒരിക്കലും സാദ്ധ്യമല്ല. പഴയതിനെ നിഷേധിച്ചുകൊണ്ട് നിലവിൽ വന്നതിനെ വീണ്ടും നിഷേധിക്കുമ്പോഴാണ് പുതിയതിന്റെ സൃഷ്ടി




സാദ്ധ്യമാകുന്നത്. അതുകൊണ്ടുതന്നെ ഇത് ഇരട്ട നിഷേധമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഒരു പ്രതിഭാസം സ്വയം, പൂർണമായ ഉപയോഗപ്പെടുത്തലിന് വിധേയമായിക്കൊണ്ട് പുതിയ ആവിഷ്കാരങ്ങൾക്കും പ്രതിഭാസങ്ങൾക്കും ജന്മംനൽകിക്കൊണ്ടിരിക്കുന്നു. ഈ പുതിയ ആവിഷ്കാരങ്ങൾ, പ്രതിഭാസങ്ങൾ ക്രമേണയുള്ള വികാസത്തിലൂടെ ആ പ്രത്യേക പ്രതിഭാസത്തെത്തന്നെ നിരാകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇതുമായി ബന്ധപ്പെടുത്തി, തൊഴിലാളിവർഗ്ഗ പാർട്ടിയെ ശക്തിപ്പെടുത്താനുള്ള സമരത്തെക്കുറിച്ചുള്ള ധാരണയെന്താവണം എന്നതിനെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ കൂടി പറയാം. വർഗസമരം നിരന്തരം ശക്തിപ്പെടുത്താനായി, ഇന്ന് നമ്മൾ ഏർപ്പെട്ടിരിക്കുന്ന സമരം ഒരർത്ഥത്തിൽ വർഗ്ഗങ്ങളെ ഉന്മൂലനം ചെയ്യാനുള്ള സമരം തന്നെയാണ്. അതായത്, വർഗരഹിത സമൂഹത്തിലേയ്ക്ക് പ്രവേശിച്ചുകൊണ്ട് വർഗസമരം അവസാനിപ്പിക്കാനുള്ള പ്രക്രിയ, വർഗസമരം കൂടുതൽ വികസിപ്പിക്കുന്നതിൽ, അത് ശക്തവും തീവ്രവുമാക്കുന്നതിൽത്തന്നെയാണ് അടിയുറച്ചിരിക്കുന്നത്. നാഗരികതയുടെ വികാസത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ, പാർടിയും ശരിയായ അടിസ്ഥാന രാഷ്ട്രീയലൈനുംകൊണ്ട് സായുധരാകാതെ നമുക്ക് ഒരടി മുന്നോട്ടുവയ്ക്കാനാവില്ല. എന്നാൽ, കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിതമാകുന്നതോടെ, പാർടിയുടെ നേതൃത്വത്തിലുള്ള ഭരണത്തിന്റെ ആവശ്യകത പൂർത്തീകരിക്കപ്പെടുകയും പാർട്ടി സമൂഹവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യും. യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ വിപ്ലവത്തിനായി പാർടിയെ ശക്തിപ്പെടുത്താൻ എല്ലാ പരിശ്രമവും നടത്തുമെന്നത് സത്യമാണെങ്കിലും ഒരിക്കലും അവർ പാർട്ടി ഭ്രാന്തിന് ഇരയാകില്ല. പാർട്ടി സമൂഹവുമായി താദാത്മ്യപ്പെടുന്നതോടെ അതിന്റെ അസ്തിത്വം അനാവശ്യമായിത്തീരുന്നു. ആ ഘട്ടത്തിൽ പാർട്ടിയുടെ തിരോധാനത്തെ ആരെങ്കിലും എതിർക്കുകയാണെങ്കിൽ, അഥവാ നിഷേധത്തിന്റെ നിഷേധം എന്നതത്വം പ്രാവർത്തികമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയാണെങ്കിൽ, ആ ഘട്ടത്തിലെ സമൂഹത്തിന്റെ പുരോഗതിക്ക് അയാൾ വിലങ്ങുതടിയായി മാറുകയായിരിക്കും ചെയ്യുക. അതാണ്, നിഷേധത്തിന്റെ നിഷേധം എന്ന തത്വം ശരിയായി മനസ്സിലാക്കുന്നതിന് വലിയ പ്രാധാന്യമുണ്ടെന്ന് പറയാൻ കാരണം.

**നാഗരികതയുടെ വികാസത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ, പാർട്ടിയും ശരിയായ അടിസ്ഥാന രാഷ്ട്രീയലൈനുംകൊണ്ട് സായുധരാകാതെ നമുക്ക് ഒരടി മുന്നോട്ടുവയ്ക്കാനാവില്ല. എന്നാൽ, കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിതമാകുന്നതോടെ, പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണത്തിന്റെ ആവശ്യകത പൂർത്തീകരിക്കപ്പെടുകയും പാർട്ടി സമൂഹവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യും. യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ വിപ്ലവത്തിനായി പാർട്ടിയെ ശക്തിപ്പെടുത്താൻ എല്ലാ പരിശ്രമവും നടത്തുമെന്നത് സത്യമാണെങ്കിലും ഒരിക്കലും അവർ പാർട്ടിഭ്രാന്തിന് ഇരയാകില്ല.**

ഈ ലോകത്തെ എല്ലാ പ്രതിഭാസങ്ങളും ഇപ്പോൾ ചർച്ച ചെയ്ത ഈ മൂന്ന് തത്വങ്ങളാൽ നയിക്കപ്പെടുന്നതാണ്. ഈ മൂന്ന് തത്വങ്ങളും ഒരേ സമയം പ്രവർത്തനക്ഷമമായിരിക്കും. ഇവിടെ മാർക്സിസത്തിന്റെ മറ്റൊരു സുപ്രധാന വശംകൂടി ചർച്ച ചെയ്യേണ്ടതുണ്ട്. ഒരു പ്രതിഭാസത്തോടൊപ്പം മറ്റ് പല പ്രതിഭാസങ്ങളും കൂടിച്ചേർന്ന് ഒരു സമ്മിശ്ര പ്രതിഭാസമെന്ന അവസ്ഥയാണുള്ളതെങ്കിൽ എങ്ങനെയാണ് അതിന്റെ അടിസ്ഥാന സ്വഭാവം നിർണയിക്കുന്നത്? ഇത്തരമൊരവസ്ഥയിൽ പ്രബലമായ സ്വഭാവം കണക്കിലെടുത്തുവേണം ആ പ്രതിഭാസത്തിന്റെ സ്വഭാവം നിർണയിക്കാൻ എന്ന കാര്യം ഓർത്തിരിക്കണം. ഒരാളുടെ ചിന്ത വിശകലനവിധേയമാക്കുന്ന വിഷയത്തിലെന്നപോലെതന്നെ രാഷ്ട്രീയത്തിലും, ഒരു വ്യക്തിയുടെ സ്വഭാവം നല്ലതോ ചീത്തയോ എന്ന് നിർണയിക്കുന്നതിലുമൊക്കെ ഇത് ബാധകമാണ്. ഏതൊരു മനുഷ്യനും സൽഗുണങ്ങളുടെയും ദുർഗുണങ്ങളുടെയും ഒരു സമ്മിശ്രമാണെന്ന വസ്തുത ഏവർക്കുമറിയാവുന്നതാണ്. കുറ്റവും കുറവുമില്ലാത്ത ഒരാളെ നമുക്ക് സങ്കല്പിക്കാൻ പോലുമാവില്ല. അങ്ങനെയൊരാളുണ്ടാകുക സാദ്ധ്യമല്ല. ഒരു നന്മയുമില്ലാതെ തിന്മ മാത്രമുള്ള ഒരാളെയും നിങ്ങൾക്ക് കണ്ടെത്താനാവില്ല. ഇങ്ങനെയുള്ള സമ്മിശ്ര പ്രതിഭാസത്തിൽ മുന്തി നിൽക്കുന്ന വശമേതാണെന്ന് കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽവേണം ആ പ്രതിഭാസത്തിന്റെ സ്വഭാവം നിർണയിക്കാൻ. അല്ലാത്തപക്ഷം നിങ്ങൾക്ക് ശരിയായ സമീപനം പുലർത്താനാവില്ല, ഈ വിഷയത്തെ മറ്റൊരു രീതിയിലും സമീപിക്കാം.

ഒരാൾ ഒരു സമയത്ത് നമുക്ക് അനുകൂലമായും മറ്റൊരു സമയത്ത് എതിരായും സംസാരിച്ചു എന്നിരിക്കട്ടെ. അനുകൂലമായി സംസാരിക്കുമ്പോൾ അയാൾ മിത്രമാണെന്നും എതിരായി സംസാരിക്കുമ്പോൾ അയാൾ ശത്രുവാണെന്നും സഖാക്കൾ കരുതുന്നു. ഒരു സമ്മിശ്ര പ്രതിഭാസത്തെ വിലയിരുത്തുന്നതിൽ അതിലളിതവല്ക്കരണം സംഭവിക്കുന്നതിന്റെ ഫലമാണിത്. അയാളുടെ ചിന്താഗതി അടിസ്ഥാനപരമായി നമുക്ക് എതിരായിരിക്കാം. എന്നാൽ ചിലപ്പോൾ നമ്മളെക്കുറിച്ച് ചില നല്ലകാര്യങ്ങൾ പറയുന്നു എന്നതാവാം. ചിലപ്പോഴൊക്കെ അയാളെ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ നമുക്ക് കഴിഞ്ഞേക്കാം, അത്രമാത്രം. എന്നാൽ നമുക്ക് അയാളെ ആശ്രയിക്കാനാവില്ല. ഒരു വർഗശത്രുവിനോടുള്ളതിന് സമാനമായ സമീപനംതന്നെ അയാളോട് വച്ചുപുലർത്തേണ്ടതുണ്ട്. ചിലപ്പോഴൊക്കെ ഉപയോഗപ്പെടുമെങ്കിലും നമ്മൾ തികഞ്ഞ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇനി, അയാൾ നമ്മുടെ വർഗശത്രു അല്ലെന്ന്വരാം. ആശയക്കുഴപ്പത്തിൽപ്പെട്ട് പലപ്പോഴും പാർട്ടി വിരുദ്ധനായി കാണപ്പെടുന്നതാകാം. ഇവിടെ അയാളോടുള്ള സമീപനം ശത്രുവിനോടുള്ളതല്ല, മിത്രത്തോടുള്ളതായിരിക്കണം. അയാളിലെ ആശയക്കുഴപ്പം നമ്മൾ ദൂരീകരിച്ചെടുക്കേണ്ടതുണ്ട്. അതൊഴിച്ചുനിർത്തിയാൽ അയാളുടേത് ജനാനുകൂലമായ നിലപാട്തന്നെ.

**പദാർത്ഥ സങ്കല്പവും അതിന്റെ മാറ്റത്തെക്കുറിച്ചുള്ള ദ്വന്ദ്വാത്മക തത്വങ്ങളും ശാശ്വതമോ കേവലമോ അല്ല**

എല്ലാം ഭൗതികമാണെന്നും ഭൗതികേതരമായ ഒരസ്തിത്വവുമില്ലെന്നും പറയുമ്പോൾ പദാർത്ഥം തന്നെയാണ് ശാശ്വത സത്യം എന്ന് പറയാൻ കഴിയില്ലേ എന്നൊരു ചോദ്യം ഉന്നയി

(ശേഷം 8-ാം പേജിൽ)

# ആദിമ മനുഷ്യന്റെ ചിന്ത ഭൗതികവാദപരമായിരുന്നു; വർഗ്ഗവിഭജനത്തോടെ ആശയവാദചിന്ത ഉടലെടുത്തു

*(7-ാം പേജിൽ നിന്ന്)*

ക്കുകയുണ്ടായി. അതുപോലെതന്നെ, എല്ലാ മാറ്റത്തിനും പിന്നിൽ പ്രവർത്തിക്കുന്ന മൂന്ന് അടിസ്ഥാന തത്വങ്ങൾ ശാശ്വത സത്യമാണെന്ന് പറഞ്ഞാൽ എന്താണ് തെറ്റ്? ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഒരു പ്രത്യേക ഭൗതിക അസ്തിത്വത്തെക്കുറിച്ച് പറയുമ്പോൾ നമ്മൾ അർത്ഥമാക്കുന്നത്, പിണ്ഡമോ അതിന് സമാനമായതോ ഉള്ളതും സ്ഥിതി ചെയ്യാൻ സ്ഥലം വേണ്ടതുമായ കുറച്ച് ദ്രവ്യം എന്നുമാത്രമാണ്, അല്ലാതെ ദ്രവ്യത്തിന്റെ അഥവാ പദാർത്ഥത്തിന്റെ സാകല്യം എന്നല്ല. എന്തുകൊണ്ടെന്നാൽ, മുഴുവൻ പദാർത്ഥത്തിന്റെയും ഉറവിടമെന്നനിലയിൽ ഒരു പ്രത്യേക പദാർത്ഥവുമില്ല. അങ്ങനെയെങ്കിൽ, ഈ പ്രപഞ്ചത്തെയും ഭൗതികലോകത്തെയാകെയും നമ്മൾ എങ്ങനെയാണ് വീക്ഷിക്കേണ്ടത്? പദാർത്ഥത്തെക്കുറിച്ചുള്ള സാമാന്യധാരണയുടെ അടിസ്ഥാനത്തിൽ വേണം അതിനെ വീക്ഷിക്കാൻ. പദാർത്ഥം സൃഷ്ടിക്കപ്പെടുന്നത് പദാർത്ഥത്തിൽനിന്നുതന്നെയാണെന്നും പദാർത്ഥബാഹ്യമായ ഒരസ്തിത്വവുമില്ലെന്നും നമ്മൾ മനസ്സിലാക്കണം. ഈ ധാരണയനുസരിച്ച് ഒരു പ്രത്യേക പദാർത്ഥം ഒരേ സമയം പദാർത്ഥമാണ്, അതേ സമയംതന്നെ പദാർത്ഥമല്ലതാനും. പദാർത്ഥ സങ്കല്പത്തിന് ലെനിൻ മനോഹരമായ ഒരു ഭാഷ്യം നൽകിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: പദാർത്ഥം ഒരു തത്വചിന്താഗണമാണ്. മനുഷ്യൻ മുമ്പ് വിഭാവന ചെയ്തതൊക്കെയും ഇപ്പോൾ വിഭാവന ചെയ്യുന്നതും ഭാവിയിൽ വിഭാവന ചെയ്യാൻ പോകുന്നതൊക്കെയും പദാർത്ഥത്തെ അടിസ്ഥാനമാക്കിയാണ്, പദാർത്ഥബാഹ്യമായ ഒന്നിനെയും അടിസ്ഥാനമാക്കിയല്ല എന്നകാര്യമാണ് ഇതിലൂടെ അദ്ദേഹം ഊന്നിപ്പറയുന്നത്. പദാർത്ഥം ഒരു തത്വചിന്താഗണമാണ് എന്ന് പറയുമ്പോൾ, ഏതെങ്കിലും ഒരു പ്രത്യേക വസ്തുവിനെയോ ഭൗതിക അസ്തിത്വത്തെയോ അല്ല അദ്ദേഹം ഉദ്ദേശിച്ചത്.

എന്നാൽ, പദാർത്ഥം ശാശ്വതവും അമൂർത്തവും കേവലവുമാണോ? ആ ധാരണ ശരിയല്ല. എന്തുകൊണ്ട്? ഏതർത്ഥത്തിലാണ് പദാർത്ഥം ശാശ്വതമോ കേവലമോ അല്ല എന്ന് പറയുന്നത്? നമ്മൾ അറിയുന്ന പദാർത്ഥം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു, വിരുദ്ധ ശക്തികൾ തമ്മിലുള്ള സംഘർഷങ്ങളും വൈരുദ്ധ്യങ്ങളുംമൂലം അനുനിമിഷം അതിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതുതന്നെ കാരണം. പദാർത്ഥത്തിൽ സംഭവിക്കുന്ന ഈ മാറ്റവും പരിണാമവുമൊക്കെ നമ്മൾ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. ഈ അർത്ഥത്തിൽ പദാർത്ഥം ശാശ്വതമോ കേവലമോ അല്ല. പദാർത്ഥ സങ്കല്പമനുസരിച്ച് പദാർത്ഥം മാറ്റമില്ലാത്തതല്ല. അതുകൊണ്ടുതന്നെ എല്ലാ മാറ്റങ്ങളും പരിശോധനയ്ക്ക് വിധേയവുമാണ്. അതായത്, പദാർത്ഥം എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നു. പദാർത്ഥേതരമായ അസ്തിത്വം എന്നൊന്നില്ല. പദാർത്ഥം ശാശ്വതവുമല്ല. അത് നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ പദാർത്ഥ ലോകത്തെയാകെ നിരീക്ഷിച്ചിട്ട് ചിലർ വീണ്ടും ചോദിച്ചേക്കാം: പദാർത്ഥം എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നെങ്കിൽ അത് ശാശ്വതമാണെന്ന് പറഞ്ഞുകൂടേ? പദാർത്ഥം ശാശ്വതവും കേവലവുമാണെന്ന് പറയുന്നതിന് പകരം അത് സാർവ്വലൗകികമാണെന്ന് വേണം പറയാൻ. പ്രപഞ്ചത്തിൽ നാം കാണുന്നതെല്ലാം പദാർത്ഥം മാത്രമാണ്, പദാർത്ഥേതരമായതൊന്നും അവിടെയില്ല. നമ്മുടെ ചിന്തയും പ്രവൃത്തിയുമെല്ലാം പദാർത്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ പദാർത്ഥമാകട്ടെ നിശ്ചലമോ ഇളക്കമില്ലാത്തതോ സ്ഥിരമോ അല്ല. പദാർത്ഥമെന്നാൽ ചലനത്തിലുള്ള പദാർത്ഥം എന്നാണർത്ഥം. അത് നിരന്തര മാറ്റത്തിലാണ്. അതുകൊണ്ടുതന്നെ അത് മാറ്റമില്ലാത്തതോ കേവലമോ ശാശ്വതമോ അല്ല. ഈ നിരന്തര മാറ്റത്തിലുള്ള ഭൗതിക ലോകവുമായി പരസ്പര പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യന്റെ ചിന്തയും അവന്റെ ബോധവുമൊക്കെ നിരന്തരം മാറുകയും വികസിക്കുകയും ചെയ്യുന്നു.

അതുപോലെതന്നെ, എല്ലാ മണ്ഡലങ്ങളിലുമുണ്ടാകുന്ന വിജ്ഞാനത്തിന്റെ വളർച്ചയ്ക്കനുസരിച്ച്, മാറ്റത്തിന്റെ മൂന്ന് അടിസ്ഥാന തത്വങ്ങളെ സംബന്ധിച്ച മനസ്സിലാക്കലും ധാരണയും വികസിച്ചുകൊണ്ടിരിക്കുന്നു. അത് കൂടുതൽ വ്യക്തവും സ്പഷ്ടവും ആഴമാർന്നതും തുളച്ചുകയറുന്നതുമായിത്തീരുന്നു. ഈ അർത്ഥത്തിൽ നോക്കുമ്പോൾ, ഈ മൂന്ന് അടിസ്ഥാന തത്വങ്ങളും കേവലമോ ശാശ്വതമോ അല്ല എന്ന് മനസ്സിലാക്കാം. ഈ പ്രപഞ്ചത്തിൽ പദാർത്ഥത്തിൽനിന്ന് അന്യമായ ഒരു അസ്തിത്വവും ഇല്ല എന്നതുകൊണ്ടുതന്നെയാണ് നമ്മുടെ തത്വചിന്ത ഭൗതികവാദ തത്വചിന്തയായിരിക്കുന്നത്. നമ്മൾ മനസ്സിലാക്കുന്ന പദാർത്ഥംതന്നെ ദ്വന്ദ്വാത്മകമാണ്; അത് വൈരുദ്ധ്യ-സംഘർഷങ്ങളിലൂടെ മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നുള്ളതുകൊണ്ടാണ് നമ്മുടെ തത്വചിന്ത ദ്വന്ദ്വാത്മക ഭൗതികവാദമായിരിക്കുന്നത്. പദാർത്ഥത്തിന്റെ

> **നമ്മുടെ ചിന്തയും പ്രവൃത്തിയുമെല്ലാം പദാർത്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ പദാർത്ഥമാകട്ടെ നിശ്ചലമോ ഇളക്കമില്ലാത്തതോ സ്ഥിരമോ അല്ല. പദാർത്ഥമെന്നാൽ ചലനത്തിലുള്ള പദാർത്ഥം എന്നാണർത്ഥം. അത് നിരന്തര മാറ്റത്തിലാണ്. അത് മാറ്റമില്ലാത്തതോ കേവലമോ ശാശ്വതമോ അല്ല. ഈ നിരന്തര മാറ്റത്തിലുള്ള ഭൗതിക ലോകവുമായി പരസ്പര പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യന്റെ ചിന്തയും അവന്റെ ബോധവുമൊക്കെ നിരന്തരം മാറുകയും വികസിക്കുകയും ചെയ്യുന്നു.**




ഈ അടിസ്ഥാന ദ്വന്ദ്വാത്മക സ്വഭാവം മൂലമാണ് നമ്മുടെ തത്വചിന്ത ദ്വന്ദ്വാത്മക ഭൗതികവാദമായിരിക്കുന്നത്.

**മനുഷ്യചിന്ത തുടക്കത്തിൽ ഭൗതികവാദപരമായിരുന്നു**

പ്രധാനപ്പെട്ട മറ്റുചില വിഷയങ്ങൾകൂടി നമുക്ക് ചർച്ചചെയ്യാം. സമൂഹം വർഗ വിഭജിതമാകുന്നതിനുമുമ്പ് ആദിമ മനുഷ്യന്റെ ചിന്ത ഭൗതികവാദപരമായിരുന്നു. എങ്ങനെയാണ്, എന്തുകൊണ്ടാണ് സമൂഹം വർഗങ്ങളായി വിഭജിക്കപ്പെട്ടത്? ഏത് സാഹചര്യത്തിലാണ് ആശയവാദചിന്ത മനുഷ്യമനസ്സിൽ പ്രത്യക്ഷപ്പെട്ടത്? മാർക്സിസ്റ്റ് തത്വചിന്തയെക്കുറിച്ച് സമഗ്രമായൊരു ധാരണ ലഭിക്കണമെങ്കിൽ ഈ വിഷയങ്ങൾ മൂർത്തവും ഭൗതികവാദപരവുമായി വിശകലനം ചെയ്യേണ്ടതുണ്ട്. ഇവ ചർച്ചചെയ്യുമ്പോൾ സുപ്രധാനമായ മറ്റുചില വിഷയങ്ങൾ കൂടി കടന്നുവന്നേക്കാം. അവയും ആവശ്യാനുസരണം പരിശോധിക്കാം. സമയം കുറവായതുകൊണ്ട് വിശദമായ ചർച്ച സാദ്ധ്യമല്ല. ചിന്ത ഉദയംചെയ്യാനുള്ള ഭൗതിക സാഹചര്യവും അതിനുള്ള മനുഷ്യ മസ്തിഷ്കത്തിന്റെ ശേഷിയും നിലവിൽ വന്നതോടെ ക്രമേണ ചിന്ത പ്രത്യക്ഷപ്പെടുകയായിരുന്നു. മനുഷ്യ മസ്തിഷ്കത്തിന്റെ ഘടനയും സവിശേഷതകളുമാണ് അതിന് മനുഷ്യനെ പ്രാപ്തനാക്കിയത്. മസ്തിഷ്കവും ബാഹ്യലോകവും തമ്മിലുള്ള പരസ്പര പ്രവർത്തനമാണ് ചിന്തയ്ക്ക് ജന്മം നൽകിയത്. ആദിമ മനുഷ്യൻ വിപരീത സാഹചര്യങ്ങളോട് മല്ലടിച്ചാണ് ജീവിച്ചത്. അവന് ഭക്ഷണവും അഭയവും നൽകാൻ ആരും ഉണ്ടായിരുന്നില്ല. ഒരു വശത്ത് ഹിംസ്രജന്തുക്കളെയും മറുവശത്ത് പ്രതികൂലമായ പ്രകൃതിയെയും നേരിട്ട് അവൻ സ്വന്തം ജീവിതം കരുപ്പിടിപ്പിച്ചു. അന്ന് നിലനിൽപിനായുള്ള പോരാട്ടത്തിൽ മനുഷ്യർ ഒന്നിച്ചുനിന്നു. പ്രതികൂലാവസ്ഥകളെ നേരിടാൻ, അതിജീവിക്കാൻ അവർക്ക് ഒന്നിച്ചുനിൽക്കുകയേ മാർഗമുണ്ടായിരുന്നുള്ളൂ. ഒറ്റയ്ക്ക് ജീവിക്കാനാവില്ല എന്ന ബോധമാണ് അനുഭവത്തിൽനിന്ന് മനഷ്യൻ ആദ്യം ആർജിച്ചത് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. നിലനിൽപ്പിനായി പരസ്പരം യോജിച്ച് പോരാടേണ്ടതുണ്ട് എന്ന ബോധമായിരുന്നു ആദിമമനുഷ്യനിൽ ആദ്യം അങ്കുരിച്ചത് എന്ന് നമുക്ക് സമ്മതിക്കേണ്ടിവരും. ഇവ്വിധത്തിൽ മനുഷ്യർ ഒന്നിക്കുകയും സാമൂഹ്യ ജീവികളായി മാറുകയും ചെയ്തു. മറ്റുപല ജീവികളും ഒന്നിച്ച് ജീവിക്കുന്നുണ്ടെങ്കിലും അവയ്ക്കൊന്നും ഒരു സമൂഹം കെട്ടിപ്പടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള ബോധനിലവാരം ഇല്ല എന്നതുതന്നെ കാരണം. അത് അവർക്ക് ഒരിക്കലും ആർജിക്കാൻ കഴിഞ്ഞിട്ടുമില്ല.

ആദിമമനുഷ്യർ സമൂഹമായി ഒന്നിക്കുകയും പ്രകൃതിയോട് മല്ലടിക്കുകയും പ്രകൃതിയുമായുള്ള പരസ്പര പ്രവർത്തനം മുന്നേറുകയും ചെയ്തപ്പോൾ അവന്റെ മസ്തിഷ്കത്തിൽ പല ചിന്തകളും ഉദയംചെയ്തു. അന്ന് ചിന്താശേഷിയല്ലാതെ, മനുഷ്യനെ മൃഗത്തിൽനിന്ന് വേർതിരിക്കുന്ന സവിശേഷ ഘടകങ്ങളൊന്നുമുണ്ടായിരുന്നില്ല. മനഷ്യൻ ക്രമേണ സമൂഹമായി സംഘടിക്കുകയും പ്രതികൂല സാഹചര്യങ്ങളോട് മല്ലടിച്ചുകൊണ്ട് സ്വന്തം ജീവിതം വെട്ടിത്തെളിച്ചെടുക്കുകയും ചെയ്തു. സൂര്യൻ ഉദിക്കുന്നത്, കറുത്തപക്ഷവും വെളുത്തപക്ഷവും മാറിമാറി പ്രത്യക്ഷപ്പെടുന്നത്, വേലിയേറ്റവും വേലിയിറക്കവും, രാത്രിയും പകലും, ഋതുഭേദങ്ങൾ തുടങ്ങിയവയൊക്കെ അവനിൽ ചോദ്യങ്ങളുണർത്തി. എന്താണ് ആകാശം, എന്താണീ നക്ഷത്രങ്ങൾ, എന്താണ് കാറ്റ് തുടങ്ങിയ ചോദ്യങ്ങളൊക്കെ അന്നത്തെ മനുഷ്യന്റെ മനസ്സിനെ സഹജമായ രീതിയിൽ മഥിച്ചുകൊണ്ടിരുന്നു. അന്ന്, എല്ലാത്തിന്റെയും സ്രഷ്ടാവായ സർവ്വശക്തനായ ഒരു ദൈവമുണ്ടെന്ന് അവൻ ചിന്തിച്ചില്ല. അവന്റെ മസ്തിഷ്കത്തിൽ അങ്ങനെയൊരു ചിന്ത പ്രത്യക്ഷപ്പെട്ടില്ല. അതായത്, ആശയവാദചിന്ത, അല്ലെങ്കിൽ ദൈവശാസ്ത്രം ഉദയംചെയ്തിരുന്നില്ല. “ചിന്ത ദൈവത്തിന്റെ ഭാവനാവിലാസമാണ്” എന്നത് സത്യമായിരുന്നെങ്കിൽ ആദിമ മനുഷ്യന്റെ ചിന്തയിൽ അത് പ്രത്യക്ഷപ്പെട്ടേനെ. ആരുടെയെങ്കിലുമൊക്കെ ചിന്തയിൽ അത് പ്രകടമായേനെ. എന്നാൽ, വർഗ വിഭജനത്തിനുമുമ്പ് മനുഷ്യസമൂഹത്തിൽ ഒരു ദിവ്യശക്തിയെക്കുറിച്ചുള്ള ആശയവാദ സങ്കല്പങ്ങളോ ചിന്തയോ സിദ്ധാന്തമോ ഒന്നും ഉദയം ചെയ്തിരുന്നില്ലെന്ന് ചരിത്ര പഠനത്തിലൂടെയും ഗവേഷണങ്ങളിലൂടെയും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദിമ സമൂഹത്തിൽ പദാർത്ഥാതീതമായ ഒരു അസ്തിത്വത്തെക്കുറിച്ചുള്ള ഒരു സങ്കല്പവും നിലനിന്നിരുന്നതിന് ഇതുവരെ ഒരു തെളിവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വ്യത്യസ്ത ഗവേഷണങ്ങൾ, പ്രത്യേകിച്ച് മോർഗന്റെ പഠനങ്ങൾ ഇത്തരമൊരു തെളിവും കണ്ടെത്തിയിട്ടില്ല. മനുഷ്യൻ പിന്തുടർന്നത്, പഠിച്ചത്, അവൻ നിയന്ത്രിക്കാനും മെരുക്കാനും പ്രീതിപ്പെടുത്താനും ശ്രമിച്ചത്, എല്ലാം പദാർത്ഥനിർമ്മിതമായ വസ്തുക്കളെയും ഭൗതിക ശക്തികളെയുമായിരുന്നു. മണ്ണ്, വെള്ളം, കാറ്റ്, കല്ല്, പോലുള്ളവയെയാണ് അവർക്ക് പഠിക്കാനുണ്ടായിരുന്നത്. ഇവയൊന്നുംതന്നെ പദാർത്ഥേതരമായ അസ്തിത്വമല്ല. പദാർത്ഥത്തിനതീതമായ ഒരു അസ്തിത്വത്തെക്കുറിച്ച്, ശക്തിയെക്കുറിച്ച് അന്ന് അവൻ ചിന്തിച്ചിട്ടേയില്ല. അവൻ സങ്കല്പിച്ചതെല്ലാം ഭൗതിക ശക്തികളെ, പദാർത്ഥാധിഷ്ഠിത ശക്തികളെത്തന്നെയായിരുന്നു. ഇതെല്ലാം ചർച്ചചെയ്യുന്നത് അന്നത്തെ മനുഷ്യന്റെ ചിന്ത ഭൗ

*(ശേഷം 9-ാം പേജിൽ)*

# വർഗ്ഗവിഭജിതമാകുന്നതിന് മുമ്പ് സമൂഹം പുരോഗമിച്ചത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യത്തിലൂടെയാണ്

(8-ാം പേജിൽ നിന്ന്)

തികവാദപരമായിരുന്നു എന്ന് കാണിക്കാനാണ്. പദാർത്ഥത്തിന് വെളിയിലുള്ള ഒന്നിനെക്കുറിച്ചും അവന് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. ഭൗതികവാദം അന്ന് പ്രാഥമികഘട്ടത്തിലായിരുന്നെങ്കിലും അവൻ ചിന്തിച്ചത് ആശയവാദപരമായല്ല, ഭൗതികവാദപരമായിത്തന്നെയായിരുന്നു.

പദാർത്ഥത്തെക്കുറിച്ച് പഠിക്കാനുള്ള മനുഷ്യന്റെ അന്വേഷണം ആരംഭിക്കുന്നത് അന്നുമുതലാണ്. സ്വാഭാവികമായും ചരിത്രപരമായ പരിമിതികൾക്കകത്തുനിന്ന് എല്ലാറ്റിനെക്കുറിച്ചും അവൻ പഠിക്കാൻ ശ്രമിച്ചു. പദാർത്ഥത്തെക്കുറിച്ചുള്ള ആദിമ മനുഷ്യന്റെ പഠനങ്ങളായിരുന്നു അന്നത്തെ ശാസ്ത്രം. അതിന് ഇന്നത്തെ സയൻസുമായി യാതൊരു ബന്ധവുമില്ല. തനിക്ക് പ്രകൃതിശക്തികളെ മനസ്സിലാക്കാനാകും എന്ന ചിന്തയെയും അവയെ നിയന്ത്രിക്കാനുള്ള അവന്റെ പരിശ്രമങ്ങളെയുമാണ് ആദിമ മനുഷ്യന്റെ ശാസ്ത്രം എന്ന് വിളിക്കുന്നത്. മന്ത്രവാദം, ആഭിചാരം, വശീകരണം, മാന്ത്രികവിദ്യ എന്നിവയൊക്കെ ഈ ശാസ്ത്രത്തിൽ അടങ്ങിയിരുന്നു. എന്നാൽ ഈ മാന്ത്രികവിദ്യ ഇന്നത്തെ മാജിക്കുമായി ഒരു ബന്ധവുമുള്ളതല്ല. ഈ മന്ത്രവാദംകൊണ്ടോ മാന്ത്രികവിദ്യകൊണ്ടോ ഒന്നും മനുഷ്യൻ ഒരു അറിവും നേടിയിട്ടില്ല, അത് സാദ്ധ്യവുമല്ല. അനുഭവങ്ങളിലൂടെ, പല തിരിച്ചടികളെയും നേരിട്ടുകൊണ്ടാണ് മനുഷ്യൻ വിജ്ഞാനമാർജ്ജിച്ചിട്ടുള്ളത്. എന്തിനെയെങ്കിലും വരുതിയിലാക്കണമെന്നുവരുമ്പോൾ അവർ അതിന്റെ മുന്നിൽ പല ചേഷ്ടകളും ഗോഷ്ടികളും കാണിച്ചുകൊണ്ട് അത് സാധിച്ചെടുക്കാൻ ശ്രമിച്ചു. ഉദാഹരണത്തിന് ഒരാൾ പാറയ്ക്കടിയിൽപ്പെട്ടുപോയാൽ പാറയ്ക്കുചുറ്റും ഒരു അനുഷ്ഠാനമെന്നോണം ചുവടുകൾ വച്ചുകൊണ്ട് അവർ ഗോഷ്ടികൾ കാട്ടി. തീപിടുത്തമുണ്ടാകുമ്പോഴാകട്ടെ, ഒരു ചെറിയ തീക്കുണ്ഡമുണ്ടാക്കി അതിനുചുറ്റും ഈ നടപടി ആവർത്തിച്ചു. അംഗചലനങ്ങളോടൊപ്പം അവർ നടത്തിയ പിറുപിറുപ്പാണ് നമ്മുടെ രാജ്യത്ത് തലമുറകളിലൂടെ സംസ്കരിക്കപ്പെട്ട് സംസ്കൃത ശ്ലോകങ്ങളുടെ രൂപത്തിൽ മന്ത്രങ്ങളായി പരിണമിച്ചത്. അവരുടെ അർത്ഥശൂന്യമായ ഭാഷണങ്ങൾ അങ്ങനെ മന്ത്രങ്ങളായിമാറി. ഇന്ന് നമ്മൾ കാണുന്ന ആരാധനയുടെയും ചടങ്ങുകളുടെയുമൊക്കെ അടിസ്ഥാനം മുഖ്യമായും ദൈവത്തിലുള്ള വിശ്വാസമാണ്. ഇന്ന് കാണുന്ന അനുഷ്ഠാനങ്ങളും മന്ത്രോച്ചാരണവുമൊക്കെ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടത് ദൈവവിശ്വാസവുമായി ബന്ധപ്പെട്ടാണ്. ആദിമ മനുഷ്യന്റെ ജല്പനങ്ങൾ സംസ്കൃത ശ്ലോകത്തിൽ പരിഷ്കരിച്ചവതരിപ്പിച്ച ഈ മന്ത്രങ്ങൾക്ക് പക്ഷേ ആദിമമനുഷ്യന്റെ അനുഷ്ഠാനങ്ങളുമായി കാര്യമായ ബന്ധമൊന്നുമില്ലെന്നുമാത്രം.

ഭൗതികവാദ ചിന്തയ്ക്ക് ഒരു ചരിത്രമുണ്ടെന്ന് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. ആശയവാദചിന്തയ്ക്കും ഇങ്ങനെയൊരു വികാസ ചരിത്രമുണ്ട്. എന്നാൽ ഭൗതികവാദ ചിന്തയ്ക്ക് ആശയവാദ ചിന്തയേക്കാൾ പഴക്കമുണ്ട്. സമൂഹം വർഗവിഭജിതമാകുന്നതിനുമുമ്പ് ആശയവാദചിന്ത ഉദയംചെയ്തിരുന്നില്ല. അതിനുമുമ്പ് ഇന്ന് കാണുന്നതുപോലെ വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം പ്രത്യക്ഷപ്പെട്ടിരുന്നില്ല. വൈരുദ്ധ്യമില്ലാതെ ചലനമില്ല എന്നതിനാൽ അന്ന് സമൂഹം എങ്ങനെയാണ് പുരോഗമിച്ചത്? സമൂഹത്തിന്റെ പുരോഗതിക്ക് പ്രേരകശക്തിയായി വർത്തിച്ച അന്നത്തെ മുഖ്യവൈരുദ്ധ്യം പ്രകൃതിയും മനുഷ്യനും തമ്മിലുള്ളതായിരുന്നു. അതായത്, പ്രകൃതിയെ അറിയാനുള്ള മനുഷ്യന്റെ സമരമായിരുന്നു അന്നത്തെ പ്രധാന വൈരുദ്ധ്യം. പ്രകൃതിയെ മനസ്സിലാക്കാനും പ്രതികൂലമായ പ്രകൃതിശക്തികളെ കീഴ്പ്പെടുത്താനും മനുഷ്യൻ പൊരുതി. മനുഷ്യജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രകൃതിയെ പരമാവധി ഉപയോഗപ്പെടുത്തുന്നതായിരുന്നു അവന്റെ സമരം. എളിയ തോതിലാണെങ്കിലും അന്ന് ഉല്പാദനം ആരംഭിച്ചു. അതോടെ ഉല്പാദനശക്തികളും ഉല്പാദന ബന്ധവും തമ്മിലുള്ള വൈരുദ്ധ്യവും പ്രത്യക്ഷപ്പെട്ടു. വർഗസമരം രൂക്ഷമായ ഇന്ന് ഈ വൈരുദ്ധ്യം കൂടുതൽ തീവ്രവും വികസിതവുമായിരിക്കുന്നു. വിദൂരഭാവിയിൽ, കമ്മ്യൂണിസ്റ്റ് സമൂഹം സ്ഥാപിതമായതിനുശേഷവും, ഉല്പാദനശക്തികളും ഉല്പാദനബന്ധവും തമ്മിലുള്ള ഈ വൈരുദ്ധ്യം തുടരും. എന്നാൽ വൈരുദ്ധ്യത്തിന്റെ പ്രതിയോഗിത സ്വഭാവം അവസാനിക്കുമെന്നുമാത്രം. പ്രകൃതിയെ അറിയാനും അറിയാത്തത് അറിയാനും അതിന്മേൽ നിയന്ത്രണം കയ്യടക്കാനും അതുവഴി നാഗരികതയെ നിരന്തരം വികസിപ്പിക്കാനും മുന്നോട്ടു കൊണ്ടുപോകാനുമുള്ള ശ്രമവും തുടർന്നുകൊണ്ടിരിക്കും. അതായത്, സാമൂഹ്യമുന്നേറ്റം കമ്മ്യൂണിസ്റ്റ് സമൂഹത്തിലെത്തുന്നതോടെ നിലയ്ക്കുകയില്ല, കമ്മ്യൂണിസ്റ്റ് സമൂഹത്തിന്റെ തന്നെ കൂടുതലുയർന്ന ഘട്ടങ്ങളിലേയ്ക്ക് അത് മുന്നേറിക്കൊണ്ടിരിക്കുകയാണ് ചെയ്യുക.

ഇന്നത്തെ സമൂഹം വർഗ വിഭജിതമാണ്. ചൂഷകരും ചൂഷിതരും തമ്മിലുള്ള വൈരുദ്ധ്യമാണ് ഈ സമൂഹത്തിലെ മുഖ്യ വൈരുദ്ധ്യം. എന്നാൽ, സമൂഹമായി സംഘടിച്ച ആദിമ മനുഷ്യരുടെയിടയിൽ അങ്ങനെ ചൂഷകരും ചൂഷിതരും എന്ന നിലയിലുള്ള ഒരു വിഭജനം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അങ്ങനെയൊരു വൈരുദ്ധ്യവും നിലവിലുണ്ടായിരുന്നില്ല. സമൂഹം വർഗവിഭജിതമായിരുന്നില്ല എന്നർത്ഥം. എന്നാൽ പിന്നീടുള്ള സമൂഹത്തിൽ ഉടമകൾ അടിമകൾക്കുമേൽ കടുത്ത ചൂഷണം അടിച്ചേല്പിക്കുന്നത്, ഭൂപ്രഭുക്കൾ കർഷകരെയും മുതലാളിമാർ തൊഴിലാളികളെയും ചൂഷണം ചെയ്യുന്നത് നമ്മൾ കണ്ടു. ദുരന്തപൂർണമായ ഈ അദ്ധ്യായങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ആദിമ ഗോത്ര സമൂഹത്തിൽ വർഗചൂഷണവും വർഗവൈരുദ്ധ്യവും ഉദയംചെയ്തിരുന്നില്ല. വർഗങ്ങൾ നിലവിൽ വന്നിരുന്നില്ല. അന്ന് പല കാര്യങ്ങൾക്കുംവേണ്ടി മനുഷ്യൻ പരസ്പരം പോരാടിയിരുന്നുവെന്നത് ശരിതന്നെ. ഒരു ഇറച്ചിക്കഷണത്തിനുവേണ്ടി അവർ കലഹിച്ചിട്ടുണ്ടാകാം. എന്നാൽ സമൂഹം വർഗങ്ങളായി വേർതിരിഞ്ഞിരുന്നില്ല. അപ്പോൾ ഉയരുന്ന ചോദ്യമിതാണ്: സമൂഹം വർഗങ്ങളായി വേർപിരിഞ്ഞതെങ്ങനെ?

വർഗവിഭജനത്തിന്റെ കാരണം മനസ്സിലാക്കണമെങ്കിൽ അല്പം ആഴത്തിൽ ചിലകാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. മനുഷ്യന്റെ ആവശ്യങ്ങൾ അനന്തമാണ്. അത് നിരന്തരം വർദ്ധിച്ചുവരുന്നത് സ്വാഭാവികം മാത്രം. മഴ പെയ്തപ്പോൾ ഒരു മരച്ചുവട്ടിൽ അഭയംപ്രാപിച്ച, ഒരു ഗുഹയ്ക്കുള്ളിൽ അല്പം ഇടംകണ്ടെത്തിയ ആദിമ മനുഷ്യൻ ഒരു കൊട്ടാരത്തിൽ താമസിക്കുന്നതുപോലെയുള്ള ഒരു സ്വർഗീയ സുഖമാണ് അന്നനുഭവിച്ചത്. എന്നാൽ ഇന്നത്തെ മനുഷ്യന് സുഖസൗകര്യങ്ങളെക്കുറിച്ചുള്ള സങ്കല്പം തീർത്തും വ്യത്യസ്തമാണ്. ഇന്ന് ഏറ്റവും പ്രാഥമികമായ സൗകര്യങ്ങളെന്ന് കരുതുന്നതുപോലും ആദിമ മനുഷ്യന് സ്വപ്നം കാണാൻ കഴിയുമായിരുന്നില്ല. ആവശ്യങ്ങൾ മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കും. അത് നേടാനായി കൊലപാതകം നടത്താൻ പോലും ഇന്ന് മനുഷ്യൻ തയ്യാറാകും. എന്നാൽ ഈ ആവശ്യങ്ങളൊക്കെ ആദിമ മനുഷ്യനെ സംബന്ധിച്ചിടത്തോളം ദിവാസ്വപ്നങ്ങളായിരുന്നു. കാലം ചെല്ലുന്തോറും മനുഷ്യന്റെ ആവശ്യങ്ങൾ വർദ്ധിച്ചുവന്നു. ആവശ്യങ്ങളെ സംബന്ധിച്ച ധാരണയിലും മാറ്റങ്ങളുണ്ടായി. എന്നാൽ ആദിമകാലത്ത് മനുഷ്യൻ അഭിമുഖീകരിച്ച പ്രധാന പ്രശ്നം ആവശ്യത്തിന് നിരക്കുന്ന ഉല്പാദനം ഇല്ല എന്നതായിരുന്നു. അതുകൊണ്ടുതന്നെ വിതരണത്തിൽ അന്തരം പ്രത്യക്ഷപ്പെട്ടു. ഒരു ഘട്ടത്തിൽ, കയ്യൂക്കുള്ളവർ ബലപ്രയോഗത്തിലൂടെ ഭൂമിയുടെ ഉടമസ്ഥന്മാരായിത്തീർന്നു. തരിശുഭൂമികൾ എല്ലാവരുംചേർന്ന് കൃഷിയോഗ്യമാക്കിത്തീർത്തു. ഗോത്രത്തലവന്മാരും പടയാളികളും കയ്യൂക്കുള്ളവരുമെല്ലാം ഗോത്രത്തിലെ തുല്യാവകാശങ്ങളുണ്ടായിരുന്ന മറ്റുള്ളവരെ അടിമകളാക്കി മുഴുവൻ ഭൂമിയുടെയും ഉടമസ്ഥാവകാശം പിടിച്ചെടുത്തു, ഭൂമി സ്വന്തമായില്ലാത്തവർ മറ്റുള്ളവർക്കുവേണ്ടി പണിയെടുക്കാൻ നിർബ്ബന്ധിതരായി. ഉടമകളാകട്ടെ സുഖസൗകര്യങ്ങളിൽ മുഴുകുകയും ചെയ്തു.

ഈ പ്രക്രിയയിലൂടെ അടിമയുടമകൾ, സമ്പന്നർ, ശക്തർ കാലാന്തരത്തിൽ ഉയർന്നുവന്നു. അതോടൊപ്പം അവരുടെ സ്വകാര്യസ്വത്തും നിലവിൽവന്നു. കുറച്ച് ഉടമകളും ബഹുഭൂരിപക്ഷം അടിമകളുമായി സമൂഹം രണ്ടായി പിരിഞ്ഞു. രണ്ട് വർഗങ്ങൾ ഉയർന്നുവന്നു. ആദിമ ഗോത്രസമൂഹത്തിൽ ഗോത്രങ്ങൾക്ക് സ്ഥിരവാസമുണ്ടായിരുന്നില്ല. പഴങ്ങൾ ശേഖരിച്ചും മൃഗങ്ങളെ വേട്ടയാടിയും അവർ അലഞ്ഞുതിരിഞ്ഞു. അതിനപ്പുറം എന്തെങ്കിലും ഉല്പാദനം നടത്താൻ അവർക്കറിയില്ലായിരുന്നു. ഗോത്രങ്ങൾ തമ്മിൽ ഏറ്റുമുട്ടലുകളുമുണ്ടായി. യുദ്ധത്തിൽ പരാജയപ്പെട്ടവരെ കൊന്നുകളയുകയായിരുന്നു പതിവ്. അന്ന് ആവശ്യമായ ഭക്ഷണം സംഘടിപ്പിക്കുക വലിയ ബുദ്ധിമുട്ടായിരുന്നതിനാൽ പരാജയപ്പെട്ടവരെ തടവുകാരാക്കിവയ്ക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ കന്നുകാലി വളർത്തലും കൃഷിയും പോലുള്ള സ്ഥിരസ്വത്ത് നിലവിൽ വന്നതോടെ പരാജയപ്പെടുന്നവർ കഠിനമായ കായികാദ്ധ്വാനത്തിന് നിയോഗിക്കപ്പെട്ടു.

കന്നുകാലി വളർത്തലും കൃഷിയും നിലവിൽവന്നപ്പോൾ ഉല്പാദിപ്പിക്കുന്നത് സംഭരിച്ചു വയ്ക്കാമെന്നായി. അതോടെയാണ് കയ്യൂക്കുള്ളവർ മറ്റുള്ളവർക്കുമേൽ ബലം പ്രയോഗിക്കാൻ തുടങ്ങിയത്. കൃഷി ആരംഭിച്ചതോടെ സ്ഥിരസ്വത്ത് നിലവിൽവന്നു. ക്രമേണ ആവശ്യകത വർദ്ധിച്ചുവരികയും അതിനനുസരിച്ച് ഉല്പന്നങ്ങൾ ലഭിക്കാതെ വരികയും ചെയ്തതോടെ ഉടലെടുത്ത വൈരുദ്ധ്യത്തിൽനിന്ന് സമൂഹം രണ്ട് വർഗങ്ങളായി വിഭജിക്കപ്പെട്ടു. കയ്യൂക്കുള്ളവർ മറ്റുള്ളവർക്ക് എല്ലാം നിഷേധിച്ച് എല്ലാം കയ്യടക്കി. മറ്റുള്ളവർക്കുകൂടി അവകാശപ്പെട്ട ഭൂമി പിടിച്ചെടുത്ത് അതിൽ ഉടമസ്ഥാവകാശം സ്ഥാപിച്ചു. അങ്ങനെ അടിമകളും ഉടമകളുമായി സമൂഹം വിഭജിക്കപ്പെട്ടു. സ്വകാര്യസ്വത്ത് നിലവിൽവന്നതോടെ അതിന്റെ സംരക്ഷണത്തിനായി നിയമങ്ങളും ചട്ടങ്ങളുമൊക്കെ ഉണ്ടായി. ക്രമസമാധാനപാലനം സ്വത്തുള്ളവന്റെ ആവശ്യകതയായി മാറി. തുടക്കത്തിൽ ഉടമകളുടെ ഭൂമിയിലുള്ള അവകാശം അംഗീകരിച്ചുകൊടുക്കാൻ സാധാരണക്കാരായ മറ്റുള്ളവർ തയ്യാറായിരുന്നില്ല. കാരണം, എല്ലാവരും ചേർന്ന് അദ്ധ്വാനിച്ചാണ് ഭൂമി

(ശേഷം 10-ാം പേജിൽ)

**ആദിമമനുഷ്യർ സമൂഹമായി ഒന്നിക്കുകയും പ്രകൃതിയോട് മല്ലടിക്കുകയും പ്രകൃതിയുമായുള്ള പരസ്പര പ്രവർത്തനം മുന്നേറുകയും ചെയ്തപ്പോൾ അവന്റെ മസ്തിഷ്കത്തിൽ പല ചിന്തകളും ഉദയംചെയ്തു. അന്ന് ചിന്താശേഷിയല്ലാതെ, മനുഷ്യനെ മൃഗത്തിൽനിന്ന് വേർതിരിക്കുന്ന സവിശേഷ ഘടകങ്ങളൊന്നുമുണ്ടായിരുന്നില്ല. മനഷ്യൻ ക്രമേണ സമൂഹമായി സംഘടിക്കുകയും പ്രതികൂല സാഹചര്യങ്ങളോട് മല്ലടിച്ചുകൊണ്ട് സ്വന്തം ജീവിതം വെട്ടിത്തെളിച്ചെടുക്കുകയും ചെയ്തു.**

സൈദ്ധാന്തിക പാഠങ്ങൾ



# ചൂഷകവർഗ്ഗം ആശയവാദ ചിന്തയെ സ്വാർത്ഥ താല്പര്യാർത്ഥം ഉപയോഗപ്പെടുത്തി

(9-ാം പേജിൽ നിന്ന്)

കൃഷിയോഗ്യമാക്കിയത്. ഭൂമി നഷ്ടപ്പെട്ടവർ ഇത് മനസ്സിൽവച്ചിരുന്നു. എന്നാൽ കാലമേറെക്കഴിഞ്ഞപ്പോൾ ആളുകൾ ഇതെല്ലാം മറന്നു. അടിമത്തവ്യവസ്ഥയുമായി അവർ പൊരുത്തപ്പെട്ടു. ഭൂമിയിൽ തങ്ങൾക്ക് ഒരു അവകാശവുമില്ലെന്നും എല്ലാം ഉടമകൾക്ക് അവകാശപ്പെട്ടതാണെന്നും അവർ വിശ്വസിച്ചു. നിർധന കുടുംബങ്ങളിൽ ജനിച്ച തങ്ങൾ വെറും പാപ്പരാണെന്ന് അവർ സ്വയം കരുതി. എന്നാൽ പണ്ട് തങ്ങളുടെയും ഈ ഉടമകളുടെയും അപ്പനപ്പൂപ്പന്മാർക്ക് സമൂഹത്തിൽ തുല്യപദവിയാണ് ഉണ്ടായിരുന്നതെന്ന കാര്യം അവർ മറന്നുപോയി. അവരിതെല്ലാം മറക്കാൻ നിർബ്ബന്ധിതരായി. അനീതിയും അടിച്ചമർത്തലും നിറഞ്ഞ സുദീർഘമായ ഈ പ്രക്രിയയിലൂടെയാണ് ഭൂമിക്കുമേലുള്ള വ്യക്തിഗത ഉടമസ്ഥത അഥവാ സ്വകാര്യ ഉടമസ്ഥത സ്ഥാപിതമായത്. ആ ഘട്ടം മുതൽതന്നെ വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും ആരംഭിച്ചു. എല്ലാവരുടെയും ആവശ്യകതകളെ തൃപ്തിപ്പെടുത്താൻ പാകത്തിൽ ഉല്പാദനം വർദ്ധിക്കുകയും ഉല്പന്നങ്ങളാകെ പക്ഷപാതരഹിതമായി വിതരണം ചെയ്യപ്പെടുകയും യാഥാർത്ഥ്യമാകാതെ ഈ വൈരുദ്ധ്യത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല.

ആദ്യം പ്രാകൃത സമൂഹവും തുടർന്ന് അടിമ-ഉടമ സമൂഹവും പിന്നീട് ജന്മിത്തവും വളരെക്കാലത്തിനുശേഷം മുതലാളിത്ത വ്യവസ്ഥ അഥവാ ബൂർഷ്വാ ജനാധിപത്യ സമൂഹവും നിലവിൽ വന്നു. ഈ ജനാധിപത്യം ബൂർഷ്വാ ജനാധിപത്യമായിരുന്നു. ഇതേത്തുടർന്ന് ചില രാജ്യങ്ങളിൽ സോഷ്യലിസം അഥവാ തൊഴിലാളിവർഗ സർവ്വാധിപത്യം സ്ഥാപിതമായി. സോഷ്യലിസ്റ്റ് ഘട്ടവും പിന്നിട്ടുകഴിയുമ്പോൾ വർഗരഹിത കമ്മ്യൂണിസ്റ്റ് സമൂഹം സ്ഥാപിതമാകും. അവിടെ ഇന്ന് കാണുന്നതുപോലുള്ള ഈ സാമൂഹ്യമായ ശത്രുത അഥവാ ഉല്പാദനത്തെയും വിതരണത്തെയും കേന്ദ്രീകരിച്ചുള്ള ശത്രുതാപരമായ വൈരുദ്ധ്യം പരിഹരിക്കപ്പെടുകയും ചെയ്യും.

**വർഗ വിഭജനത്തെ തുടർന്നാണ് ആശയവാദചിന്ത ഉദയംചെയ്തത്**

അടുത്ത വിഷയം, വർഗ വിഭജിത സമൂഹത്തിൽ ആശയവാദ ചിന്ത എങ്ങനെ ഉദയം ചെയ്തു എന്നതാണ്. സമൂഹം വർഗങ്ങളായി വിഭജിക്കപ്പെട്ടതിനുശേഷം, ഒരു ഘട്ടത്തിൽ, നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായാണ് എല്ലാം പ്രവർത്തിക്കുന്നതെന്ന് മനുഷ്യൻ കണ്ടെത്തി. ചിലർ യജമാനനെ സേവിക്കുകയാണ് തങ്ങളുടെ കർത്തവ്യമെന്ന് വിശ്വസിച്ച് അതുമാത്രം ചെയ്തുപോന്നു. നെല്ല് കുത്തുന്നവരാകട്ടെ അതുമാത്രം ചെയ്തു. ജോലിക്കാർ, സേവകർ, കാവൽക്കാർ, അംഗരക്ഷകർ തുടങ്ങിയവരെല്ലാം അവരെ ഏൽപിച്ച പണി മാത്രം ചെയ്തുപോന്നു. രാജാവ് അല്ലെങ്കിൽ യജമാനൻ എല്ലാവരെയും ഭരിക്കുന്ന ആളായിരുന്നു. ഇതെല്ലാം എല്ലാവരും അംഗീകരിച്ചിരുന്നതുകൊണ്ട് സമൂഹം വ്യവസ്ഥയോടെയും ചിട്ടയോടെയും മുന്നോട്ടുപോയി. എല്ലാക്കാര്യങ്ങളും കൃത്യമായി മനസ്സിലാക്കി എല്ലാവരും ചെയ്തു എന്നല്ല ഇതിനർത്ഥം. എന്നാൽ മേല്പറഞ്ഞതിന് സമാനമായാണ് കാര്യങ്ങൾ നടന്നിരുന്നത്. ഇതിനിടയിലെപ്പോഴോ മനുഷ്യമനസ്സിൽ ഒരു ചിന്ത ഉദിച്ചു. അതായത്, സമൂഹം ഇങ്ങനെ ക്രമപ്രകാരം നടക്കുന്നത് അതിന് ഒരു യജമാനൻ അഥവാ രാജാവ് ഉള്ളതുകൊണ്ടാണ്. അയാളുടെ ആഗ്രഹംപോലെയാണ് എല്ലാം സംഭവിക്കുന്നത്. അപ്പോൾ, ഈ പ്രപഞ്ചത്തെയാകെ നയിക്കാനും നിയന്ത്രിക്കാനും ഒരു യജമാനൻ ഉണ്ടാകണം. അങ്ങനെയൊരാളില്ലെങ്കിൽ, ഈ പ്രപഞ്ചത്തിലെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമൊക്കെ ക്രമപ്രകാരം പ്രവർത്തിക്കുന്നത് എങ്ങനെ? സൂര്യൻ നിയമപ്രകാരമെന്നോണമാണ് ഉദിക്കുന്നതും അസ്തമിക്കുന്നതും. എങ്ങനെയാണ് ഇതൊക്കെ സംഭവിക്കുന്നത്? എല്ലാത്തിനെയും നിയന്ത്രിക്കാൻ ഒരു യജമാനൻ ഇല്ലായിരുന്നെങ്കിൽ ഈ പ്രപഞ്ചമാകെ അടുക്കുംചിട്ടയുമായി പ്രവർത്തിക്കുകയില്ലായിരുന്നു. ഇങ്ങനെ സാദൃശ്യം കണ്ടെത്തിയതുവഴിയാണ് ഇങ്ങനെയൊരു ചിന്ത മനുഷ്യമനസ്സിലുണ്ടായത്. ഇവിടെ നിന്നാണ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് അഥവാ ദൈവം എന്ന സങ്കല്പം ഉയർന്നുവരുന്നത്. അതായത് നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളുമൊക്കെ സമൂഹത്തിൽ സ്ഥാപിച്ച യജമാനന്മാർ, സമൂഹത്തിനും പ്രപഞ്ചത്തിനുതന്നെയും അതീതമായ അമൂർത്ത സങ്കല്പങ്ങളായി പ്രതിഷ്ഠിക്കപ്പെട്ടു. ദൈവദർശനത്തിന്റെ ആഗമനമായിരുന്നു ഇതിന്റെ അനന്തരഫലം. സമൂഹത്തിൽ ഈശ്വര സങ്കല്പം ഉദയംചെയ്തതിന്റെ ചരിത്രമിതാണ്. ഇതേത്തുടർന്ന് ദൈവത്തെ സംബന്ധിച്ച് പുതിയ ധാരാളം വ്യാഖ്യാനങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഓരോരുത്തരുടെയും ഭാവനാവിലാസങ്ങളായിരുന്നു ഈ വ്യാഖ്യാനങ്ങളൊക്കെ. ഒന്നിനും ഒരു തെളിവും ആവശ്യമുണ്ടായിരുന്നില്ല. തങ്ങളുടെ വ്യാഖ്യാനങ്ങൾ യുക്തിസഹമോ യാഥാർത്ഥ്യത്തിന് നിരക്കുന്നതോ ആണെന്ന് സമർത്ഥിക്കേണ്ട ബാദ്ധ്യതയും അവർക്കില്ലായിരുന്നു.

സൈദ്ധാന്തിക പാഠങ്ങൾ




**ഭൗതികവാദ ചിന്താധാര ആദിമസമൂഹംമുതൽതന്നെ നിലനിന്നിരുന്നു. വർഗ വിഭജിത സമൂഹം നിലവിൽ വന്നതോടെ ദൈവസങ്കല്പവും ആശയവാദ ചിന്താധാരയും ഉടലെടുത്തു. അന്നുമുതൽ ഈ രണ്ട് പ്രമുഖ ചിന്താധാരകളും ഒരേസമയം സമൂഹത്തിൽ നിലനിന്നുപോന്നു. ഈ രണ്ട് തത്വചിന്തകളും പല അവസ്ഥാന്തരങ്ങളിലൂടെ വികാസം പ്രാപിക്കുകയും ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അതോടൊപ്പം അവ തമ്മിലുള്ള വൈരുദ്ധ്യ-സംഘർഷങ്ങളും ഇടതടവില്ലാതെ മുന്നേറിക്കൊണ്ടിരുന്നു.**

ഭൗതികവാദ ചിന്താധാര ആദിമസമൂഹംമുതൽതന്നെ നിലനിന്നിരുന്നു. വർഗ വിഭജിത സമൂഹം നിലവിൽ വന്നതോടെ ദൈവസങ്കല്പവും ആശയവാദ ചിന്താധാരയും ഉടലെടുത്തു. അന്നുമുതൽ ഈ രണ്ട് പ്രമുഖ ചിന്താധാരകളും ഒരേസമയം സമൂഹത്തിൽ നിലനിന്നുപോന്നു. ഈ രണ്ട് തത്വചിന്തകളും പല അവസ്ഥാന്തരങ്ങളിലൂടെ വികാസം പ്രാപിക്കുകയും ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അതോടൊപ്പം അവ തമ്മിലുള്ള വൈരുദ്ധ്യ-സംഘർഷങ്ങളും ഇടതടവില്ലാതെ മുന്നേറിക്കൊണ്ടിരുന്നു. ദ്വന്ദ്വാത്മക ഭൗതികവാദം പ്രത്യക്ഷപ്പെട്ടതോടെ ആശയവാദ തത്വചിന്ത അസാധുവാക്കുക മാത്രമല്ല, അന്നേവരെ നിലവിലുണ്ടായിരുന്ന ഭൗതികവാദ തത്വചിന്തകളുടെ അടിസ്ഥാന ന്യൂനത കൃത്യമായി ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ആശയവാദ തത്വചിന്തയുടെ ആഗമനത്തോടെ അതിനെ പ്രധാനമായും ഉപയോഗപ്പെടുത്തിയത് ചൂഷകവർഗമാണെന്നുള്ളത് ശരിയാണ്. സാമൂഹ്യ വികാസത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ സ്വന്തം താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് അവരിതുചെയ്തത്. എന്നാൽ, ആശയവാദം എക്കാലവും ചൂഷകരുടെ കയ്യിലെ ആയുധമായിരുന്നെന്നും ഭൗതികവാദം എല്ലാക്കാലത്തും ചൂഷിതവർഗത്തിന്റെ സമരോപകരണമായിരുന്നെന്നും കരുതുന്നത് ചരിത്രത്തിന് നിരക്കാത്തതും അയഥാർത്ഥവും അതിലളിതവൽക്കരണവുമാണ്. ആശയവാദ തത്വചിന്ത ഉദയം ചെയ്തത് വർഗ വിഭജിത സമൂഹത്തിലാണ്. അത് പ്രധാനമായും ഉപയോഗിക്കപ്പെട്ടത് വർഗഭരണത്തിന്റെ ആവശ്യകതകൾ പൂർത്തീകരിക്കാനാണ്. എന്നാൽ ഈ ആശയവാദ തത്വചിന്തപോലും ജനങ്ങളുമായി ഇടപഴകിയപ്പോൾ, പലപ്പോഴും, ചൂഷകവർഗത്തിനെതിരായ ചൂഷിതവർഗത്തിന്റെ സമരോപകരണമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. പൊതുവിൽ ഭൗതികവാദ സ്വഭാവമുള്ളതും സമൂഹം വർഗ വിഭജിതമാകുന്നതിനുമുമ്പ് ഉദയം ചെയ്തതും ആദിമകാലത്തെ മനുഷ്യചിന്തയുടെ തുടർച്ചയുമായിരുന്ന അന്നത്തെ ഭൗതികവാദ തത്വചിന്തയും പല മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ട്. ഓരോ ഘട്ടത്തിലും ഇതിന്റെ രൂപം എന്തായിരുന്നാലും അത് പലപ്പോഴും ചൂഷകവർഗം വലിയ അളവിൽ ദുരുപയോഗം ചെയ്തിട്ടുണ്ട് എന്നും കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ക്രിസ്തുമതം രംഗപ്രവേശം ചെയ്യുന്നതിനുമുമ്പ്, വഷളൻ ഭൗതികവാദത്തിന്റെ ഉപാസകരായിരുന്ന കുറെ ഏകാധിപതികളും അടിമയുടമകളും ഭൗതികവാദത്തിന്റെ പേരുപറഞ്ഞ് അടിമകളുടെ പോരാട്ടങ്ങളെ എതിർത്തിട്ടുണ്ട്.

അടിമത്ത സമൂഹത്തിൽ ക്രൈസ്തവ ദർശനത്തെ ആയുധമാക്കിക്കൊണ്ട് അടിമകൾ ഉടമകൾക്കെതിരെ പൊരുതിയിരുന്നതായും കാണാം. ക്രൈസ്തവ ദർശനപ്രകാരം ദൈവത്തിന്റെ മുന്നിൽ എല്ലാ മനുഷ്യരും തുല്യരാണ് എന്നതായിരുന്നു അവർ പറഞ്ഞ ന്യായം. അങ്ങനെയെങ്കിൽ ഉടമകൾക്ക് അടിമകളെ ഇവ്വിധം നിഷ്ഠൂരമായി അടിച്ചമർത്താൻ കഴിയുന്നതെങ്ങനെ? ഈ അതിക്രമത്തിലൂടെ ഭരണാധികാരികൾ ക്രൈസ്തവ ദർശനത്തെ നിരാകരിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. ഉടമകളുടെ ഏകാധിപത്യ വാഴ്ചക്കെതിരെ പീഡിതരായ അടിമകളുടെ കൈയിലെ മൂർച്ചയുള്ള ആയുധമായിരുന്നു മതം. അങ്ങനെ മതം ഒരു പ്രത്യേക കാലഘട്ടത്തിൽ പുരോഗമനപരമായ ഒരു പങ്ക് നിർവ്വഹിച്ചിട്ടുണ്ട്.

**സത്യാന്വേഷണത്തിന്റെ പാതയിൽ ആശയവാദം വിലങ്ങുതടിയാകുന്നു**

ചൂഷണത്തിനും ചൂഷകവർഗത്തിനുമെതിരെയാണ് മാർക്സിസ്റ്റുകളുടെ പ്രധാന പോരാട്ടമെന്നോർക്കണം. എല്ലാത്തരം ചൂഷണങ്ങളിൽനിന്നും അടിച്ചമർത്തലുകളിൽനിന്നും ജനങ്ങളെ മോചിപ്പിക്കാനുള്ള സമരമാണത്. ജീർണതയുടെ പിടിയിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിലൂടെ, ഉയർന്ന സദാചാര, നൈതിക, സാംസ്കാരിക നിലവാരമാർജിച്ചുകൊണ്ട്, യഥാർത്ഥ മനുഷ്യരായിത്തീരാനുള്ള സമരമാണ് നമ്മൾ നടത്തുന്നത്. നമ്മുടെ സമരം ചൂഷക മുതലാളിവർഗ്ഗം സയൻസിനെ ദുരുപയോഗം ചെയ്യുന്നതിനെതിരെയാണ്. എല്ലാത്തരത്തിലുമുള്ള ചൂഷണത്തിൽനിന്ന് ജനങ്ങളുടെ മോചനം സാദ്ധ്യമാക്കിത്തീർക്കാനുള്ള സമരമാണത്. നമ്മളോടൊപ്പം ഏതാനും ചുവടുകൾ വയ്ക്കാൻ തയ്യാറാണെങ്കിൽ, നിസ്സാര കാര്യങ്ങളുടെപേരിൽ സമരപാത വെടിയാതിരിക്കുമെങ്കിൽ, മതവിശ്വാസികളെപ്പോലും ഈ സമരത്തിലേയ്ക്ക് നമ്മൾ സ്വാഗതംചെയ്യും. ഇവിടെ, വിലയിരുത്തലിൽ പാളിച്ചപറ്റിയാൽ, എന്തെങ്കിലും സങ്കുചിത പരിഗണനകൾ വച്ചുപുലർത്തിയാൽ, അത് നമ്മുടെ സമരത്തെത്തന്നെ തുരങ്കംവയ്ക്കുന്ന നടപടിയാകും. എന്നാൽ മാർക്സിസ്റ്റുകളെന്ന നിലയിൽ നമുക്ക് ഒരു മതവിശ്വാസവും സ്വീകാര്യമല്ല, എന്തുകൊണ്ട്? കാരണം, ഏതൊരു മതവിശ്വാസവും സത്യാന്വേഷണത്തിന്റെ പാതയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണ്. നമ്മൾ സത്യാന്വേഷകരാണ്. മതവിശ്വാസം ഇവിടെ ഏറ്റവും വലിയ വിലങ്ങുതടിയാണ്. ശാസ്ത്രീയമായ പരിശോധനയും വിശകലനവും തെളിവുമില്ലാതെ സത്യം കൃത്യമായി നിർണയിക്കാനാവില്ല. ഇവിടെയാണ് മതവിശ്വാസം തടസ്സമാകുന്നത്. മതവിശ്വാസ

(ശേഷം 11-ാം പേജിൽ)

# ചൂഷണരഹിതമായ സമൂഹത്തിന്റെ സൃഷ്ടിക്ക് ഭൗതികവാദ ചിന്തയുടെ അടിത്തറ അനിവാര്യം

(10-ാം പേജിൽ നിന്ന്)

ത്തിന് തലമുറകളുടെ പഴക്കമുണ്ട്. നമ്മുടെ ചില സഖാക്കൾ പോലും അതിന്റെ സ്വാധീനത്തിൽനിന്ന് മുക്തരല്ല. അവർക്ക് ഈ കാര്യങ്ങളൊക്കെ യുക്തിപരമായി ഗ്രഹിക്കാൻ കഴിയുമെങ്കിലും അത്തരമൊരു മാനസികാവസ്ഥയിൽനിന്ന് വിടുതൽനേടാൻ കഴിയുന്നില്ല. കാലങ്ങളായി മതത്തിന്റെ തണലിൽ കഴിയുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. നിരാശയുടെ, ദൗർബല്യത്തിന്റെ നിമിഷങ്ങളിൽ ആരിലേയ്ക്കാണ് ഇത് കയറിപ്പറ്റുക, ഏത് സഖാവാണ് അബോധപൂർവ്വം ദൈവത്തിൽ വിശ്വാസമർപ്പിക്കുക എന്ന് ആർക്കാണ് പറയാൻ കഴിയുക? മാർക്സിസത്തിന്റെ സൈദ്ധാന്തിക വശങ്ങൾ നന്നായി മനസ്സിലാക്കി അത് സ്വീകരിച്ചിട്ടുള്ള നമ്മളിൽ എത്രപേർക്ക് ഒരു ശ്മശാനത്തിലൂടെ അർദ്ധരാത്രി ഭയപ്പാടില്ലാതെ പോകാൻ കഴിയും എന്നചോദ്യം ഞാൻ ആവർത്തിക്കുകയാണ്. ഒരു കാര്യം യുക്തിപരമായി അംഗീകരിക്കാൻ നമുക്ക് കഴിഞ്ഞേക്കാം. എന്നാൽ അന്ധവിശ്വാസങ്ങൾ നമ്മുടെ ശീലങ്ങളിൽ ആഴത്തിൽ ഉറഞ്ഞുകൂടിയിട്ടുള്ളതാണ്. നമ്മുടെ മനസ്സിലാക്കൽ ഉപരിപ്ലവമാകരുത്. ഏതൊരു കാര്യവും ആഴത്തിൽ ഉൾക്കൊള്ളാൻ കഴിയണം. അപ്പോൾ മാത്രമേ അന്ധവിശ്വാസങ്ങളിൽനിന്നും മുൻവിധികളിൽ നിന്നുമൊക്കെ നമുക്ക് മുക്തരാകാൻ കഴിയൂ.

### വിപ്ലവകാരിയുടെ ജീവിതം വിപ്ലവവുമായി താദാത്മ്യപ്പെടുത്തണം

മറ്റൊരു വിഷയംകൂടി ചർച്ച ചെയ്താലേ ഇത് പൂർത്തിയാകു. പ്രണയം, സ്നേഹം, രതി, വിവാഹം എന്നിവയ്ക്കൊക്കെ ഏതൊരാളുടെ ജീവിതത്തിലും അതിന്റേതായ സ്ഥാനമുണ്ട്. വിപ്ലവകാരികളും ഇതിന് അപവാദമല്ല. പലരും ഇതെല്ലാം വ്യക്തികളുടെ സ്വകാര്യപ്രശ്നമായി കരുതി അതിലൊന്നും ശ്രദ്ധിക്കാതിരിക്കുകയാണ് പതിവ്. വിപ്ലവകാരികളെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന സമരമാണ് നടത്തേണ്ടത്. പാർട്ടിയുടെ പാഠങ്ങൾക്കനുസരിച്ചാണ് ഈ സമരം നടത്തേണ്ടത്. നേതാക്കളാകട്ടെ സമ്പൂർണമായും പാർട്ടിക്ക് വിധേയമായി ജീവിക്കുന്നവരാണ്. പാർട്ടിക്ക് അതീതമായതൊന്നും അവരുടെ ജീവിതത്തിൽ ഇല്ല. സഖാക്കൾക്ക് ഒരു കണ്ണാടിച്ചില്ലിലൂടെയെന്നോണം തങ്ങളുടെ ജീവിതത്തിന്റെ എല്ലാ അംശങ്ങളും സുതാര്യമായി കാണാൻ കഴിയുംവിധം വേണം നേതാക്കൾ അവരുടെ വ്യക്തിജീവിതത്തിലെ സമരം നടത്താൻ. പാർട്ടിക്ക് വിധേയരും വിപ്ലവകാരികളുമായതിനാൽ അവർക്ക് പ്രണയം, സ്നേഹം, വിവാഹം എന്നിവയൊന്നും ആവശ്യമില്ല എന്ന് കരുതരുത്. വിപ്ലവകാരികൾക്ക് ചേർന്ന രീതിയിലല്ല നേതാക്കളുടെ വ്യക്തിജീവിതമെങ്കിൽ പാർട്ടി അണികളും ജനങ്ങളും എങ്ങനെയാണ് പാർട്ടിയിൽ വിശ്വാസമർപ്പിക്കുക? നേതാക്കളുടെ ജീവിതം ലളിതവും സുതാര്യവുമാണോ, അവർക്ക് കഷ്ടപ്പാടുണ്ടോ, അവർ കാറിലാണോ കാൽനടയായാണോ യാത്ര ചെയ്യുന്നത് എന്നതൊന്നും ജനങ്ങൾക്ക് വലിയ വിഷയമല്ല. എന്നാൽ, കുടുംബാംഗങ്ങളുമായുള്ള അവരുടെ ബന്ധം വിപ്ലവപ്രസ്ഥാനത്തിന് നിരക്കുംപടിയാണോ എന്നകാര്യത്തിൽ അവർക്ക് ഉറപ്പുവേണം. അതങ്ങനെയല്ലെങ്കിൽ അതിന് മനോഹാരിതയില്ല, അത് ഒരാളുടെ സ്വഭാവത്തെ ദൃഢപ്പെടുത്തുന്നതിന് പകരം ദുർബ്ബലപ്പെടുത്തുകയാണ് ചെയ്യുക.

ഇത്തരം സമ്പ്രദായങ്ങൾ രാഷ്ട്രീയത്തെ മറ്റേതൊരു ഉപജീവനമാർഗത്തെയുംപോലെ തരംതാഴ്ത്തുന്നു. മറ്റേതെങ്കിലും ഒരു തൊഴിൽ ചെയ്യുന്നതിനുപകരം രാഷ്ട്രീയംകളിച്ച് മറ്റുള്ളവരുടെമേൽ കുതിരകയറുന്നു. അങ്ങനെയൊരു സാഹചര്യം വന്നാൽ ജനങ്ങൾക്ക് പാർട്ടിയോടുള്ള വൈകാരികബന്ധം നഷ്ടപ്പെടുകയും പാർട്ടിപ്രവർത്തകർക്ക് ആത്മാർത്ഥതയും അർപ്പണബോധവും നഷ്ടമാകുകയും ചെയ്യും. ജനങ്ങളെ ഉൽസാഹഭരിതരാക്കുന്നവരിലേ അവർ വിശ്വാസമർപ്പിക്കൂ. അതിന് നേതാക്കൾ ആഹ്വാനം മുഴക്കിയാൽ മാത്രം പോരാ. നേതാക്കൾ എല്ലാ വിജ്ഞാന ശാഖകളും പഠിക്കാൻ, ഉപരിപ്ലവമായല്ലാതെ ഗൗരവാവഹമായ ശ്രമം നടത്തുന്നുണ്ടെന്നും ജീവിതത്തിന്റെ സർവ്വാംശങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ജനങ്ങൾക്ക് അനുഭവത്തിലൂടെ ബോദ്ധ്യപ്പെടണം. നമ്മുടേതുപോലുള്ള ഒരു വിപ്ലവ പാർട്ടിക്ക് ഇക്കാര്യത്തിൽ കണിശമായ ശ്രദ്ധവേണം. കാരണം, വ്യക്തിബന്ധങ്ങൾ ഉന്നതവ്യക്തിത്വങ്ങളേപ്പോലും ദുർബ്ബലരാക്കിയ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ട്, ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇക്കാര്യത്തിൽ സവിശേഷശ്രദ്ധ പുലർത്താതെ പാർട്ടിയുടെ വിപ്ലവ സ്വഭാവം സംരക്ഷിക്കുക പ്രയാസമാണ്.

നമുക്ക് നേരത്തെ ചർച്ചചെയ്ത വിഷയത്തിലേയ്ക്ക് മടങ്ങാം. മനുഷ്യന്റെ ആവശ്യങ്ങൾ അതിരില്ലാത്തതാണ്. ആവശ്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനോപകരണങ്ങളിന്മേലുള്ള മെച്ചപ്പെടുത്തലും നടന്നുകൊണ്ടിരിക്കും. ഇതുമായി ബന്ധപ്പെട്ടാണ് വ്യവസായ വിപ്ലവവും സാങ്കേതികവിദയുടെ മുന്നേറ്റവുമൊക്കെ ഉണ്ടായത്. എന്നാൽ, നമ്മുടെ രാജ്യത്തെ ചില രാഷ്ട്രീയ നേതാക്കളും കലാകാരന്മാരും സാഹിത്യകാരന്മാരും തത്വചിന്തകരുമൊക്കെ, വർത്തമാനകാലത്ത് സമൂഹത്തെ ബാധിച്ചിരിക്കുന്ന വ്യാധിയുടെ അടിസ്ഥാനകാരണം കണ്ടെത്താൻ കഴിയാതെ, വ്യാവസായിക വളർച്ചയെ അടിസ്ഥാനപ്പെടുത്തിയ നാഗരികതയാണ് എല്ലാത്തിനും കാരണമെന്നുപറഞ്ഞ്, പഴയകാലത്തേയ്ക്ക് തിരിച്ചുപോകണമെന്ന് വാദിക്കുന്നു. ഗാന്ധിജിയും രവീന്ദ്രനാഥ് ടാഗോറും മറ്റും ഇപ്രകാരം പറഞ്ഞിട്ടുണ്ട്. അതായത്, ചാതുർവർണ്യം നിലനിന്നിരുന്ന, സന്യാസിമാരും ആശ്രമങ്ങളുമൊക്കെയുണ്ടായിരുന്ന ആ പഴയകാലമാണ് മഹത്തരമെന്നാണ് അവർ പറഞ്ഞതിന്റെ സാരാംശം. ആശ്രമത്തിലേയ്ക്ക് കാലെടുത്തുവയ്ക്കുമ്പോൾത്തന്നെ ഒരാളിൽ ആത്മീയതയുടെ ചൈതന്യം നിറയുമെന്ന് അവർ അവകാശപ്പെടുന്നു. എന്നാൽ, വ്യവസായ വളർച്ചയെ ആധാരമാക്കിയ സമൂഹം, മില്ലുകളും ഫാക്ടറികളുമൊക്കെ നിറഞ്ഞ ജീവിതം എല്ലാ കുഴപ്പങ്ങൾക്കും വിത്തുപാകിയെന്നും അവർ കരുതുന്നു. ഇതെല്ലാം ആർത്തി പെരുക്കി, സാമൂഹികമായ അസമത്വവും ദുരുപയോഗവുമൊക്കെ പ്രത്യക്ഷപ്പെട്ടു. എന്നാൽ, ഈ കുഴപ്പങ്ങളുടെയെല്ലാം മൂലകാരണം ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയ സാമൂഹ്യവ്യവസ്ഥയാണ് എന്നകാര്യം ഊന്നിപ്പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നുമാത്രമല്ല, ആർത്തിയും അസൂയയും പകയുമൊന്നും മനുഷ്യന്റെ ജന്മനായുള്ള സ്വഭാവങ്ങളല്ല. സമൂഹത്തിൽ അന്തരം വളർന്നപ്പോഴാണ് ആർത്തി, അസൂയ, പക തുടങ്ങിയവയൊക്കെ ജന്മമെടുത്തത്. ഇതെല്ലാം ചരിത്രത്തിന്റെ ഉല്പന്നമാണ്. ചൂഷണത്തിൽ അധിഷ്ഠിതമായ സമൂഹം സ്ഥാപിതമായപ്പോഴാണ് ഈ സ്വഭാവങ്ങളൊക്കെ മനുഷ്യനിൽ അങ്കുരിച്ചത്. സമൂഹം വർഗങ്ങളായി വിഭജിക്കപ്പെടുന്നതിനുമുമ്പ്, വർഗവിഭജന പ്രക്രിയ ആരംഭിക്കുന്നതിനുമുമ്പ്, ചൂഷകരും ചൂഷിതരും പ്രത്യക്ഷപ്പെടുന്നതിനുമുമ്പ്, അന്നുണ്ടായിരുന്ന ആദിമ മനുഷ്യന് എങ്ങനെ മറ്റുള്ളവരെ പറ്റിക്കാമെന്നോ എങ്ങനെ പരമാവധി ചൂഷണം ചെയ്യാമെന്നോ അറിയില്ലായിരുന്നു. അങ്ങനെയൊരു ചിന്തയേ അവനിലില്ലായിരുന്നു. എന്നാൽ ഇന്ന് മുതലാളിമാരും ബൂർഷ്വാ മാനവവാദത്തിന്റെ പതാകവാഹകരും കണ്ണിമവെട്ടാതെ നോക്കിയിരിക്കുന്നത് എങ്ങനെ ജനങ്ങളെ വഞ്ചിക്കാമെന്നും എങ്ങനെ നിർദ്ദാക്ഷിണ്യം അവരെ ചൂഷണംചെയ്യാമെന്നുമാണ്. എന്നാൽ ആദിമകാലത്ത്, അർദ്ധകിരാതന്മാരായി വനങ്ങളിൽ ജീവിക്കുമ്പോഴും മനുഷ്യർക്ക് ഇല്ലായ്മകളും കഷ്ടപ്പാടുകളുമൊക്കെ ഉണ്ടായിരുന്നെങ്കിലും അവർ വർഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നില്ല. അന്ന് ഒരാൾ ചൂഷണത്തിന് വിധേയമാകാവുന്ന സാഹചര്യമേ ഇല്ല. ഇന്ന് സാധാരണ ജനങ്ങൾക്കുമേൽ ഉപദേശങ്ങൾ ചൊരിയുന്നവർ, ആർത്തി വെടിയാൻ അവരെ ആഹ്വാനം ചെയ്യുന്നവർ, ജീവിക്കുന്നത് മറ്റുള്ളവരുടെ പണംകൊണ്ടാണ്. അവർ അവസരം കിട്ടുമ്പോഴെല്ലാം ജീവിതത്തിന്റെ സദ്ഫലങ്ങൾ നുകരുന്നവരും മധുരം നുണയുന്നവരുമാണ്. മനുഷ്യന്റെ ആവശ്യങ്ങൾക്ക് എന്നെങ്കിലും അറുതിവന്നിരുന്നെങ്കിൽ ഇന്നത്തെപ്പോലെ വിജ്ഞാനമാർജ്ജിക്കാൻ അവന് കഴിയുമായിരുന്നില്ലെന്നും ഇന്ന് നമ്മൾ അനുഭവിക്കുന്നതൊന്നും സൃഷ്ടിക്കാൻ കഴിയുമായിരുന്നില്ലെന്നും ഇവർ മനസ്സിലാക്കിയിട്ടില്ല. ഇന്ന് ഒരു വ്യക്തിക്ക് ഒരു പക്ഷേ അയാളുടെ ആഗ്രഹങ്ങൾ അടക്കിനിർത്താൻ കഴിഞ്ഞേക്കാം. എന്നാൽ, ഒരു സമൂഹത്തിന്റെയാകെ ആവശ്യകതകളെ അടക്കിനിർത്താൻ ആർക്കുമാവില്ല. മനുഷ്യന്റെ ആവശ്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടേയിരിക്കും എന്നതാണ് ഭൗതികവാദ കാഴ്ചപ്പാട്.

**സൈദ്ധാന്തിക പാഠങ്ങൾ**




> **ചൂഷണത്തിനും ചൂഷകവർഗത്തിനുമെതിരെയാണ് മാർക്സിസ്റ്റുകളുടെ പ്രധാന പോരാട്ടം. എല്ലാത്തരം ചൂഷണങ്ങളിൽനിന്നും അടിച്ചമർത്തലുകളിൽനിന്നും ജനങ്ങളെ മോചിപ്പിക്കാനുള്ള സമരമാണത്. ജീർണതയുടെ പിടിയിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിലൂടെ, ഉയർന്ന സദാചാര, നൈതിക, സാംസ്കാരിക നിലവാരമാർജിച്ചുകൊണ്ട്, യഥാർത്ഥ മനുഷ്യരായിത്തീരാനുള്ള സമരമാണ് നമ്മൾ നടത്തുന്നത്. നമ്മുടെ സമരം ചൂഷക മുതലാളിവർഗ്ഗം സയൻസിനെ ദുരുപയോഗം ചെയ്യുന്നതിനെതിരെയാണ്.**

### ഉല്പാദനബന്ധം മനുഷ്യനെ സമൂഹമായി ഒന്നിപ്പിച്ചു

മനുഷ്യന്റെ ആവശ്യങ്ങൾ സദാ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിന് നിരക്കുംപടി ഉല്പാദന ശക്തികൾ നിരന്തരം വളർന്നുകൊണ്ടിരിക്കുന്നുവെന്നുമാണ് നമ്മൾ കണ്ടത്. ഇതിന്റെ സ്വാധീനംമൂലമാണ് ഉല്പാദന ബന്ധങ്ങളും അതുവഴി സമൂഹവും മാറുന്നത്. പുതിയ സമൂഹത്തിൽ പുതിയ ആവശ്യങ്ങൾ ഉയരുന്നു. ഉല്പാദനശക്തികൾ നിരന്തരം വളരുന്നതിനാൽ അവയ്ക്ക് പഴയ ഉല്പാദന ബന്ധങ്ങളുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയില്ല. അതായത്, ഉല്പാദന ശക്തികളുടെ വളർച്ചയോട് കിടപിടിക്കാൻ ഉല്പാദന ബന്ധങ്ങൾക്ക് കഴിയില്ല. ഇവിടെയാണ് പ്രതിസന്ധി ഉടലെടുക്കുന്നതും ശത്രുത പ്രത്യക്ഷപ്പെടുന്നതും. ഇതാണ് ഉല്പാദന ശക്തികളും ഉല്പാദന ബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം. ഈ ശത്രുത നിലവിലുള്ള ഉല്പാദനബന്ധം പൊട്ടിച്ചെറിഞ്ഞ് പുതിയൊരു ഉല്പാദന ബന്ധത്തിന് അടിത്തറ പാകാൻ ഇടയാക്കുന്നു. അതായത് ഉല്പാദന ശക്തികളുടെ വളർച്ച ഉപയോഗപ്പെടുത്താൻപാകത്തിൽ നിലവിലുള്ള ഉല്പാദന സംവിധാനത്തെ ഉടച്ചുവാർക്കാൻ അത് ശ്രമിക്കുന്നു. ശാസ്ത്രീയ പുരോഗതിയെ തടയാൻ ആർക്കുമാവില്ല എന്നതുതന്നെ കാരണം. പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത വ്യവസ്ഥയിൽ ശാസ്ത്രപുരോഗതിക്കുമുന്നിൽ എന്തൊക്കെ തടസ്സങ്ങൾ പ്രത്യക്ഷപ്പെട്ടാലും താൽക്കാലികമായ മുരടിപ്പൊക്കെ സംഭവിച്ചാലും ശാസ്ത്രം പുരോഗമിക്കുകതന്നെ ചെയ്യും. സാങ്കേതികവിദ്യയും ഉല്പാദന ശക്തികളും മുന്നേറുകയും ചെയ്യും. ഈ നിയമം ആർക്കും തോന്നുംപോലെ ഇല്ലാതാക്കാൻ കഴിയില്ല.

ശേഷം അടുത്ത ലക്കത്തിൽ

# മേധാ പട്കർ നയിച്ച മഹാറാലിയും പൗരസംഗമവും പോരാട്ടത്തിന്റെ പുതിയ മുഖം




മേധാ പട്കർ പൗരസംഗമം ഉദ്ഘാടനം ചെയ്യുന്നു. ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ, കുരീപ്പുഴ ശ്രീകുമാർ, കായിക്കര ബാബു, അഡ്വ.മഞ്ചേരി സുന്ദർരാജ്, എം.ഷാജർഖാൻ, ജോസഫ് സി.മാത്യു, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, ഡോ.വി.വേണുഗോപാൽ, ഷൈല കെ.ജോൺ, ജയ്സൺ ജോസഫ്, ജോർജ്ജ് മുല്ലക്കര എന്നിവർ മുൻനിരയിൽ. പിൻനിരയിൽ ടി.പീറ്റർ, പ്രൊഫ.കുസുമം ജോസഫ്, ഡോ.ഡി.സുരേന്ദ്രനാഥ്, ദേശാഭിമാനി ഗോപി, ആർ.കുമാർ, മിനി കെ.ഫിലിപ്പ്, ഫ്രാൻസിസ് കളത്തുങ്കൽ തുടങ്ങിയവരും ജാമിയ മിലിയ, ഹൈദരാബാദ്, പോണ്ടിച്ചേരി യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥി പ്രതിനിധികളും

പൗരത്വ നിയമ ഭേദഗതിക്കെതിരായ പ്രക്ഷോഭതരംഗത്ത് മതേതര ശക്തികളെ ഏകോപിപ്പിച്ച സംഗമ വേദിയായിരുന്നു കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനുവരി 13ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച പൗരസംഗമം. ലോക പ്രശസ്ത സാമൂഹിക പ്രവർത്തക മേധാ പട്കർ മുന്നിൽനിന്ന് നയിച്ച പൗരത്വ സംരക്ഷണ റാലിയ്ക്ക് ശേഷമാണ് പൗരസംഗമം ഗാന്ധിപാർക്ക് മൈതാനിയിൽ സംഘടിപ്പിക്കപ്പെട്ടത്. വൈകുന്നേരം നാല് മണിക്ക് ഗാന്ധി പാർക്കിൽനിന്ന് ആരംഭിച്ച പൗരത്വ സംരക്ഷണ റാലിയിൽ മേധാ പട്കർക്കൊപ്പം നൂറ് കണക്കിന് ബഹുജനങ്ങൾ അണിനിരക്കുകയുണ്ടായി. വിദ്യാർത്ഥികളും വീട്ടമ്മമാരും ജനകീയ സമര പ്രവർത്തകരും വിവിധ സംഘടനാനേതാക്കളും ഉൾപ്പടെയുള്ളവർ പങ്കെടുത്ത പ്രകടനം ആസാദി മുദ്രാവാക്യങ്ങളാൽ ആവേശഭരിതമായിരുന്നു. പൗരത്വ ഭേദഗതി നിയമത്തിനും ദേശീയ പൗരത്വ രജിസ്റ്ററിനും ദേശീയ ജനസംഖ്യാ രജിസ്റ്ററിനും എതിരെ ബഹുജന പ്രതിഷേധം കത്തിജ്വലിച്ച മണിക്കൂറുകളായിരുന്നു അത്. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ, ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ, കുരീപ്പുഴ ശ്രീകുമാർ, ജോസഫ് സി.മാത്യു, ഡോ.ഡി.സുരേന്ദ്രനാഥ്, ഫാദർ എബ്രഹാം ജോസഫ്, ഡോ.വി.വേണുഗോപാൽ, ജയ്സൺ ജോസഫ്, പ്രൊഫ.കുസുമം ജോസഫ് തുടങ്ങിയ നിരവധി ബഹുജന നേതാക്കൾ മേധാ പട്കറോടൊപ്പം മുൻനിരയിൽനിന്ന് റാലി നയിച്ചു. ജാമിയ മിലിയ, പോണ്ടിച്ചേരി സർവ്വകലാശാല, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി തുടങ്ങിയ സർവ്വകലാശാലകളിൽനിന്ന് സമരം നയിക്കുന്ന വിദ്യർത്ഥി നേതാക്കളും റാലിയിലും പൗരസംഗമത്തിലും പങ്കെടുക്കുകയുണ്ടായി.

പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.മഞ്ചേരി സുന്ദർരാജിന്റെ അദ്ധ്യക്ഷതയിലാണ് ഗാന്ധി പാർക്കിൽ പൗരസംഗമം ആരംഭിച്ചത്. വിദ്യാർത്ഥി വോളണ്ടിയർമാരുടെ പ്രകമ്പനം കൊള്ളിക്കുന്ന മുദ്രാവാക്യങ്ങൾക്കും തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ എം.പ്രദീപനും സംഘവും അവതരിപ്പിച്ച 'നിങ്ങൾ ക്യൂവിലാണ്' എന്ന തെരുവ് നാടകത്തിന്റെ അവതരണത്തിനും ശേഷമാണ് പൗരസംഗമം തുടങ്ങിയത്.

മതാടിസ്ഥാനത്തിൽ ഈ രാജ്യത്തെ വിഭജിക്കാനുള്ള സംഘപരിവാറിന്റെ ഹീനശ്രമങ്ങളെ മതേതര മൂല്യങ്ങളുയർത്തി ചെറുത്ത് തോൽപ്പിക്കുന്ന മനോഹര കാഴ്ചയാണ് രാജ്യമെങ്ങും കാണുന്നതെന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മേധാ പട്കർ പറഞ്ഞു. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യ തത്വങ്ങൾ കേന്ദ്രസർക്കാർ നിരന്തരം ലംഘിക്കുകയാണ്. നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയവരോടും രാജ്യത്തിനുവേണ്ടി പണിയെടുക്കുന്നവരോടും പൗരത്വം തെളിയിക്കണമെന്ന് ആവശ്യപ്പെടുവാൻ മോദി സർക്കാരിന് എന്താണ് അവകാശം ? അവർ ചോദിച്ചു. ഭരണഘടനാ മൂല്യങ്ങൾ തെരുവിൽ ചവിട്ടിയരയ്ക്കപ്പെടുമ്പോൾ തുല്യതയ്ക്കും നീതിയ്ക്കുംവേണ്ടി തെരുവുകളിൽ, ഷഹീൻബാഗിലേതുപോലെ അണിനിരക്കുക മാത്രമാണ് പോംവഴി. ജനാധിപത്യമൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇന്ത്യയെന്ന അസ്തിത്വത്തെ സംരക്ഷിക്കാനുള്ള പ്രക്ഷോഭങ്ങളാണ് രാജ്യത്ത് നടക്കുന്നത്. മുഖംമൂടി ധരിച്ച് ഒരുസംഘം ഭീകര പ്രവർത്തകർ ജെഎൻയുവിലെ ക്യാമ്പസിൽ കയറി വിദ്യാർത്ഥികളെ ക്രൂരമായി ആക്രമിച്ച സംഭവത്തിൽ ഹിന്ദുരക്ഷാ ദളിന്റെ നേതാക്കളെ ഉടൻ അറസ്റ്റ് ചെയ്യണമെന്നും മേധ ആവശ്യപ്പെട്ടു. എൻആർസിയ്ക്കുവേണ്ടി നടത്തപ്പെടുന്ന എൻപിആർ സർവ്വേയിൽ ജനങ്ങൾ സഹകരിക്കരുതെന്നും ഒരു രേഖയും ഹാജരാക്കരുതെന്നും അവർ അഭ്യർത്ഥിച്ചു.

പൗരത്വ നിയമ ഭേദഗതിയ്ക്കെതിരെ പ്രമേയം പാസ്സാക്കിയ കേരള നിയമസഭയെ പട്കർ അഭിനന്ദിച്ചു. അന്യായമായി യുഎപിഎ ചുമത്തി അറസ്റ്റ് ചെയ്ത് എൻഐഎയ്ക്ക് കൈമാറിയ അലൻ ശുഹൈബിനെയും താഹ ഫൈസലിനെയും എത്രയുംവേഗം മോചിപ്പിക്കണമെന്നും വാളയാറിലെ മാനഭംഗത്തിനും കൊലപാതകത്തിനും ഇരകളായ പെൺകുഞ്ഞുങ്ങൾക്ക് നീതി ഉറപ്പാക്കാൻ പ്രതികളെ തുറുങ്കിലടയക്കണമെന്നും മുഖ്യമന്ത്രിയോട് മേധാ പട്കർ അഭ്യർത്ഥിക്കുകയുണ്ടായി.

ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ, കുരീപ്പുഴ ശ്രീകുമാർ, ജോസഫ് സി.മാത്യു, ഡോ.വി.വേണുഗോപാൽ, ഡോ.ഡി.സുരേന്ദ്രനാഥ്, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, പ്രൊഫ.കുസുമം ജോസഫ്, ടി.പീറ്റർ, പ്രൊഫ.എബ്രഹാം ജോസഫ്, ജയ്സൺ ജോസഫ്, എം.ഷാജർഖാൻ എന്നിവർ പ്രസംഗിച്ചു.

എൻആർസിയ്ക്കും സിഎഎയ്ക്കുമെതിരെ ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽ നടക്കുന്ന വിദ്യർത്ഥി പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്നവരെ പ്രതിനിധീകരിച്ച് സംഗമത്തിൽ പങ്കെടുത്ത നേതാക്കളെ പൗരസംഗമം ആദരിച്ചു. തുടർന്ന്, ജാമിയ മിലിയ സർവ്വകലാശാലയെ പ്രതിനിധീകരിച്ച് കെ.പി.തഷ്റീഫ്, പോണ്ടിച്ചേരി സർവ്വകലാശാലയെ പ്രതിനിധീകരിച്ച് അംജാത് അശോക്, ഹൈദരാബാദ് സർവ്വകലാശാലയെ പ്രതിനിധീകരിച്ച് ഡോൺ തോമസ് എന്നിവർ പൗരസംഗമത്തെ അഭിസംബോധന ചെയ്തു. എന്തെല്ലാം വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് പ്രക്ഷോഭം മുന്നേറുന്നതെന്നും അവർ വിശദീകരിച്ചു. തുടർന്ന് ഏവരും ഒന്നുചേർന്ന് പൗരത്വ നിയമത്തിനെതിരെയുള്ള പ്രതിജ്ഞയെടുത്തു. ഡോ. ഡി.സുരേന്ദ്രനാഥ് വായിച്ച പ്രതിജ്ഞ ഏവരും ഏറ്റുപറഞ്ഞു.

സംഗമം രാത്രി ഒമ്പത് മണിവരെ തുടർന്നു. റാലിയ്ക്ക് മുന്നോടിയായി തിരുവനന്തപുരം നഗരത്തിൽ ഒരാഴ്ചക്കാലം നീണ്ടുനിന്ന വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. വിവിധ കലാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ വോളണ്ടിയർ സംഘമാണ് പ്രധാനമായും ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. സ്വാതന്ത്ര്യസമര ഗാനങ്ങൾ, തെരുവ് നാടകം, പ്രസംഗങ്ങൾ, പോസ്റ്റർ പ്രചാരണം, പൊതുസമ്മേളനങ്ങൾ എന്നിവയൊക്കെ നഗരത്തെ ഇളക്കുന്നവിധത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു. പൗരത്വ നിയമ ഭേദഗതിയ്ക്കെതിരായ പ്രക്ഷോഭത്തിന്റെ ദിശ പൂർണ്ണമായും മതേതര-ജനാധിപത്യ രീതിയിലായിരിക്കണമെന്ന സന്ദേശം സംസ്ഥാനത്ത് വിളംബരം ചെയ്യാൻ ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച, മേധാ പട്കർ നേതൃത്വം നൽകിയ മഹാറാലിയ്ക്കും പൗരസംഗമത്തിനും കഴിഞ്ഞിട്ടുണ്ട്. ■




സിഎഎ-എൻആർസി വിരുദ്ധ പീപ്പിൾസ് റാലി മേധാ പട്കർ നയിക്കുന്നു

## ദേശീയ പൗരത്വ രജിസ്റ്ററും പൗരത്വ ഭേദഗതി നിയമവും പിൻവലിക്കുക

# കേരളമെങ്ങും പ്രതിഷേധത്തിന്റെ അലയൊലി




സുൽത്താൻ ബത്തേരിയിൽ ജനസഭ എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു

### കോഴിക്കോട് വിദ്യാർത്ഥികളുടെ പ്രതിഷേധ തെരുവ്

പൗരത്വനിയമഭേദഗതിക്കും എൻആർസിക്കും എൻപിആറിനുമെതിരെ ജനുവരി 30ന് കോഴിക്കോട് മൊഫ്യൂസിൽ ബസ്സ്റ്റാന്റ് പരിസരത്ത് വിദ്യാർത്ഥികൾ 'പ്രതിഷേധ തെരുവ്' സംഘടിപ്പിച്ചു. സംഘചിത്രരചന, സംഗീത-നൃത്ത സദസ്, തെരുവ്നാടകം, മതേതര റാലി എന്നീ പരിപാടികളോടെയാണ് പ്രതിഷേധ തെരുവ് നടന്നത്. സ്റ്റുഡന്റ്സ് എഗെൻസ്റ്റ് സിഎഎ, എൻആർസി, എൻപിആർ എന്ന വേദിയാണ് പ്രതിഷേധ തെരുവ് നടത്തിയത്. പ്രശസ്ത ചിത്രകാരൻ പോൾ കല്ലനോട് സംഘചിത്രരചന ഉദ്ഘാടനം ചെയ്തു. കരുണാകരൻ പേരാമ്പ്ര, സുജിത്കുമാർ, സി.ഹണി, അഭിരാമി സ്വാമിനാഥൻ, എസ്.ആമി, നിലീന മോഹൻകുമാർ തുടങ്ങിയവർ സംഘചിത്രരചനയ്ക്ക് നേതൃത്വം നൽകി.

'നിങ്ങൾ ക്യൂവിലാണ്' എന്ന തെരുവ് നാടകം എം.പ്രദീപൻ, അനീഷ്കുമാർ, ആഷ്ന തമ്പി, രോഹിത്, മീനാക്ഷി എന്നിവർ ചേർന്ന് അവതരിപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രശസ്തമായ 'സർഫരോഷി' എന്ന കവിതയുടെ നൃത്താവിഷ്കാരം സ്കൂൾ വിദ്യാർത്ഥിനിയായ ജി.അനുരാധ നടത്തി. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ക്വാസി നസ്രുൾ ഇസ്ലാം എന്ന ബംഗാളി കവി രചിച്ച്, കെ.സച്ചിദാനന്ദൻ പരിഭാഷ നടത്തിയ 'വിദ്യാർത്ഥികളുടെ ഗാനം', ഭഗത് സിംഗ് ഗാനം, സമരഗാനം, വയലാർ രചിച്ച മതേതരഗാനങ്ങൾ എന്നിവയടങ്ങിയ സംഗീതസദസിന് എസ്. അനന്തഗോപാൽ, ജി.എസ്.ശാലിനി, ബി.എസ്.എമിൽ, കെ.എം.നിത്യമോൾ എന്നിവർ നേതൃത്വം നൽകി.

മാനാഞ്ചിറ സ്ക്വയറിൽനിന്നും വിദ്യാർത്ഥികൾ നയിച്ച മതേതര റാലി വിദ്യാഭ്യാസ പ്രവർത്തകനും സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറിയുമായ എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്തു. എസ്.അലീന അധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി, സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, കെ.റഹീം, ആർ.ജതിൻ, എസ്യുസിഐ(സി) ജില്ലാ സെക്രട്ടറി എ.ശേഖർ, ആർ.ജതിൻ, ഡോ.രാഗേഷ് എന്നിവർ പ്രസംഗിച്ചു.




കോഴിക്കോട് പ്രതിഷേധ തെരുവിന്റെ ഭാഗമായി നടന്ന മതേതര റാലി

### സുൽത്താൻ ബത്തേരിയിൽ ജനസഭ

രാജ്യത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുന്നതും ഭരണഘടനാവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ പൗരത്വ ഭേദഗതി നിയമവും പൗരത്വ രജിസ്റ്ററും പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനുവരി 26ന് സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ വയനാട്, സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ ജനസഭ സംഘടിപ്പിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുറഹ്മാൻ കാതിരി അദ്ധ്യക്ഷത വഹിച്ചു. പ്രേംരാജ് ചെറുകര, പി.പ്രിയ, ആരിഫ് തണലോട്ട്, ടോമി വടക്കുംചേരി, പി.കെ.മുഹമ്മദ്, ദേവസ്യ പുറ്റനാൽ, ബഷീർ കല്ലേരി, വി.കെ.സദാനന്ദൻ, പി.കെ.ഭഗത് എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി എം.എ.പുഷ്പ സ്വാഗതവും, ടി.ജെ.ഡിക്സൺ നന്ദിയും പറഞ്ഞു.



കായംകുളത്ത് ജനകീയ പ്രതിഷേധം ബി.ദിലീപൻ ഉദ്ഘാടനം ചെയ്യുന്നു



തൃശ്ശൂരിൽ പ്രതിഷേധ സംഗമം ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്യുന്നു

### തൃശ്ശൂരിൽ പ്രതിഷേധ സംഗമവും തെരുവുനാടകവും

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി തൃശൂർ ജില്ലാ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. തൃശൂർ വടക്കേ സ്റ്റാന്റ് പരിസരത്ത് 'നിങ്ങൾ ക്യൂവിലാണ്' എന്ന തെരുവ് നാടകത്തോടെയാണ് സംഗമം ആരംഭിച്ചത്.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന സമിതി അംഗം ഡോ.പി.എസ്.ബാബു പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ഡ്രാമ ഗവേഷകൻ എം. പ്രദീപന്റെ നേതൃത്വത്തിലായിരുന്നു നാടകം അരങ്ങേറിയത്. എം.എൻ.നന്ദഗോപൻ, പി.രാജീവൻ, പി.കെ.ധർമ്മജൻ, കെ.എസ്.പ്രതാപൻ, അബ്ദുൾ നവാസ്, ശ്രീജ, ശ്രീനന്ദ എന്നിവരും നാടകത്തിൽ പങ്കെടുത്തു. കെ.വി.ഗണേഷ് നാടകത്തിന്റെ രചന നിർവ്വഹിച്ചു. പ്രതിഷേധ സംഗമത്തിൽ സി.ആർ.ഉണ്ണികൃഷ്ണൻ, അഡ്വ.സുജ ആന്റണി, എ.എം.സുരേഷ്, എം.പ്രദീപൻ എന്നിവർ സംസാരിച്ചു.

### കായംകുളത്ത് ജനകീയ പ്രതിഷേധം

പൗരത്വ നിയമ ഭേദഗതിക്കെതിരെയും ദേശീയ പൗരത്വ രജിസ്റ്ററിനെതിരെയും സോഷ്യൽ ഫോറത്തിന്റെയും ജനകീയ പ്രതിരോധ സമിതിയുടെയും ആഭിമുഖ്യത്തിൽ കായംകുളം ഐക്യജങ്ഷനിൽ ജനകീയ പ്രതിഷേധം സംഘടിപ്പിച്ചു. സോഷ്യൽ ഫോറം പ്രസിഡണ്ട് അഡ്വ.ഒ.ഹാരിസ് അധ്യക്ഷത വഹിച്ചു.

പ്രമുഖ വിദ്യാഭ്യാസ-സാമൂഹിക പ്രവർത്തകനായ ബി.ദിലീപൻ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്തു. ആറാട്ടുപുഴ വേലായുധ പണിക്കർ അനുസ്മരണ സമിതി ചെയർമാൻ രാമചന്ദ്രൻ മുഖ്യപ്രസംഗം നിർവ്വഹിച്ചു.ആർ.പാർത്ഥസാരഥി വർമ്മ, ഉദയകുമാർ ചേരാവള്ളി, ദിലീപ് മുതുകുളം, മഖ്ബൂൽ മുട്ടാണിശ്ശേരി, മൈന ഗോപിനാഥ്, എൻ.ആർ. അജയകുമാർ, നസീബ്, എൻ.കെ.മുജീബ്, അനിൽ പ്രസാദ്, എം.എസ്.നൗഷാദ്, സജീർ കുന്നുകണ്ടം, താജ് ചേരാവള്ളി, നിസാം സാഗർ, തത്ത ഗോപിനാഥ്, റോസാ, റിയാസ് ഐക്യ ജംഗ്ഷൻ തുടങ്ങിയവർ പ്രസംഗിച്ചു. ■

---

### 'മതേതര ഇന്ത്യയും പൗരത്വ നിയമ ഭേദഗതിയും'

## ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം സെമിനാർ സംഘടിപ്പിച്ചു

ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 'മതേതര ഇന്ത്യയും പൗരത്വ നിയമ ഭേദഗതിയും' എന്ന വിഷയത്തിൽ കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽ സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അഡ്വ.റ്റി.ജെ.ഡിക്സൺ വിഷയാവതരണം നടത്തി.




അഡ്വ.റ്റി.ജെ.ഡിക്സൺ വിഷയാവതരണം നടത്തുന്നു

സങ്കുചിത ജാതി-മത ചിന്തകൾ ഉയർത്തി ജനങ്ങളെ വിഭജിച്ച്, ഇന്ന് സമൂഹം നേരിടുന്ന സാമ്പത്തിക-സാമൂഹ്യ വിഷയങ്ങളിൽനിന്നും ശ്രദ്ധ തിരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും പൗരത്വ നിയമ ഭേദഗതി ഏതെങ്കിലും മത വിഭാഗത്തിന്റെ പ്രശ്നമല്ല മറിച്ച് മതേതര മൂല്യങ്ങൾക്കെതിരെ നടത്തുന്ന നീക്കമായി കാണണമെന്നും വിഷയം അവതരിപ്പിച്ചുകൊണ്ട് അഡ്വ.റ്റി.ജെ.ഡിക്സൺ അഭിപ്രായപ്പെട്ടു. അഡ്വ.ഇ.ആർ.വിനോദ്(ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ്), അഡ്വ.വിനോദ് പയ്യട, അഡ്വ.കെ.പി.മുനാസ്(കേരള ലോയേഴ്സ് ഫോറം), എം.സി.സജീഷ്(ഇന്ത്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ്), കെ.കെ.സുരേന്ദ്രൻ (ജനകീയ പ്രതിരോധ സമിതി) എന്നിവർ പ്രസംഗിച്ചു. അഡ്വ.പി.സി.വിവേക് അധ്യക്ഷനായി. അഡ്വ.ഇ.സനൂപ് സ്വാഗതവും എൻ.പ്രജ്ന നന്ദിയും പറഞ്ഞു. ■

# അധികാരികൾക്ക് താക്കീതായി മാറിയ ദേശീയ പൊതുപണിമുടക്ക്

രാജ്യത്തെ 25 കോടിയിലധികം വരുന്ന തൊഴിലാളികൾ ജനുവരി 8ന് പണിമുടക്കിക്കൊണ്ട് ബിജെപി സർക്കാരിന്റെ അത്യന്തം തൊഴിലാളി ദ്രോഹ-ജനദ്രോഹ നടപടികൾക്കെതിരെ തങ്ങളുടെ കടുത്ത രോഷം രേഖപ്പെടുത്തുകയുണ്ടായി. മോദി ഭരണത്തിനെതിരെ നടന്ന നാലാമത്തെ പൊതു പണിമുടക്കാണ് ജനുവരി 8ന് നടന്നത്. ഓരോ പണിമുടക്കിലും പങ്കെടുക്കുന്ന തൊഴിലാളികളുടെ എണ്ണം വൻതോതിൽ കൂടിക്കൂടി വരികയാണ്.

സംഘടിത-അസംഘടിത മേഖലയേയും നഗര-ഗ്രാമ തൊഴിൽ മേഖലയേയും ഒന്നടങ്കം പണിമുടക്ക് ബാധിച്ചു. അനേകം ഫെഡറേഷനുകളും അസോസിയേഷനുകളും പണിമുടക്കിൽ പങ്കുകൊണ്ടു. 175 കർഷക-കർഷക തൊഴിലാളി സംഘടനകളുടെ ഫോറവും അറുപതോളം യൂണിവേഴ്സിറ്റികളെ പ്രതിനിധീകരിച്ചുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങളും പണിമുടക്കിനെ പിന്തുണച്ചിരുന്നു.

എഐയുറ്റിയുസി അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് ശങ്കർ സാഹ, പൊതു പണിമുടക്ക് വൻ വിജയമാക്കിയ രാജ്യത്തെ കോടിക്കണക്കിന് തൊഴിലാളികളെ അഭിനന്ദിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്തു. ജനവികാരം തെല്ലും പരിഗണിക്കാത്ത സർക്കാരിനുള്ള കനത്ത പ്രഹരമാണ് ഈ പണിമുടക്കെന്ന് അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. കൂടുതൽ ശക്തവും നീണ്ടു നിൽക്കുന്നതുമായ സമരത്തിന് തയ്യാറെടുക്കാനും അദ്ദേഹം തൊഴിലാളികളെ ആഹ്വാനം ചെയ്തു.

സംസ്ഥാനത്ത് സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ നടന്ന വിപുലമായ പണിമുടക്ക് തയ്യാറെടുപ്പിൽ എല്ലാ ജില്ലകളിലും എഐയുറ്റിയുസി സജീവമായി പങ്കെടുക്കുകയുണ്ടായി. ജനുവരി 8 ന് തിരുവനന്തപുരത്ത് നടന്ന തൊഴിലാളി റാലിയിൽ സംസ്ഥാന പ്രസിഡണ്ട് ആർ. കുമാർ, സെക്രട്ടറി വി.കെ.സദാനന്ദൻ, ട്രഷറർ കെ.ഹരി എന്നിവർ നേതൃനിരയിൽ ഉണ്ടായിരുന്നു. കൊല്ലത്ത് സംസ്ഥാന വൈസ് പ്രസിഡണ്ട് ഷൈല കെ.ജോൺ, ജില്ലാ സെക്രട്ടറി ബി.വിനോദ്, പത്തനംതിട്ടയിൽ ജില്ലാ സെക്രട്ടറി കെ.ജി.അനിൽകുമാർ, ആലപ്പുഴയിൽ സംസ്ഥാന വൈസ് പ്രസിഡണ്ട് എസ്.സീതിലാൽ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.എ.ബിന്ദു, ജില്ലാ പ്രസിഡണ്ട് കെ.ആർ. ശശി, സെക്രട്ടറി പി.ആർ. സതീശൻ എന്നിവർ എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് നേതൃത്വം നൽകി.

കോട്ടയത്ത് സംയുക്ത ട്രേഡ് യൂണിയൻ സമിതി ജില്ലാ കൺവീനറും എഐയുറ്റിയുസി ജില്ലാ സെക്രട്ടറിയുമായ വി.പി. കൊച്ചുമോൻ, ജില്ലാ പ്രസിഡണ്ട് കെ.പി. വിജയൻ, ഇടുക്കിയിൽ ജില്ലാ പ്രസിഡണ്ട് എം.എൻ.അനിൽ, സെക്രട്ടറി സിബി സി. മാത്യു, ഏറണാകുളത്ത് സംസ്ഥാന വൈസ് പ്രസിഡണ്ടുമാരായ എൻ.ആർ. മോഹൻ കുമാർ, പി.എം.ദിനേശൻ, കെ.എസ്.ഹരികുമാർ, തൃശൂരിൽ ജില്ലാ പ്രസിഡണ്ട് ഒ.കെ.വൽസലൻ, സെക്രട്ടറി ബെന്നി ബോണിഫസ്, പാലക്കാട് സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.അബ്ദുൾ അസീസ് ജില്ലാ സെക്രട്ടറി കെ.പ്രദീപ്, കോഴിക്കോട് ജില്ലാ പ്രസിഡണ്ട് എം.കെ.രാജൻ, സെക്രട്ടറി പി.എം. ശ്രീകുമാർ, കണ്ണൂരിൽ ജില്ലാ പ്രസിഡണ്ട് എം.കെ. ജയരാജൻ സെക്രട്ടറി അനൂപ് ജോൺ എന്നിവർ നേതൃത്വം നൽകി. ■




**അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുക, തൊഴിലില്ലായ്മ വേതനം പ്രതിമാസം 120 രൂപയിൽനിന്ന് 3000 രൂപയായി വർദ്ധിപ്പിക്കുക, സർക്കാർ അർദ്ധസർക്കാർ സർവ്വീസുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സുതാര്യമായി നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഐഡിവൈഒ ഫെബ്രുവരി 7ന് സംഘടിപ്പിച്ച യുവജനങ്ങളുടെ തൊഴിൽഭവൻ മാർച്ച്**

# നേതാജി ജന്മദിനം ആചരിച്ചു



ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ സന്ധിയില്ലാ സമരധാരയുടെ ഉജ്ജ്വല രാഷ്ട്രീയ നേതൃത്വമായിരുന്ന നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 123-ാമത് ജന്മദിനം രാജ്യമെമ്പാടും സമുചിതം ആചരിക്കുകയുണ്ടായി. സംസ്ഥാനത്ത് എസ്‌യുസിഐ(സി)യുടെയും എഐഡിവൈഒയുടെയും ജനകീയ പ്രതിരോധ സമിതിയുടെയും മറ്റും ആഭിമുഖ്യത്തിൽ നിരവധി ആചരണപരിപാടികൾ കൈക്കൊണ്ടു.

**കുണ്ടറ**

നേതാജി ജന്മദിനാചരണത്തിന്റെ ഭാഗമായി ജനുവരി 23ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കുണ്ടറ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കുണ്ടറ മുക്കടയിൽ നേതാജി അനുസ്മരണ പൊതുയോഗം സംഘടിപ്പിച്ചു. എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് കെ.ബിമൽജി മുഖ്യപ്രഭാഷണം നടത്തി.

ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് ബി.രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റി അംഗം സഖാവ് എസ്.രാഘവൻ, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജയിംസ്, സഖാവ് പഴങ്ങാലം ബദറുദ്ദീൻ, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് ആർ. രാഹുൽ എന്നിവർ പ്രസംഗിച്ചു. സഖാവ് സദാനന്ദൻ പിള്ള സ്വാഗതവും സഖാവ് രാജേന്ദ്രൻ നന്ദിയും പറഞ്ഞു.

**കായംകുളം**

നേതാജിയുടെ 123-ാം ജന്മദിനത്തിൽ സോഷ്യൽ ഫോറവും ജനകീയ പ്രതിരോധ സമിതിയും സംയുക്തമായി കായംകുളത്ത് സംഘടിപ്പിച്ച പരിപാടിയിൽ സോഷ്യൽ ഫോറം പ്രസിഡന്റ് അഡ്വ.ഒ.ഹാരിസ് അധ്യക്ഷത വഹിച്ചു.

പ്രമുഖ വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തകനായ ചുനക്കര ജനാർദ്ദനൻ നായർ സംഗമം ഉദ്ഘാടനം ചെയ്തു. ആർ.പാർത്ഥസാരഥി വർമ്മ, ബി.ദിലീപൻ, ഉദയകുമാർ ചേരാവള്ളി, മഖ്ബൂൽ മുട്ടാണിശ്ശേരി, എൻ.കെ.മുജീബ്, നൗഫൽ ചെമ്പകപ്പള്ളി, നിസാംസാഗർ, എൻ.ആർ.അജയകുമാർ, താഹ, അനിൽപ്രസാദ്, മുരളി മുട്ടം, കെ.ശിവൻകുട്ടി, കെ.ആർ. ഓമനക്കുട്ടൻ, മോൻസി ഡാനിയൽ, പ്രവീൺ കുമാർ, റോസാ, ഏ.മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു.

**ആലപ്പുഴ**

എഐഡിവൈഒ ആലപ്പുഴ ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നേതാജി അനുസ്മരണ വാഹനജാഥ സംഘടിപ്പിച്ചു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ.ബിമൽജി ക്യാപ്റ്റനായ ജാഥയിൽ സംസ്ഥാനക്കമ്മിറ്റിയംഗം ടി.ഷിജിൻ, ജില്ലാ കമ്മിറ്റിയംഗങ്ങൾ കെ.ജി.അനീഷ് കുമാർ, എസ്.ഉണ്ണിമേൻ എന്നിവർ പ്രസംഗിച്ചു. ചെങ്ങന്നൂരിൽ നടന്ന സമാപന സമ്മേളനത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് മുഖ്യ പ്രസംഗം നടത്തി.

**പാമ്പാടി**

പാമ്പാടി, വെള്ളൂരിൽ എഐഡിവൈഒ സംഘടിപ്പിച്ച നേതാജി അനുസ്മരണ യോഗത്തിൽ സഖാവ് ഇ.വി.പ്രകാശ് മുഖ്യ പ്രസംഗം നടത്തി. യോഗത്തിൽ റെലേഷ് ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് രജിത ജയറാം, സെക്രട്ടറി അനില ബോസ്, സംസ്ഥാനക്കമ്മിറ്റിയംഗം അരവിന്ദ് വേണുഗോപാൽ, എസ്‌യുസിഐ (സി) പാമ്പാടി ലോക്കൽ കമ്മിറ്റിയംഗം എം.വി.ചെറിയാൻ, സുരേഷ് കുമാർ, പ്രതീഷ് ജയിംസ് എന്നിവർ പ്രസംഗിച്ചു.

**തിരുവനന്തപുരം**

തിരുവനന്തപുരം വിദ്യാസാഗർ സാംസ്കാരിക കേന്ദ്രത്തിൽ സംഘടിപ്പിച്ച അനുസ്മരണ ചർച്ചയിൽ സഖാവ് എസ്. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ചർച്ച നയിച്ചു. ജില്ലാ സെക്രട്ടറി വി.സുജിത്ത്, എ.ഷൈജു, എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് എമിൽ ബി.എസ് സ്വാഗതവും ജില്ലാ പ്രസിഡന്റ് സഖാവ് ഗോവിന്ദ് ശശി നന്ദിയും പറഞ്ഞു. ■

# സെക്രട്ടേറിയറ്റിലേക്ക് ആശാ വർക്കർമാരുടെ പ്രതിഷേധ മാർച്ച്



സെക്രട്ടേറിയറ്റ്മാർച്ച് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

ആശാവർക്കർമാരുടെ മിനിമം വേതനം 21,000 രൂപയായി വർദ്ധിപ്പിക്കുക, എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ വേതനം കൃത്യമായി നൽകുക, അന്യായമായ ഉപാധികൾവെച്ച് വേതനം വെട്ടിക്കുറയ്ക്കുന്ന നടപടി അവസാനിപ്പിക്കുക, ആശാവർക്കർമാരെ ആരോഗ്യ മേഖലയിൽ സ്ഥിരം ജീവനക്കാരായി നിയമിക്കുക, ആശാവർക്കർമാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക, ഫീൽഡ് പ്രവർത്തനങ്ങൾക്കിടയിൽ ആശാവർക്കർമാരെ കൈയേറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുക, നിശ്ചയിച്ചിട്ടില്ലാത്ത ജോലികൾ അടിച്ചേൽപ്പിക്കുന്ന നടപടി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ആഭിമുഖ്യത്തിൽ ജനുവരി 31ന് ആശാ വർക്കർമാരുടെ സെക്രട്ടേറിയറ്റ് മാർച്ച് നടന്നു.

രാവിലെ 11 മണിക്ക് പാളയം രക്തസാക്ഷി മണ്ഡപത്തിനു മുന്നിൽ നിന്നും ആരംഭിച്ച മാർച്ചിൽ വിവിധ ജില്ലകളിൽ നിന്നുള്ള ആശാ പ്രവർത്തകർ പങ്കെടുത്തു. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി അഡ്വ.എം.എ.ബിന്ദു അദ്ധ്യക്ഷത വഹിച്ചു. എഐഎംഎസ്എസ് അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് ഷൈല കെ.ജോൺ, വിജി പ്രഭാകരൻ, എ.സഹിദ, ഷൈനി, കെ.ജയശ്രീ, ശോഭ പെരുങ്കടവിള, ലതാകുമാരി മലയൻകീഴ്, ടിങ്കിൾ പ്രഭാകരൻ, ആശാ രാജ്, കെ.പി.സുബൈദ, കെ.കെ.ശോഭ എന്നിവർ പ്രസംഗിച്ചു. കൺവീനർ എസ്.മിനി സ്വാഗതവും എ.സബൂറ നന്ദിയും പറഞ്ഞു. ■

# വിദ്യാഭ്യാസ വായ്പയെടുത്തവർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

വിദ്യാഭ്യാസ വായ്പയെടുത്ത് പഠനം പൂർത്തിയാക്കി വർഷങ്ങൾ പിന്നിട്ടിട്ടും ജോലി ലഭിക്കാത്തതിനെ തുടർന്ന് വായ്പയുടെ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായവർ ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി.

2018-19ലെ സംസ്ഥാന ബജറ്റിൽ വിദ്യാഭ്യാസ വായ്പ തിരിച്ചടക്കൽ സഹായ പദ്ധതിക്കായി 900 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും സർക്കാരിന്റെ അശാസ്ത്രീയമായ നിബന്ധനകൾമൂലം വായ്പയെടുത്ത ബഹുഭൂരിപക്ഷം പേർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചില്ല. ബാങ്കുകളാകട്ടെ ജപ്തിഭീഷണിയും നിയമനടപടിയുമായി മുന്നോട്ടുപോകുകയാണ്. ഈ സാഹചര്യത്തിൽ 2020-21 ലെ സംസ്ഥാന ബജറ്റിൽ അനുകൂലമായ നടപടി ഉണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് രക്ഷിതാക്കളും വിദ്യാർത്ഥികളും സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തിയത്.

പാളയം രക്തസാക്ഷി മണ്ഡപത്തിനു സമീപത്തുനിന്നും ആരംഭിച്ച മാർച്ചിൽ നൂറുക്കണക്കിന് ആളുകൾ അണിനിരന്നു. ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് മാർച്ച് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി എസ്.മിനി, സംസ്ഥാന വൈസ് പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, കെ.ജെ.ഷീല, ഗോപകുമാർ പത്തനാപുരം, മേരി എബ്രഹാം, എസ്.രാധാമണി തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി. തുടർന്ന് മുഖ്യമന്ത്രിക്കും ധനകാര്യമന്ത്രിക്കും നിവേദനം നൽകി. ■

# എഐഡിഎസ്ഒ ജനാധിപത്യ-മതേതര സംരക്ഷണ വാരം ആചരിച്ചു

രാജ്യത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുന്ന ദേശീയ പൗരത്വ നിയമ ഭേദഗതി നിയമം പിൻവലിക്കണമെന്നും വിദ്യാർത്ഥികളുടെ ജനാധിപത്യ സമരങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്നും വിദ്യാഭ്യാസമേഖലയുടെ സമ്പൂർണ്ണ വർഗ്ഗീയവത്കരണവും വാണിജ്യവൽക്കരണവും ലക്ഷ്യം വെച്ചുകൊണ്ടുള്ള 'ദേശീയ വിദ്യാഭ്യാസ നയം 2019', 'ദേശീയ മെഡിക്കൽ കമ്മീഷൻ' എന്നിവ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനാചരണത്തിന്റെ ഭാഗമായി ഓൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ ജനുവരി 23 മുതൽ 29 വരെ അഖിലേന്ത്യാ തലത്തിൽ ജനാധിപത്യ-മതേതര സംരക്ഷണ വാരമായി ആചരിച്ചു.




എറണാകുളം ടെലഫോൺ എക്സ്ചേഞ്ച് മാർച്ച് സഖാവ് പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്യുന്നു

### എറണാകുളം ടെലഫോൺ എക്സ്ചേഞ്ച് മാർച്ച്

ജനാധിപത്യ-മതേതര സംരക്ഷണ വാരാചരണത്തിന്റെ ഭാഗമായി ജനുവരി 18ന് എറണാകുളം ടെലഫോൺ എക്സ്ചേഞ്ച് മാർച്ചും പ്രതിഷേധയോഗവും സംഘടിപ്പിച്ചു.

എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് നിഖിൽ സജി തോമസ് അധ്യക്ഷത വഹിച്ച യോഗം, സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി നിലീന മോഹൻകുമാർ, ജില്ലാ ജോയിന്റ് സെക്രട്ടറി നിള മോഹൻകുമാർ, ജില്ലാ വൈസ് പ്രസിഡൻറ് ശരത് ഷാൻ എന്നിവർ പ്രസംഗിച്ചു.

വാരാചരണത്തിന്റെ മുന്നോടിയായി ജില്ലയിൽ ജനുവരി 16,17 തീയതികളിൽ വാഹനജാഥയും സംഘടിപ്പിച്ചു.

### ആലപ്പുഴയിൽ മതേതര-ജനാധിപത്യ വിദ്യാർത്ഥി സംഗമം

എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 25ന് മതേതര-ജനാധിപത്യ വിദ്യാർത്ഥി സംഗമം നടത്തി. ആലപ്പുഴ നഗരത്തിൽ നടന്ന സംഗമം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു.

എഐഡിഎസ്ഒ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.അലീന അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി വി.പി.വിദ്യ, ജോയിന്റ് സെക്രട്ടറിമാരായ അലീന റോയി, അഭിരാമി സ്വാമിനാഥൻ, സംസ്ഥാന കമ്മിറ്റിയംഗം ഡോ.തുഷാര തോമസ്, എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി അംഗം ടി.മുരളി എന്നിവർ പ്രസംഗിച്ചു. സംഗമത്തോട് അനുബന്ധിച്ച് നടന്ന കരാട്ടെ പ്രദർശനത്തിന് എസ്.ശ്രീനാഥ്, എസ്.ചന്ദ്രശേഖർ, നവീൻ കോശി എന്നിവർ നേതൃത്വം നൽകി. സമരഗാനസദസിൽ ജി.അനുരാധ, റോസ അജയകുമാർ, എ.തിങ്കൾ, സതീലക്ഷ്മി, ജി.അനിരുദ്ധ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. മുട്ടം നേതാജി സാമൂഹിക-സാംസ്കാരിക പഠനകേന്ദ്രത്തിന്റെ സഹകരണത്തോടെ 'ബോസ് ദ ഫോർഗട്ടൻ ഹീറോ' എന്ന ചലച്ചിത്രം പ്രദർശിപ്പിച്ചു. സംഗമത്തിന് മുന്നോടിയായി നടന്ന നേതാജി ജയന്തിറാലിക്ക് അപർണ അനിൽ, ശ്രുതി സുഭാഷ്, എം.അരവിന്ദ്, സത്യജിത്ത് എന്നിവർ നേതൃത്വം നൽകി.




അഡ്വ.വി.കെ.സത്യവാൻനായർ തിരുവാർപ്പിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

### നേതാജി റാലിയും പൊതുസമ്മേളനവും

വാരാചരണത്തിന്റെ ഭാഗമായി ജനുവരി 25ന് കോട്ടയം ജില്ലയിൽ തിരുവാർപ്പിൽ നിന്ന് ഇല്ലിക്കലിലേയ്ക്ക് നേതാജി റാലിയും പൊതുസമ്മേളനവും നടത്തി. പൊതുസമ്മേളനം അഡ്വ.വി.കെ.സത്യവാൻ നായർ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ എഐഡിഎസ്ഒ കോട്ടയം ജില്ലാ കമ്മിറ്റിയംഗം സഖാവ് റലേഷ് ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ജി.എസ്.ശാലിനി, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് എന്നിവർ സംസാരിച്ചു. വാരാചരണത്തോടനുബന്ധിച്ച് ജില്ലയിൽ ഒപ്പുശേഖരണവും പ്രതിഷേധ യോഗങ്ങളും സംഘടിപ്പിച്ചു. ചങ്ങനാശ്ശേരിയിൽ തെങ്ങണായിൽ സംഘ ചിത്രരചനയും പൊതുയോഗവും നടന്നു.




പ്രൊഫ.എ.എം.ഷിനാസ് കോഴിക്കോട് മതേതര-ജനാധിപത്യ സംഗമം ഉദ്ഘാടനം ചെയ്യുന്നു

### കോഴിക്കോട് മതേതര-ജനാധിപത്യ സംഗമം

എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ ജനുവരി 30ന് കോഴിക്കോട് മതേതര-ജനാധിപത്യ സംഗമം സംഘടിപ്പിച്ചു. പ്രൊഫ. എ.എം.ഷിനാസ് സംഗമം ഉദ്ഘാടനം ചെയ്തു.

സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന സംഗമത്തിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് അധ്യക്ഷനായിരുന്നു. ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി, സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.അലീന, ജില്ലാ സെക്രട്ടറി കെ.റഹീം, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എ.ശേഖർ എന്നിവർ പ്രസംഗിച്ചു. എഐഡിഎസ്ഒ ഗായകസംഘം സമരഗാനങ്ങൾ ആലപിച്ചു. ■

Date of publishing 01/02/2020
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

February 2020
Vol.46 No.11
Price : Rs 5.00

# അഖിലേന്ത്യ വനിതാസമ്മേളനം കൽക്കത്തയിൽ

**അ**ഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംഘടിപ്പിച്ച നാലാമത് അഖിലേന്ത്യ വനിതാ സമ്മേളനം ജനുവരി 21,22,23 തീയതികളിൽ കൽക്കത്തയിൽ നടന്നു. സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെയും സാംസ്കാരിക തകർച്ചയ്ക്കെതിരെയും ദേശവ്യാപകമായി നടന്നുവരുന്ന പ്രചാരണപ്രക്ഷോഭണങ്ങൾ ഒരു ഘട്ടം പൂർത്തീകരിച്ചുകൊണ്ടാണ് സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്. ഒപ്പം മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കുന്ന പൗരത്വനിയമഭേദഗതിക്കെതിരെ രാജ്യവ്യാപകമായി നടന്നുവരുന്ന പ്രക്ഷോഭങ്ങൾ, വിശേഷിച്ചും സ്ത്രീകളുടെ മുൻകൈയിൽ നടന്നുവരുന്ന പ്രക്ഷോഭങ്ങളെ ശക്തിപ്പെടുത്താനുള്ള ആഹ്വാനവുമായിരുന്നു സമ്മേളനം.

ജനുവരി 21ന് മൗലാലി രാംലീല പാർക്കിൽ നടന്ന പൊതുസമ്മേളനം മേധാ പട്കർ ഉദ്ഘാടനം ചെയ്തു. എൻആർസിക്കെതിരായ പോരാട്ടം കാലഘട്ടത്തിന്റെ ആഹ്വാനമാണ് എന്ന് മേധാ പട്കർ അഭിപ്രായപ്പെട്ടു. ജനങ്ങളെ സംബന്ധിച്ചിടത്തോളം എൻആർസി എന്നത് അഴിമതിക്കും വർഗ്ഗീയതയ്ക്കും മുതലാളിത്തത്തിനുമെതിരായ പോരാട്ടമാണ്. (*NRC National Resistance aganist Communalism, Corruption and Capitalsim*). സിഎഎ ജനങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുവാനുള്ള ദുഷ്ട നീക്കമാണ്. എൻആർസിയും സിഎഎയും എൻപിആറും പിൻവലിക്കുംവരെയായിരിക്കണം നമ്മുടെ പ്രക്ഷോഭം. രാജ്യത്തിന്റെ മുക്കിലും മൂലയിലും ജനങ്ങൾ ഇന്ന് തെരുവിലാണ്. ഈ പ്രക്ഷോഭത്തിന്റെ മുൻനിരയിൽ സ്ത്രീകളും പെൺകുട്ടികളുമാണ് എന്നത് ഏറെ പ്രതീക്ഷാനിർഭരവും ആവേശദായകവുമാണ്. ഈ പോരാട്ടങ്ങളാണ് സ്ത്രീകൾക്ക് ആത്മവിശ്വാസം നൽകുന്നത്. സ്ത്രീകൾ ഇന്ന് കടന്നുപോകുന്ന നിരവധിയായ പ്രശ്നങ്ങൾക്കുള്ള ഉത്തരവും ഈ പോരാട്ടങ്ങളാണ്. ആനുകാലിക രാഷ്ട്രീയ സാഹചര്യങ്ങൾ വിശകലനം ചെയ്യവേ അതിസമ്പന്നരും ദരിദ്രരും തമ്മിൽ വർദ്ധിച്ചുവരുന്ന അസമത്വം ചൂണ്ടിക്കാണിച്ച മേധാ പട്കർ കേന്ദ്ര സർക്കാരിന്റെ കുത്തകാനുകൂല നയങ്ങളെ രൂക്ഷമായി വിമർശിച്ചു. ഈശ്വരചന്ദ്ര വിദ്യാസാഗർ, സാവിത്രി ബായ്ഫൂലെ തുടങ്ങിയ മഹാരഥന്മാരുടെ സംഭാവനകളും മേധാ പട്കർ അനുസ്മരിക്കുകയുണ്ടായി.




**എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പ്രതിനിധി സമ്മേളനത്തിൽ സമാപന പ്രസംഗം നടത്തുന്നു**

ജനുവരി 21ന് എസ്പ്ലനേഡിലെ വൈ ചാനലിൽനിന്നും ആരംഭിച്ച പ്രകടനത്തോടെയാണ് സമ്മേളന നടപടികൾക്ക് തുടക്കമായത്. 22 സംസ്ഥാനങ്ങളിൽ നിന്നുമായി ആയിരക്കണക്കിന് വനിതകൾ അണിനിരന്ന പ്രകടനം, എസ്പ്ലനേഡിലെ ലെനിൻ പ്രതിമയ്ക്കുമുന്നിൽ പുഷ്പാർച്ചന നടത്തിക്കൊണ്ടാണ് ആരംഭിച്ചത്. എഐഎംഎസ്എസ് അഖിലേന്ത്യ പ്രസിഡന്റ് ഛായ മുഖർജി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കൽപ്പന ദത്ത് സ്വാഗതം ആശംസിച്ചു. രൂണു പുർക്കായത്ത് കൃതജ്ഞത രേഖപ്പെടുത്തി. എഐഎംഎസ്എസ് അഖിലേന്ത്യ സെക്രട്ടറി കെയാ ഡേ, വൈസ് പ്രസിഡന്റ് ഡോ.സുധ കമ്മത്ത്, എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ മെമ്പർ സഖാവ് സുമൻ ബോസ്, ഛബി റാണി മൊഹന്തി, ബംഗ്ലാദേശിൽനിന്നെത്തിയ പ്രതിനിധി സിമാ ദത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

ജനുവരി 22, 23 തീയതികളിൽ ഹൗറ ശരത് സദനിൽ പ്രതിനിധി സമ്മേളനം നടന്നു. ആനുകാലിക സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങൾ വിശദമായി ചർച്ചയ്ക്കെടുത്ത മുഖ്യ പ്രമേയവും, തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ലക്ഷ്യവും മാർഗ്ഗവും വ്യക്തമാക്കുന്ന സംഘടനാ പ്രമേയവും, സ്ത്രീവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ തൊഴിൽ നിയമഭേദഗതികൾക്കെതിരായ പ്രമേയവും, അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ചർച്ചചെയ്തുകൊണ്ടുള്ള പ്രമേയവും വിശദവും സജീവവുമായ ചർച്ചകൾക്കൊടുവിൽ ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ടു.

ജനുവരി 23ന്, നേതാജി സുഭാഷ് ചന്ദ്രബോസ് ജയന്തിയോടനുബന്ധിച്ച് നടന്ന പ്രത്യേക പരിപാടിയിൽ നേതാജിയുടെ ചിത്രത്തിൽ ഹാരാർപ്പണവും ഗാനസദസ്സും നടന്നു. സമാപനസമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സമാപന സന്ദേശം നൽകി. എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗങ്ങൾ സഖാക്കൾ കെ.ഉമ, ചന്ദ്രലേഖ ദാസ്, ബംഗ്ലാദേശ് പ്രതിനിധി അസ്മ അക്തർ എന്നിവരും പ്രസംഗിച്ചു. കെയാ ഡേ(ഝാർഖണ്ഡ്) പ്രസിഡന്റും ഛബി റാണി മൊഹന്ദി(ഒഡീഷ) സെക്രട്ടറിയുമായി 103 അംഗ കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. ■



**മേധാ പട്കർ കൽക്കത്തയിൽ അഖിലേന്ത്യാ വനിതാസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു**




Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.